Sri. D. Gnanasigamoni : In view of the fact that the Government have accepted the Principle underlying the resolution I do not press it.

Mr. Speaker : The second resolution stands in the name of Mr. Nataraja Pillai. As he is not present, Mr. Abdul Majid will move the next resolution standing in his name.

Sri. Abdul Razak : May I bring one fact to the notice of the Chair. During the last sitting of the Assembly, a resolution that was marked for the first day of the two non official days was allotted to be debated on the succeeding day also for the second day. In consideration of that Mr. Kunjithommen may be allowed to move his resolution now.

Mr. Speaker : The relevant rule is as follows :

Standing Order.—

9. (1) A list of business for the day shall be prepared by the Secretary, and a copy thereof shall be made available for the use of every member.

(2) Save as otherwise provided in the Ruels or these Standing Orders, no business not included in the list of business for the day shall be transacted at any meeting without the leave of the President.

(3) Save as otherwise provided by the Rules or Standing Orders, no business requiring notice shall be set down for a day earlier than the day after that on which the period of the notice necessary for that class of business expires.

(4) Unless the President otherwise directs, not more than five resolutions (in addition to any resolution which has been commenced on, and is outstanding from, a previous day) shall be set down in the list of business for any day allotted for the disposal of non-official resolutions.

In the light of this there has been no possibility of any infringment of the rule. So I call upon Mr. Majid to move his resolution.

Resolution regarding coir industry

ശ്രീ. അബ്ദുൽ മജീദ്: സർ, ഞാൻ ഈ സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയം ഇതാണ്. "തിരുവിതാംകൂറിൽ അധഃപതിച്ചുകൊണ്ടിരുന്ന കയർ വ്യവസായം, കയർ പിരിച്ചുകൊണ്ടിരിക്കുന്ന ഇടത്തരം തൊഴിലാളികൾ മാത്രം ഓഹരിക്കാരായിരിക്കുന്ന സഹകരണസംഘങ്ങൾ മുഖേന നടത്തുന്നതിനു് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നു ഈ യോഗം ഗവൺമെണ്ടിനോടുപേക്ഷിക്കുന്നു."

ഈ പ്രമേയം ഈ സഭയുടെ അംഗീകരണത്തിന്നായി സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ യൂണിയൻ ഗവൺമെണ്ടിനെ അഭിമുഖീകരിച്ചിരിക്കുന്ന ഇത്തരം പ്രശ്നങ്ങൾ അനവധിയുണ്ടു്. എന്നാൽ വളരെ തൊഴിലാളികളെ കൂടുതലധികം തൊഴിലെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണു് കയർവ്യവസായികം അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു പരിഹാരമുണ്ടാക്കുക എന്നുള്ളതു്. അങ്ങിനെയുള്ള കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ സങ്കടത്തിനു് പരിഹാരമുണ്ടാക്കേണ്ടതാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. ഈ യൂണിയനിലെ എല്ലാ പ്രദേശങ്ങളേയും പൊതുവായി ബാധിക്കുന്ന ഈ വ്യവസായത്തിന്റെ പേരിൽ ഈ സഭയുടെ സകല ശക്തികളും ഉപയോഗിച്ചു ഈ പ്രമേയത്തെ അനുകൂലിക്കണമെന്നപേക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, വയ്ക്കം, അമ്പലപ്പുഴ. ചേർത്തല, പറവൂർ, കൊടുങ്ങല്ലൂർ, കണയന്നൂർ തുടങ്ങിയ ഫർ താലൂക്കുകളിലെ ഏറ്റവും പ്രധാനപ്പെട്ട ഈ കടിൽവ്യവസായം ഇന്നു അധഃപതിച്ചുകൊണ്ടു് വരുന്നതിനാൽ ആ കായ്ത്തിൽ ഗവൺമെണ്ടിന്റെ സത്വരമായ നടപടികൾ നടത്തുന്നുണ്ടെന്നു അടുത്തകാലത്തു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. എങ്കിലും അതിനുവേണ്ട നടപടികൾ ഉടനെ എടുക്കുന്ന കായ്ത്തിൽ ഗവൺമെണ്ടു് പ്രബലമായ ശ്രമം ചെയ്യേണ്ടതാണെന്നപേക്ഷിക്കുവാനാണു് ഞാൻ ഈ പ്രമേയം ഹാജരാക്കിയിരിക്കുന്നതു്. ഏകദേശം അഞ്ചുലക്ഷത്തോളം തൊഴിലാളികൾ ഉൾപ്പെട്ട ജോലിചെയ്യുന്ന ഒരു വ്യവസായമാണു് ഇതെന്നു പറയുമ്പോൾ അതിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്നു മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതുവഴി ഏതാണ്ടു് ഫ ൦ കോടി രൂപായോളം യൂണിയൻ ഗവൺമെണ്ടിനു് സമ്പാദിക്കുവാൻ കഴിയുന്നതാണു്. എന്നാൽ യുദ്ധകാലത്തെ അപേക്ഷിച്ചു ഇപ്പോൾ ഈ വ്യവസായത്തിനു് അധഃപതനമാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ അധഃപതനം ആ വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായത്തിലേപ്പെട്ടിരിക്കുന്ന തൊഴിലാളികളേയും മുതലാളിമാരേയും ഒഴിച്ചാൽ ഇടത്തര ക്കാരായി ശേഷിക്കുന്നവരെയാണു് കൂടുതലായി ബാധിച്ചിരിക്കുന്നതു്. തൊണ്ടിനു് എ താണ്ടു് നാലഞ്ചുമാസങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ വില വർദ്ധിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള വിലവർദ്ധനവും തൊഴിലില്ലായ്മയും നിമിത്തം ഈ തൊഴിലിലേർപ്പെട്ടിരുന്ന വർ മിക്കവാറും നാടും വീടും വിട്ടു അന്യരാജ്യങ്ങളിലേക്കു പോകുവാനിടയായിട്ടുണ്ടു്; അങ്ങിനെ ഈ വ്യവസായം ഇന്നു താനേമാറായിപോയിട്ടുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി അതിനുവേണ്ട നിവാരണമുണ്ടാക്കുന്ന കാര്യത്തിൽ ഈ സഭ ശ്രദ്ധിക്കണമെന്നപേക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇന്നു് വൻകിട വ്യവസായങ്ങളിലേപ്പെട്ടിരിക്കുന്ന ആളുകൾ ഇത്തരം ചെറുവ്യവസാ യങ്ങളിലേപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ആലപ്പുഴ യിലുള്ള ചില വൻകിട വ്യവസായികൾ യൂണിയൻ ഗവൺമെണ്ടു് വന്നതിനുശേഷം അവ രുടെ ഇഷ്ടംപോലെ മാക്കറുകൾ നിശ്ചയിച്ചു സാധുക്കളിൽനിന്നു വില ഈടാക്കിവരുന്ന സമ്പ്രദായം ധാരാളമായി നടന്നുകൊണ്ടിരിക്കുന്നു. ഇന്നു കല്ലൂട്ടു, ബമ്മു മുതലായ പ്രദേശ ങ്ങളിൽ ഇവിടെയുണ്ടാക്കപ്പെടുന്ന കയറിന്റെ നൂ ൽ ശതമാനത്തിലധികം ചിലവാക്കി വരുന്നുണ്ടു്. ചെറുതരം വ്യവസായികൾ പിരിച്ചുവരുന്ന വണ്ണം കുറഞ്ഞ കയറു് അവിടെ വില കുറച്ചു വിൽക്കുവാൻ അവർ ശ്രമിക്കുന്നുണ്ടു്. ശരിയായ മാക്കറില്ലാതേയും സാമ്പ ത്തികമായ നിലയിൽ സഹായമില്ലാതേയും അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായ ത്തിന്റെ കാര്യത്തിൽ പരിഹാരമുണ്ടാക്കുവാനാണു് ഈ സഭ മുൻകയ്യെടുത്തു പരിശ്രമിക്കേ ണ്ടതെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു: ഗവൺമെണ്ടും ഇക്കാര്യത്തിൽ വേണ്ടത്ര ശ്ര ദ്ധിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. നൂൽ നൂൽപ്പു് അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി ആക്ടു് നടപ്പിൽ വരുത്തിയിട്ടുള്ളതുപോലെതന്നെ കയർ വ്യവസായത്തിന്റെ പരിപുഷ്ടി മായ അഭിവൃദ്ധിക്കവേണ്ടിയും ഒരു ആക്ടു് ഈ സഭയിൽ കൊണ്ടുവന്നു പാസ്സാക്കേണ്ടിയിരി ക്കുന്നു. യഥാർത്ഥത്തിൽ വൻകിട വ്യവസായികളായ മുതലാളിമാർ ചെറുതരം വ്യവസായി കളേയും തൊഴിലാളികളേയും ക്രമേണ ചൂഷണം ചെയ്യുന്നുണ്ടു്.

തിരുവനന്തപുരം, ചിറയിൽകീഴു്, കൊല്ലം മുതലായ താലൂക്കുകളിലാണു് ഈ വ്യവ സായത്തിലേപ്പെട്ടിരിക്കുന്ന ആളുകൾ ധാരാളമുള്ളതു്. വൻകിട വ്യവസായികൾ പണം മുടക്കി അതിൽ ചെറുതരം വ്യവസായികളെകൊണ്ടു് ജോലിചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ തൊണ്ടിനു് വില വർദ്ധിച്ചിട്ടുണ്ടു്. ചെറുതരം വ്യവസായികൾക്കു തൊണ്ടുകിട്ടാതെ വിഷമിക്കേണ്ടിവരുന്നതിനാൽ പലപ്പോഴും അവർ വലിയ വ്യവസായികളിൽ നിന്നും പണം കടം വാങ്ങേണ്ടതായിവരുന്നു. അതുകൊണ്ടു് തൊണ്ടിന്റെ വിലനിയ ന്ത്രിച്ചുപ്പെടുത്തുന്നപക്ഷം അതു് ഇത്തരം ചെറുവ്യവസായികൾക്കു വലിയ സഹായമായിരി ക്കുന്നതാണു്. ചെറുവ്യവസായികൾ എല്ലാംതന്നെ യാതൊരു ഗതിയുമില്ലാതെ കഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണു് വന്നുകൂടിയിരിക്കുന്നതു്.

ബോംബെ, കല്ലൂട്ടു മുതലായ മാക്കറുകളിൽ കയർ ധാരാളമായി വിറ്റ ഴിക്കാൻ സൗകര്യം കിട്ടിയതുകൊണ്ടാണു്, തൊണ്ടിന്റെ വില ഈ വിധത്തിൽ വർദ്ധിച്ചി ട്ടുള്ളതു്. സാധുക്കളെക്കൊണ്ടു് വേലചെയ്യിച്ചു വലിയ ലാഭം എടുക്കുന്നതു് ഇടത്തരക്കാരും വലിയ മുതലാളിമാരുമാണു്. ഇവരിൽനിന്നും സാധുക്കളെ രക്ഷിക്കുന്നതിനുള്ള ഒരു പോം വഴി കണ്ടുപിടിക്കാതെ തരമില്ല. ഈവക കാര്യങ്ങൾക്കുവേണ്ടി എനിക്കുള്ള അഭിപ്രായ ത്തെ ഇവിടെ രേഖപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നു. സർ, നമ്മുടെ നാട്ടിൽ പല വിധത്തിലുള്ള കോവാപ്പറേട്ടീവു് സൊസൈറ്റികളുണ്ടു്. കയറുതൊഴിലാളികൾക്കുവേ ണ്ടി ശരിയായ അടിസ്ഥാനത്തിൽ ഓരോ സൊസൈറ്റികൾ അവിടവിടെ എടുപ്പെടുത്തുന്നതു പലവിധത്തിലും ആശ്വാസപ്രദമാണെന്നുള്ളതു് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറി യാവുന്നതാണു്. അങ്ങിനെയുള്ള സൊസൈറ്റികൾ സംഘടിപ്പിച്ചു് ചെറുവ്യവസായിക ളേയും തൊഴിലാളികളേയും അതിൽ അംഗങ്ങളായി ചേർക്കയും, സൊസൈറ്റി മുഖാ ന്തിരം തൊണ്ടുവാങ്ങിക്കൊടുത്തു കയറുണ്ടാക്കിയും ആ കയറിനെ പുറരാജ്യങ്ങളിൽ അയച്ചു വില്ലിക്കയും ചെയ്യുന്ന ഒരു സമ്പ്രദായം നമ്മുടെ നാട്ടിൽ എടുപ്പെടുത്തുന്നതായാൽ സാധു ക്കൾക്കു വേലയും, ഗവൺമെണ്ടിനു് അതിൽനിന്നും ആദായവും കിട്ടുന്നതാണു്. അങ്ങിനെ സൊസൈറ്റി മുഖാന്തിരം പ്രവർത്തനം തുടങ്ങുമ്പോൾ വലിയ മുതലാളിമാർ അമിതവില

LIBRARY ARCHIVES Kerala Legislative Assembly

[Sri. Abul Majeed]

കൊടുത്തു തൊണ്ടുവാങ്ങാൻ മടിക്കയും തൻമൂലം നാട്ടിലുള്ള സാധുക്കൾക്കു ന്യായമായ വിലക്കു തേങ്ങ കിട്ടുകയും ചെയ്യുന്നതാണു്. ഒരു കയറുതൊഴിലാളിക്കു കഴിഞ്ഞ യുദ്ധകാലത്തു കിട്ടിക്കൊണ്ടിരുന്ന കൂലി ഏറ്റവും ചുരുക്കമായിരുന്നു. എന്നാൽ ഇപ്പോൾ കയറിന്റെ വില നൂറു രൂപയായിട്ടും, അതായതു മുൻപിലത്തേക്കാൾ വളരെ വില കൂടിയിട്ടും ഇന്നു ഒരു കയറുതൊഴിലാളിക്കു കിട്ടുന്ന കൂലി വെറും ഏഴു ചുരുക്കം മാത്രമാണു്. ഇന്നു തൊണ്ടിന്റെ വിലയും നൂറു രൂപയായി വർദ്ധിച്ചിരിക്കയാണു്. എന്നിട്ടും തൊഴിലാളിക്കു ഒരു കാര്യമായും കൂട്ടിക്കൊടുക്കാൻ ഭാവമില്ല. കയറിനു് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ ഇവിടത്തെ മുതലാളിമാർ തൊണ്ടിന്റെ വില കൂട്ടുന്നു. ഈ വിലകൂട്ടൽ അനുസരിച്ചു അവർക്കു ധാരാളം തൊണ്ടു കിട്ടുകയും അതു അവർ ശേഖരിക്കയും ചെയ്യുന്നതുനിമിത്തം ചെറുതരം വ്യവസായികളും തൊഴിലാളികളും തൊഴിലുകിട്ടാതെ വിഷമിക്കയും ചെയ്യുന്നു. എന്റെ നിയോജകമണ്ഡലത്തിൽ അതായതു ചിറയിൻകീഴു് താലൂക്കിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും തൊണ്ടും ചകരിയുംകൊണ്ടാണു് സാധുക്കൾ ജീവിതം കഴിക്കുന്നതു്. തൊഴിലിനുവേണ്ടി ആ സ്ഥലങ്ങളിൽനിന്നും അതിരാവിലെ അനവധി സാധുതൊഴിലാളികൾ കൂട്ടംകൂട്ടമായി റോഡിൽ അലഞ്ഞുതിരിയുന്നതു കണ്ടാൽ ഏതു മനുഷ്യന്റെ എടയവും തകർന്നുപോകും. പലപ്പോഴും ഈ കാഴ്ച എന്നെ വേദനപ്പെടുത്തിയിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് എന്തെങ്കിലും ഒരു പരിഹാരം ചെയ്യണമെന്നു ഞാൻ ഗവൺമെണ്ടിനോടു് അഭ്യർത്ഥിക്കുന്നതു്. ഞാൻ മുൻപു് പറഞ്ഞ സൊസൈറ്റികൾ ഏർപ്പെടുത്തി ഇവരെ സംഘടിപ്പിച്ചു് തൊഴിലിൽ ഏർപ്പെടുത്തേണ്ടതാണു്. അങ്ങിനെ ചെറുതരം വ്യവസായികളേയും തൊഴിലാളികളേയും രക്ഷിക്കാൻ സാധിക്കും.

ശ്രീ. ഇ. കെ. മാധവൻ: കൊവാപ്പറേട്ടിവു് സൊസൈറ്റിയിൽ അംഗങ്ങളായി ചേരേണ്ടതു് തൊഴിലാളികളും ചെറുതരം വ്യവസായികളുമോ അതൊ, തൊഴിലാളികളും പെറ്റി ബൂഷ്വാകളുമോ?

ശ്രീ. അബ്ദുൽ മജീദ്: ഇവരിൽ പെറ്റിബൂഷ്വാകൾ ഉണ്ടെന്നും അവരെ അംഗങ്ങളായി ചേർക്കണമെന്നും ഉള്ള വിചാരത്തിലല്ലാ ഞാൻ ഇതു് പറയുന്നതു്.

സർ, അതുകൊണ്ടു് എനിക്കു അവസാനമായി പറയുവാനുള്ളതു് ഈ കോവാപ്പറേട്ടിവു് സൊസൈറ്റിയെ നടപ്പിൽ വരുത്തുന്നതിനുവേണ്ടി വെയർഹൗസു് മുതലു് ഉടനടി ഊർജ്ജിതത്തിൽ വരുത്തണമെന്നാണു്. അതുകൂടാതെ വേണ്ടിവന്നാൽ സൊസൈറ്റിക്കു കടമായി ധനസഹായംകൂടി ചെയ്യുന്നതിൽ ഗവൺമെണ്ടു് തയ്യാറാകണമെന്നാണു് എനിക്കു ഒരു അഭ്യർത്ഥനയുള്ളതു്. ഈ പ്രമേയത്തെ ഞാൻ സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

ശ്രീ. ഈപ്പൻ അറക്കൽ: സർ, തിരുവിതാംകൂറിലെ തീരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം, അതായതു് പ്രധാനമായി അമ്പലപ്പുഴ, ചേർത്തല വൈക്കം ഈ സ്ഥലങ്ങളിൽ കയറുവ്യവസായം വളരെ പ്രാധാന്യമായ നിലയിൽ നടത്തിവരികയാണു്. ഇടക്കാലത്തു കയറിന്റെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെന്നു നമുക്കറിയാം. ഈ വിലവർദ്ധനവിനു് അനുസരിച്ചുള്ള വ്യവസായം നാട്ടിൽ നടത്താനുള്ള സൗകര്യം കുറെക്കാലമായിട്ടു ഇല്ലാതാണിരിക്കുന്നതു്. തൻനിമിത്തം സാധുക്കളായ അനവധി കയറുതൊഴിലാളികൾ പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നു. കയറുവ്യവസായത്തെ സംബന്ധിച്ചിടത്തോളം പലതരത്തിൽ ഉപജീവനം കഴിക്കുന്നവരുമുണ്ടു്. അതായതു്, ദരിദ്രരായ ഒരു കൂട്ടം ആളുകൾ ചകിരി കൈകൊണ്ടുപിരിച്ചു കയറാക്കി വില്ക്കുന്നു. മറ്റു ചിലർ റാട്ടുകളിൽ ചകിരിപിരിച്ചു കയറാക്കി വിറ്റു ആഹാരസാധനം വാങ്ങിക്കുന്നു. മറ്റൊരുകൂട്ടം തൊഴിലാളികൾ കയറുകൊണ്ടു പായു്, തട്ടുക്കു മുതലായ സാധനങ്ങൾ ഉണ്ടാക്കുന്ന ജോലി ചെയ്യുന്നു. ഈ തൊഴിൽ അധികവും നടക്കുന്നതു് ഫാക്ടറികളിലാണു്. ഇങ്ങനെ ചകിരി, കയറു്, കയറുപായു്, തട്ടുക്കു മുതലായവ ഉണ്ടാക്കുന്ന ജോലികളിൽ വിവിധ തൊഴിലാളികൾ ഏർപ്പെട്ടു് അവരുടെ നിത്യവൃത്തിക്കുള്ള വഴി തേടുന്നു. ഈ നിലയിൽ ഉപജീവനം കഴിച്ചുവരുന്ന അനവധി തൊഴിലാളികളുടെ ഇടയിൽ കയറുവ്യവസായത്തിനു് സാരമായ മാന്ദ്യം സംഭവിച്ചാൽ ഉണ്ടാകുന്ന ദുരിതാവസ്ഥയെപ്പറ്റി ഒന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്. ഈ വ്യവസായത്തിനു് മാന്ദ്യം സംഭവിച്ചതോടുകൂടി പട്ടണങ്ങളിലെന്നല്ലാ, ഉൾനാടുകളിൽപോലും ഉള്ള തൊഴിലാളികൾക്കു തൊഴിലില്ല. ഫാക്ടറികളിൽ ഒന്നിലും ജോലിയില്ല. തട്ടുക്കു്, പായു് മുതലായ സാധനങ്ങൾ കയറ്റി അയക്കാനുള്ള സാദ്ധ്യത കുറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞതോടുകൂടിയാണ് ഈ തൊഴിൽ കുഴപ്പമുണ്ടായതു്. മൻകാലങ്ങളിൽ അവ പുറരാജ്യ ങ്ങളിലേക്കു അയക്കുകയും അവിടങ്ങളിൽ അവ ധാരാളമായി ചെലവാകുകയും ചെയ്തുകൊ ണ്ടിരുന്നു. എന്നാൽ ഇന്നു് ഡിമാൻറ് വളരെ കുറവാണു്. അതിൻെറ കാരണങ്ങളെപ്പറ്റി അന്വേഷിച്ചറിയേണ്ടതാണു്. അതിനു് ചില സംഗതികൾ പറഞ്ഞു കേൾക്കുന്നു. ചില വ്യവസായ പ്രമുഖന്മാർ മാത്രമേ മൻകാലങ്ങളിൽ നമ്മുടെ രാജ്യത്തു് തടുക്കും പായും എല്ലാം ഉണ്ടാക്കിയിരുന്നുള്ളു. നമ്മുടെ കേരളത്തിൽനിന്നും പായും തടുക്കുമെല്ലാം ഉണ്ടാക്കി വിദേശ ങ്ങളിൽ അയച്ചുകൊണ്ടിരുന്നപ്പോൾ നാം വളരെ വലിയ ലാഭമാണു് ഉണ്ടാക്കിയിരുന്നതെ ന്നു് മനസ്സിലാക്കി യൂറോപ്യൻരാജ്യങ്ങളിൽ നെയ്ത്തു് തറികൾ സ്ഥാപിച്ചു തടുക്ക, പായ മുതലായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ അവർ ഉണ്ടാക്കീട്ടുണ്ടെന്നും തൻ മൂലം നമ്മുടെ രാജ്യത്തുനിന്നും കയറുമതി ചെയ്തിരുന്ന സാധനങ്ങളുടെ കയറുമതി കുറഞ്ഞു പോന്നുമാണു് എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഈ ഒരു കാര്യം നമ്മുടെ ശ്രദ്ധയിൽ പ്പെടേണ്ട ഒന്നാണു്. കയർ സാധനങ്ങൾ, അതായതു് പായും, തടുക്കുമെല്ലാമാണു് മുമ്പു് കയ റുമതി ചെയ്തിരുന്നതു്. ഇപ്പോൾ കയറാണു കയറുമതി ചെയ്യുന്നതു്. തൻമൂലം കയർകൊ ണ്ടു് രൂപാന്തരപ്പെടുത്തുന്ന വ്യവസായത്തിനു് ശരിയായ ഒരു സ്ഥാനം കിട്ടാതെ ആ വിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് തൊഴിൽ ഇല്ലാതെ ഭവിക്കുന്നു. ഇങ്ങനെ കയർ കയ റായിട്ടതന്നെ നമ്മുടെ രാജ്യത്തുനിന്നും പോകാതെ നമ്മുടെ രാജ്യത്തു തന്നെ അതു രൂപാന്തര പ്പെടുത്തുന്നതിനു എന്താണു് ചെയ്യേണ്ടതെന്നുള്ളതാണു് നമ്മുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു സംഗതി. അതു പലതരത്തിലും ചെയ്യാമെന്നുള്ളതാണു്. എങ്കിലും എൻെറ അഭിപ്രായം നിശ്ചിതമായ ഒരു കപ്പാൻഡിറ്റി കയർ വെളിയിലേക്കു അയക്കു മ്പോൾ അതിനു അനുസരിച്ചു ഒരു പേർസെൻേറജ് തടുക്കായോ പായായോ കയറുമതി ചെയ്യണമെന്നു ഒരു നിയന്ത്രണം വരുത്തുന്നതു നന്നായിരിക്കുമെന്നാണു്. കയർ നമ്മുടെ രാ ജ്യത്തുനിന്നും ഒരിക്കലും കയറുമതി ചെയ്യാൻ പോകുന്നില്ല എന്നു പറയുന്നതു് ട്രേഡ് കൺ വെൻഷനു വിപരീതമായിരിക്കാം. അതു കൊണ്ടാണു് ഞാൻ പറയുന്നതു കയർ കയറുമ തി ചെയ്യുന്നതിനനുസരിച്ചു ഒരു പെർസെൻേറജ് പായും തടുക്കും കയറുമതി ചെയ്യണ മെന്നു്. അങ്ങിനെ ഒരു തീരുമാനം ചെയ്യുകയാണെങ്കിൽ നമുക്കു് ഇന്നുണ്ടായിരിക്കുന്ന തൊഴിലില്ലായ്മയെ സാരമായ വിധത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണു് എനിക്കു പ റയാനുള്ളതു്. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ കയർകൊണ്ടു് ജീവിതാവശ്യങ്ങൾ നിർവഹിക്കുന്ന ധാരാളം ആളുകൾ ഉണ്ടു്. ഇപ്പോൾ കയറിനു നല്ല വിലയാണുള്ളതു്. അതു വ്യവസായികളേയും കച്ചവടക്കാരേയും ധാരാളമായി സഹായിച്ചിട്ടുണ്ടു്. കൊല്ലം, ആല പ്പുഴ മുതലായ സ്ഥലങ്ങളിൽ ഉള്ള ഫാക്ടറികളിൽ ജോലി വളരെ കുറവായീട്ടേ നടക്കുന്നുള്ളു എന്നു വരികിലും കയർ കയറുമതിക്കോ കയറിനു വിലക്കോ യാതൊരു കുറവുമില്ല. കയർ ധാരാളമായി പുറത്തു പോകുന്നുണ്ടു്. കയർ അങ്ങിനെ പുറത്തുപോകുന്നില്ലെങ്കിൽ ഇത്ര ത്തോളം വില കയറിനുണ്ടാവുകയില്ല. ഇന്നു ൧൦൦൦ തേങ്ങയുടെ തൊണ്ടിനു ൭൫ രൂ പവരെ വിലയുണ്ടെന്നാണു് ഞാൻ അറിയുന്നതു്. ഇത്രമാത്രം തൊണ്ടിനു വില വന്നിട്ടും കയർ വ്യവസായത്തിനു വ്യവസായം എന്ന നിലയിൽ മാന്ദ്യമാണു് സംഭവിച്ചിരിക്കുന്നതു. അതിനാൽ കയറായി കയറുമതി ചെയ്യാതെ കയർസാധനങ്ങളായി കയറുമതി ചെയ്യു ന്നതിനു് ഒരു ലെജിസ്ലേഷൻ ഉണ്ടാക്കിയാൽ ഇപ്പോൾ കാണുന്ന കയർവ്യവസായത്തിലുള്ള മാന്ദ്യം പരിഹരിക്കാൻ കഴിമെന്നാണു് ഞാൻ പറയുന്നതു്, അതിലേക്കു് ശവമ്പെങ്ങി ൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. രാമൻ: ഈ റസല്യൂഷനു് ഒരു അമൻറുമെൻറ് അവതരിപ്പിക്കുന്നുണ്ടെ ന്നു ഒരു നോട്ടീസ് കിട്ടിയിട്ടുണ്ടു്. അതുകൂടി അവതരിപ്പിച്ചു കഴിഞ്ഞതിനു ശേഷമാണെ കിൽ രണ്ടിനും കൂടി ചേർത്തു് സംസാരിക്കാൻ മെമ്പറന്മാർക്കു് സൗകര്യം കിട്ടുന്നതാണു്.

മിസ്റ്റർ സ്പീക്കർ. കിട്ടിയിട്ടുള്ള അമെൻറുമെൻറ് മി. നാണുവിൻെറയാണു്. അതു ഞാൻ വായിക്കാം.

"ഈ യൂണിയൻ സംസ്ഥാനത്തു അധിഷ്ഠിതിച്ചുകൊണ്ടിരിക്കുന്ന കയർവ്യവസായത്തെ കയർ പിരിപ്പിലും, കയർ പരിപ്പിപ്പിലും ഏർപ്പെട്ടിരിക്കുന്ന കയർ 'തൊഴിലാളികളെ' എ ല്ലാ കയർ തൊഴിലാളികൾക്കും ജീവിതാവശ്യത്തിനെങ്കിലും കൂലികിട്ടത്തക്ക വ്യവസ്ഥയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker.]

ചും പരസ്പരസഹായ തത്വത്തിലും സംഘടിപ്പിച്ച് കയർ ഉല്പാദിപ്പിച്ചും, മായം കലർത്തിയ കയർ വാങ്ങുന്നതും വില്ക്കുന്നതും നിയമനിർമ്മാണം ചെയ്ത കുറ്റകരമാക്കിയും, വെയർഹൗസ് സ്റ്റോക്ക് കൂടുതൽ ഫലപ്രദമാംവണ്ണം നടപ്പാക്കിയും, കഴിയുന്നത്ര വിദേശവിപണികൾ കണ്ടുപിടിച്ചും വ്യവസായത്തിന്റെ പുരോഗതിക്ക് ആവശ്യമായ മറ്റെല്ലാ മാർഗ്ഗങ്ങളും ആരാഞ്ഞറിഞ്ഞ് നടപ്പാക്കിയും ഗവൺമെണ്ടിൽനിന്നും അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്ന ഈ സഭ അഭിപ്രായപ്പെടുന്നു."

It does not apply as an amendment to this resolution. It is a different resolution. This resolution was received in the office only yesterday. ഇന്നലയെ ഇതു കിട്ടിയുള്ളു എന്നുള്ള കാരണംകൊണ്ടുതന്നെ ഇതു തള്ളാവുന്നതാണ്. മാത്രമല്ല ഈ റസല്യൂഷൻ ഒരു അമൻഡ്മെൻറായി സ്വീകരിക്കത്തക്കതുമല്ല. ഈ രണ്ടു കാരണങ്ങളാലും ഇതു് ഒരു അമൻഡ്മെൻറായി സ്വീകരിക്കാൻ നിവർത്തിയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഒരു സിംപിൾ അമൻഡ്മെൻറ് മുവ്ചെയ്യാൻ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: It does not depend on the question of seriousness or simplicity of the amendment. The rule is that the discussion on this resolution must close within the time allotted for it.

Sri. K. K. Chellappan Pillai: Then, Sir, I oppose the resolution. ആ റസല്യൂഷൻ തന്നെ ഇപ്രകാരമാണു്. 'തിരുവിതാംകൂറിൽ അധഃപതിച്ചുകൊണ്ടുവരുന്ന കയർ വ്യവസായം കയർ പിരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇടത്തരം ആളുകളും മാത്രം കാഹരിക്കാരായിരിക്കുന്ന സഹകരണസംഘങ്ങളും മുഖേന നടത്തുന്നതിനു് ആവശ്യമായ നടപടികളും കൈക്കൊള്ളണമെന്നു് ഈ യോഗം ഗവൺമെണ്ടിനോടപേക്ഷിക്കുന്നു'. അതിന്റെ അർത്ഥംതന്നെ വളരെ വ്യക്തമാണു്. കയർ പിരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇടത്തരം കൃഷകന്മാർ മാത്രം ചേർന്നു് ഒരു സഹകരണസംഘം ഉണ്ടാക്കണമെന്നാണു്. മാത്രമല്ല അവർതന്നെ അതു നിയന്ത്രിക്കയും വേണം. മുതലാളികളേയും തൊഴിലാളികളേയും ഒരുപോലെ കൃഷണംചെയ്യുന്ന ഇടത്തരക്കാർക്കു് വേണ്ടത്ര ഗുണം സിദ്ധിക്കത്തക്ക തരത്തിൽ ഗവർമെൻറ് വേണ്ടതു ചെയ്യണമെന്നാണു് ഈ പ്രമേയത്തിന്റെ അർത്ഥം. അതുകൊണ്ടാണു് ഇതിനൊരു അമൻഡ്മെൻറ് അവതരിപ്പിക്കണമെന്നു് ഞാൻ ആഗ്രഹിച്ചതു്. അതായതു് കയർ, തൊണ്ടു് മുതലായ വ്യവസായങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സഹകരണസംഘം മുഖേന നടത്തുന്നതിനു് അനുവദിക്കണമെന്നുള്ളതാണു്. അതു് അനുവദിക്കാതെ ഇരുന്നതുകൊണ്ടാണു് ഈ റസല്യൂഷൻ ഇതേ രൂപത്തിൽ പാസ്സാക്കുന്നതിനെ എതിർക്കേണ്ടിവന്നതു്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: തൊഴിലാളികളെക്കൂടി ആ സഹകരണസംഘത്തിൽ ചേർക്കണമെന്നാണോ പറയുന്നതു്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: തൊഴിലാളികളും ഉൾപ്പെട്ട സഹകരണസംഘങ്ങളും അല്ലെങ്കിൽ നമുക്കു വേണ്ടെന്നാണു് പറയുന്നതു്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: തൊഴിലാളികൾക്കു് പ്രത്യേക സഹകരണസംഘം ഉണ്ടായിരിക്കുകയല്ലേ നല്ലതു്?

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: എന്റെ സ്നേഹിതൻ കേട്ടില്ലായിരിക്കും. അതുതന്നെയാണല്ലൊ ഞാൻ പറഞ്ഞതു്. ഏതായാലും ഈ പ്രമേയമനുസരിച്ചു് ഗവൺമെണ്ടു നടപടികളെടുക്കുകയാണെങ്കിൽ കയർവ്യവസായത്തിൽ ഏർപ്പെട്ടു് വിദേശവിപണികളിൽ സാധനങ്ങൾ കയറുമതി ചെയ്യുന്ന തൊഴിലാളികൾക്കു് എന്തെങ്കിലും ആദായം ഉണ്ടാക്കിക്കൊടുക്കുന്ന മുതലാളികളും അതുപോലെതന്നെ ഇവിടെയുള്ള അഞ്ചുലക്ഷം തൊഴിലാളികളും ഒന്നിച്ചു് നശിച്ചുപോകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. യാതൊരു ജോലിയും ചെയ്യാതെ തൊള്ളായിരത്തോളം ഇടക്കുനിന്നു് ജീവിതം നടത്തുന്ന ആളുകളുടെ മാത്രം.....

ശ്രീ. അബ്ദുൾ മജീദ്: കയർ പിരിപ്പിക്കുന്നവർ തൊള്ളായിരത്തോളം ഉൾപ്പെടുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: മാർക്സിയൻ തത്വശാസ്ത്രത്തിൽക്കൂടി പറഞ്ഞാൽ അവരെപ്പൊറി ബുർഷ്വാ എന്നു പറയാം. ഏതായാലും ബാക്കിയുള്ളവരുടെ പ്രയത്നഫലത്തിൽ നിന്നും സുഖമായി ജീവിച്ചു തിന്നുതടിക്കാനായി ഉദ്ദേശിക്കുന്ന ആളുകളെ ചേർത്തു് ഇതിലേക്കു് ഒരു സഹകരണസംഘം നടത്തിയാൽ ആകപ്പാടെ ഈ വ്യവസായത്തിനു ദോഷം വരുമെന്നാണു് എന്റെ അഭിപ്രായം. ഈ കയർവ്യവസായം ശരിയായവിധത്തിൽ കൊണ്ടുപോകണമെങ്കിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണ തൊഴിലാളികളുടെ സഹകരണസംഘംമുഖേനതന്നെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തേണ്ടതും അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതും ആവശ്യമാണു്. മയ്യനാട്ടു് കയർ വ്യവസായത്തൊഴിലാളികളുടെ ഒരു സഹകരണസംഘം നടക്കുന്നുണ്ടെന്നും അതിനു് മുതലാളികളുടേയും ഇടത്തരക്കാരുടേയും വലിയ സംഘട്ടനം നേരിടേണ്ടി വരുന്നു എന്നുമാണു് എനിക്കറിയാൻ കഴിയുന്നതു. അതുപോലെയുള്ള സഹകരണസംഘങ്ങൾ കൂടുതലായി ഉണ്ടാക്കി മുതലാളികളുടെ പിടിയിൽനിന്നും ഈ തൊഴിലാളികളെ വിടുത്തി കൊണ്ടുവരുന്നതു് ഉപകാരമായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ഇപ്പോൾ കയർവ്യവസായം വളരെ അധഃപതിച്ചിട്ടുണ്ടു്. മി. മജീദു് ചൂണ്ടിക്കാണിച്ചതുപോലെ കയർ വ്യവസായത്തിൽ ഇടക്കു വന്നുചേർന്ന വൻകിട മുതലാളികളും ഇടത്തരക്കാർ മുതലായവർ മണ്ണു്, വെള്ളം ഇവ കലർത്തി വീറും വിദേശവിപണികളിൽ ഇതിനുണ്ടായിരുന്ന വിലയെ കുറച്ചുവരുന്നതായി നമുക്കെല്ലാവർക്കും അറിയാം.

അതു കൂടാതെ വൻകിട മുതലാളികളും ഈ കയർ മാക്കറു് കൺട്രോളും ചെയ്യുന്നതുകൊണ്ടു തൊഴിലാളികൾക്കു് വളരെ ദോഷം വരുമെന്നുള്ളതിനാൽ തൊഴിലാളികളെന്നെ ഏകോപിച്ചു പരസ്പരസഹായസംഘങ്ങളും മുഖേന വ്യാപാരം നടത്തണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇന്നത്തെ വ്യവസായ മാന്ദ്യത്തിനും, അതുമൂലം തൊഴിലാളികൾക്കു് വന്നിട്ടുള്ള തൊഴിലില്ലായ്മകൾക്കും കഷ്ടനഷ്ടങ്ങൾക്കും പരിഹാരം ഉണ്ടാക്കണമെങ്കിൽ വ്യവസായം തൊഴിലാളികളാൽ തന്നെ നിയന്ത്രിക്കപ്പെടണം. അല്ലാതെ മി. മജീദു് പറഞ്ഞതുപോലെ ഇടത്തരക്കാരായ വ്യവസായികളെ മാത്രം ഉൾക്കൊള്ളുന്ന പരസ്പരസഹായസംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ എത്രമാത്രം തൊഴിലാളികൾക്കു് അതു ഗുണകരമായിരിക്കുമെന്നു ഞാൻ പറയാതെതന്നെ ആർക്കും അനുമാനിക്കാവുന്നതാണു്. കയർ വ്യവസായത്തെപ്പറ്റി ബാക്കിയുള്ള കരാറുകളും മുഴുവനും മി. മജീദു് പറഞ്ഞു കഴിഞ്ഞു. ഇന്നു കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് ഏതെങ്കിലും രക്ഷാമാർഗ്ഗവും പ്രോത്സാഹനവും നൽകണമെന്നു ഗവൺമെണ്ടു വിചാരിക്കുന്നുണ്ടെങ്കിൽ അതിനു ഇന്നു സഹകരണസംഘങ്ങളും മുഖേനയുള്ള വ്യവസായവും വ്യാപാരവും അല്ലാതെ മറൊരു മാർഗ്ഗവും ഇല്ലെന്നു ഞാൻ കരുതുന്നതു്. ഇപ്പോൾ ഇൻഡ്യാ ഗവൺമെണ്ടും ഒരു പ്ലാനിംഗു് കമ്മറി കാൺസ്റ്റിറ്റ്യൂട്ടു് ചെയ്യാൻപോകുന്നതായി നാം അറിഞ്ഞിട്ടുണ്ടു്. അതിനെപ്പറ്റി വർക്കിംഗു് കമ്മിറ്റി ഒരു പ്രമേയം ഇന്നലെ പാസാക്കിയിരിക്കുന്നു. നമ്മുടെഗവൺമെണ്ടും അതുമായിസഹകരിക്കുകയും ഈകയർവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹകരണ സംഘങ്ങളും മുഖേന ആവശ്യമായ എല്ലാ നടപടികളും നടത്തുകയും വേണം. ഇപ്പോഴെതന്നെ അതിനു വേണ്ട പ്രവർത്തനങ്ങളും നടത്തുകയും എല്ലാ പ്രോത്സാഹനങ്ങളും ഗവൺമെണ്ടിൽനിന്നും നൽകുകയും ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. ഈ സംരംഭങ്ങളിൽ തിരുവിതാംകൂറിലെ എല്ലാ വൻകിട മുതലാളിമാരും സഹകരിക്കുമെന്നും നമുക്കാശിക്കാം.

ഇവിടെ ഈ കയർവ്യവസായം പല സ്റ്റേജുകളിലാണു് നടക്കുന്നതു്. ആദ്യമെ തൊണ്ടുവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന വൻകിട മുതലാളിമാർ ലക്ഷണക്കിനു തൊണ്ടുവാങ്ങിച്ചു ചീയിച്ചു സൂക്ഷിക്കുന്നു. അവരിൽനിന്നും തൊണ്ടു വിലക്കു വാങ്ങി കയർ വ്യവസായികളും കയർ പിരിപ്പിക്കുന്നു. അവരിൽനിന്നും പിരിക്കുന്നതായ കയർ ഇടത്തരക്കാരായ മുതലാളിമാർ വിലയ്ക്കെടുത്തു വൻകിട മുതലാളിമാക്കു വില്ക്കുന്നു. തൊണ്ടു തല്ലുന്നവർ, കയർ പരിക്കുന്നവർ, ഫാക്ടറി ജോലിക്കാർ എന്നിങ്ങനെ മൂന്നുതരം തൊഴിലാളികളാണു് ഇതിൽ പ്രധാനമായി ഏർപ്പെട്ടിരിക്കുന്നതു്. ഇന്നത്തെ മുതലാളികളും, ഇടത്തട്ടുകാർ എന്ന നിലയിൽ ഇതിൽ രണ്ടു വിഭാഗക്കാക്കു് ഈ വ്യവസായത്തിൽനിന്നും ധാരാളമായി ലാഭമുണ്ടാകുന്നുണ്ടു്. തൊഴിലാളികൾക്കു് അവരുടെ അദ്ധ്വാനത്തിനു അനുസരണമായും അവർക്കു ജീവിക്കുന്നതിനു കഷ്ടിച്ചു ആവശ്യമായും ഉള്ള കൂലിപോലും ഇന്നു കിട്ടുന്നില്ല. ഞാൻ പറഞ്ഞതായ രണ്ടു ഭാഗക്കാക്കും അമിതമായ ലാഭം ഉണ്ടാക്കുന്നതിനു അവസരം നൽകാതെ

[Mr. K.K. Chellappan Pillai]

ഈ വക ജോലിക്കാർക്ക് പരസ്പരസഹായ സംഘങ്ങൾ മുഖേന നടത്തുകയാണെങ്കിൽ ഈ വ്യവസായം ഇനിയും അഭിവൃദ്ധിപ്പെടാൻ സാധിക്കും. അതുമൂലം തൊണ്ടടിക്കുന്നവർക്കും, കയർ പിരിക്കുന്നവർക്കും കയർ ഫാക്ടറി തൊഴിലാളികൾക്കും കൂടുതൽ ആദായവും പ്രോത്സാഹനവും ഉണ്ടാകും. അതുകൊണ്ട് അതിനു ആവശ്യമായ നടപടികൾ ഗവണ്മെണ്ട് ഉടനെ എടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. എന്തായാലും ഈ പ്രമേയം ഈ രൂപത്തിൽ കൊണ്ടുവരുന്നതിനെ ഞാൻ എതിർക്കുന്നു.

Sri. N. D. Jose : Sir, this is obviously a very important issue in as much as nearly five lakhs of workers are estimated to be engaged in this industry. We are producing roughly about one lakh of tons of coir, of which we are exporting 25 per cent outside. The outside market now is not satisfied with the poor quality. A certain quantity of coir is seen to have been recently shipped to Calcutta which has been impregnated with water and sand. Thus we steadily lose our goodwill in the market and the industry will perish if steps were not taken at once to restore confidence in our products. To my mind the profit in this deal goes to the private contractor, who ventures to buy the product locally, charge it with brine and sand and export it outside. The middlemen have organised a prosperous trade taking advantage of the demand in India. Some of the quantities sold in the Indian market had fetched a great profit.

The system of coir production is slightly different from that obtaining in other industries. Here three categories of persons are involved. First of all there is the person, who buys the husk. He is likely to be a large capitalist, who has invested a good deal of money in buying husk from those who own cocoanuts. From him it is transferred to the middlemen, who buys a certain quantity of husk, which is already impregnated with brine and water. The coir is made by the middlemen, who makes arrangements for marketing it. We all agree that there should be some reorganisation in this industry. But the solution offered by the mover of the resolution is not the proper solution. In fact it is repugnant to the principle of co-operation itself. What the co-operative Society should obviously do should be to link the producer and consumer. The very principle of co-opertion is to eliminate the middlemen. Many women work in the production of coir. They generally work for more than 8 hours a day, from morning 6 to evening 2 and get only 12 chuckrams as wages. In our country fecundity is very large among the poorer classes and naturally the women may have a large family to maintain. A ton of coir costs about Rs. 300. Roughly about 250 people are required to produce this. An undue proportion of the profit is therefore taken away by the middlemen. Therefore for a large number of workers involved in the industry some protection is called for. The obvious way is the organisation of Co-operative Societies of the producers. The mover of the resolution wanted to avoid big capitalists. In trying to avoid the big capitalists, he has also foregotten the labourer. To my mind the mover of the resolution has emptied the bath with the baby in it. To safeguard that the bigger capitalists should not take a large number of shares, we can limit the number of shares they can hold. That is the way of eliminating the rich capitalists. The mover of the resolution is afraid whether it will be possible to organise workers on such a co-operative basis. If you think that the workers have not sufficient money to organise Co-operative Societies, I feel that it will be right for Government to organise such Co-operative Societies by giving loans.

There is also another aspect of the question, which has been brought out by the mover of the resolution even though he has not put in in the resolution. There has been a certain amount of degeneration and disorganisation in the industry, particularly the odium that we are selling the poor quality as the best quality. This has to be borne in mind by all producers. I think it is incumbent on the Government to see that only coir of the highest quality is produced and marketed. It is here that Government have to step in and organise the industry on sound foundations.

Sir, during the war years, the husks were selling at a price of Rs. 30 per thousand. Now it is fetching something like Rs. 70 per thousand. There has been the same increase in the price of coir also. But there has been no increase in wages. Therefore it is very necessary that Government should see that the labourer gets the benefits. The cost of living has definitely gone up in these areas. Therefore I appeal to the Government to immediately

LIBRARY ARCHIVES Kerala Legislative Assembly

organise co-operative societies on sound lines. If money is not forthcoming, Government must give a loan. I assure them that it will be a good investment for the State besides ensuring commercial prosperity for the State. Therefore my main plea is that Government should organise co-operative societies on sound lines and see that the highest quality is offered by Travancore for sale in the Indian and foreign markets.

ശ്രീ. പി. നാണു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. അങ്ങ് എന്റെ അമൻഡ്മെന്റ് അനുവദിക്കുന്നില്ലെന്നു പറഞ്ഞു. ആ തീരുമാനം സ്വീകരിക്കുവാൻ ഞാൻ ചുമതലക്കാരനാണ്. എന്നാൽ സ്റ്റാൻറിങ്ങ് ഓർഡർ 26 നു അനുസരിച്ച് അങ്ങ് ഈ തീരുമാനം ഒന്നുകൂടി പുനരാലോചിക്കണമെന്നും എന്റെ ഭേദഗതി അവതരിപ്പിക്കുവാനുള്ള അനുവാദം തരണമെന്നും ഞാൻ അപേക്ഷിക്കുന്നു.

26 (1) An amendment must be relevant to and within the scope of the motion to which it is proposed.

(2) An amendment may not be moved which has merely the effect of a negative vote.

(3) An amendment on a question must not be inconsistent with the previous decision on the same question given at the same stage of any Bill or other matter.

(4) (a) The Speaker may refuse to put an amendment which is in his opinion frivolous.

(b) In respect of any motion, or in respect of any Bill, the Speaker shall have power to select the new clauses or amendments to be proposed and may, if he thinks fit, call upon any member who has given notice of an amendment to give such explanation of the object of the amendment as may enable him to form a judgement upon it". ഇതാണ് എനിക്ക് ഇതിൽ പറയാനുള്ളത്. അങ്ങ് എന്റെ തീരുമാനം ഫ്രിവലസ് ആണെന്ന് തീരുമാനിച്ചിട്ടില്ല. എന്റെ ഈ അമൻഡ്മെന്റിൽ പറയുന്നതു് ബഹു. മെമ്പർ അബ്ദുൾമജീദിന്റെ പ്രമേയത്തിന്റെ ഒരു വിശദീകരണം മാത്രമാണ്. കൂടാതെ ഇതിന്റെ ആശയം നെഗറ്റീവും അല്ല. ആ നിലക്ക് മി. അബ്ദുൾ മജീദിന്റെ പ്രമേയം സ്വീകരിച്ചതുകൊണ്ട് എന്റെ ഈ അമൻഡ്മെന്റുകൂടി സ്വീകരിക്കുന്നതിൽ യാതൊരു തരക്കേടും ഇല്ലെന്നാണ് എനിക്ക് പറയാനുള്ളതു്. അതുകൊണ്ട് ഇതു് ഒന്നുകൂടി പരിശോധിച്ചു ഒരു റൂളിംഗ് തരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്.

മിസ്റ്റർ സ്പീക്കർ: അതിന്റെ സാരാംശത്തിൽതന്നെ കുറച്ചു വ്യത്യാസം ഉണ്ട്. ഈ ഭേദഗതിയിൽ പറയുന്നതു് കയർ പിരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചാണ്. അതു കൂടാതെ ഈ ഭേദഗതി ഹാജരാക്കിയതുതന്നെ വളരെ താമസിച്ചാണ്. അതുകൊണ്ടാണ് ഇപ്രകാരം ഒരു തീരുമാനം ചെയ്യിട്ടുള്ളതു്.

The House adjourned for lunch at 1 p.m. and reassembled at 2. p.m. with the Deputy Speaker in the Chair.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നലത്തെ അജൻറാപ്രകാരം ഔദ്യോഗിക ബില്ലുകളിൽ ബാക്കിയുള്ളവകൂടാതെ, സെലക്ട് കമ്മിറ്റി ഭേദപ്പെടുത്തിയ അഴിമതിനിരോധനബില്ലിന്റെ പരിഗണനകൂടി അടുത്തദിവസത്തെ അജൻറായിൽ ഉൾപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ആ ബില്ലുസംബന്ധിച്ചു ഭേദഗതികൾ ഹാജരാക്കണമെന്നുദ്ദേശിക്കുന്നവർ അവയുള്ള നോട്ടീസ് ജനുവരി പന്ത്രണ്ടാംതീയതി കാലത്തു പത്തു മണിക്കുമുൻപെ അസംബ്ലി സെക്രട്ടറിയെ എല്പിക്കേണ്ടതാണ്.

ശ്രീ. പി. നാണു: സർ, ബഹുമാനപ്പെട്ട മെമ്പർ മി. മജീദിന്റെ പ്രമേയത്തിലെ തത്വത്തോട് ഞാൻ യോജിക്കുന്നുവെങ്കിലും പ്രമേയംകൊണ്ടുദ്ദേശിക്കപ്പെടുന്ന വ്യാപ്തി ആ പ്രമേയത്തിൽ അദ്ദേഹം കൊടുത്തിട്ടില്ലെന്നും, കയർവ്യവസായത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തിൽ ഉൾക്കൊള്ളേണ്ടതായ എല്ലാ നിർദ്ദേശങ്ങളേയും അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടില്ലെന്നും എനിക്കു തോന്നുന്നു. അതിനാൽ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ചില കൂട്ടൽ വിവരങ്ങൾകൂടി ചേർക്കേണ്ടതാണെന്നുള്ള അഭിപ്രായമാണ് എനിക്കു ആദ്യമായി ഈ സഭയെ അറിയിക്കാനുള്ളതു്.

അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന പ്രമേയം തിരുവിതാംകൂറിനെമാത്രം സംബന്ധിക്കുന്നതുകൊണ്ടുമാണ്. കയർവ്യവസായം തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തെ ഒന്നാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Nanu]

കെ ഒരുപോലെ ബാധിക്കുന്ന ഒരു വ്യവസായമാണു്. കയർപിരിപ്പിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും കയർ വില്പനയിൽ ഏർപ്പെട്ടിരിക്കുന്ന മുതലാളികളും ഈ രണ്ടു രാജ്യങ്ങളിലും ഒരുപോലെയുണ്ടു്. ആ നിലയ്ക്കു പഴയ തിരുവിതാംകൂറിനെമാത്രം സംബന്ധിക്കത്തക്കവണ്ണം ഒരു പ്രമേയം കൊണ്ടുവരാതെ ഐക്യസംസ്ഥാനത്തെ ഒന്നാകെ ബാധിക്കത്തക്കവണ്ണമുള്ള ഒരു പ്രമേയം അദ്ദേഹം ഹാജരാക്കേണ്ടതായിരുന്നു.

കൂടാതെ, ആ പ്രമേയം കയർവ്യവസായത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ടാണെങ്കിലും അതിനൊരു പരിഹാരം മാത്രമെ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചു കാണുന്നുള്ളു. ആ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതും എന്നാൽ ഉൾക്കൊള്ളിക്കണമെന്നു എനിക്കു തോന്നുന്നതുമായ ചില നിർദ്ദേശങ്ങൾകൂടി ഈ സന്ദർഭത്തിൽ സഭാമുൻപാകെ മൂന്നിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

കയറുവ്യവസായത്തെ സംബന്ധിച്ചിടത്തോളം കയർപിരിപ്പെന്നും, പിരിപ്പിക്കലെന്നും രണ്ടുതരം ജോലിചെയ്യുന്നവരായി ഇതിൽ ഏർപ്പെട്ടിരിക്കുന്നവരെ പരിഗണിക്കാവുന്നതാണു്. മറ്റുള്ളവരെക്കൊണ്ടു ജോലിചെയ്യിച്ചു് കയർ പിരിപ്പിച്ചെടുക്കുക; ഇങ്ങനെ ഒരു കൂട്ടർ; താനും തന്റെ കുടുംബവും ഒന്നാകെ ജോലിക്കാരായിനിന്നു അവർതന്നെ ജോലിചെയ്തു കയർപിരിച്ചെടുക്കുക; ഇങ്ങനെ മറ്റൊരുകൂട്ടർ. ഇങ്ങനെ ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തു ഉല്പാദകരായി ഈ രണ്ടുകൂട്ടർ മാത്രമാണുള്ളതു്. ഇതിനുംപുറമെ ഈ തൊഴിലിൽ വെറും കൂലിക്കാരെന്നനിലയിൽ ഏർപ്പെട്ടിരിക്കുന്ന മൂന്നാമതൊരുകൂട്ടരുമുണ്ടു്. ഇങ്ങനെ ഇതിൽ ഉൾപ്പെട്ടിരിക്കുന്നവരെ മുൻപറഞ്ഞ എല്ലാവരേയും തൊഴിലാളികൾ എന്നതന്നെ പറയാവുന്നതാണു്. ഇവരുടെ അഭിവൃദ്ധിക്കും തൻമൂലം ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കും ഒന്നാമതായി ശ്രദ്ധിക്കേണ്ടതു ഈ തൊഴിലാളിവിഭാഗത്തെമാത്രം ഉൾപ്പെടുത്തി, മുതലാളിമാരെ ഒരുരേയും ഉൾപ്പെടുത്താതെ, പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തി ആ സംഘങ്ങൾമുഖേന ഈ വ്യവസായം പുഷ്ടിപ്പെടുത്തുകയും പുരോഗമിപ്പിക്കയും ചെയ്യുക എന്നുള്ളതാണു്. ആ നിലയിൽ നോക്കുമ്പോൾ എന്റെ മാന്യസ്നേഹിതൻ ഇവിടെ ഹാജരാക്കിയിരിക്കുന്ന പ്രമേയം അത്ര ശരിയായിരിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പരസ്പരസഹായസംഘത്തിന്റെ അടിസ്ഥാനത്തിന്മേൽ ഈ ജോലിക്കാരെ എല്ലാവരേയും സംഘടിപ്പിക്കേണ്ടതു വളരെ അത്യാവശ്യമാണു്. അങ്ങനെ ഇവരെ സംഘടിപ്പിക്കുന്നതിനു ഗവർമ്മെണ്ടിനു വളരെ പണച്ചെലവൊന്നും ചെയ്യേണ്ട ആവശ്യമില്ല. ഇതിലേക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ട ആവശ്യവും ഉണ്ടാകുകയില്ല. പരസ്പരസഹായസംഘത്തിന്റെ അടിസ്ഥാനത്തിൽ സംഘടിക്കുന്നവർക്കുമാത്രമെ കയർ ഉല്പാദിപ്പിക്കുവാൻ അവകാശമുള്ള എന്നുള്ള ഒരു നിലവരുത്തിയാൽ മാത്രംമതി, ഈ തൊഴിലാളികൾ എല്ലാവരും സ്വയമേവ സംഘടിച്ചുകൊള്ളും.

ഈ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണമെന്നുള്ളതാണു മറ്റൊരാവശ്യം. യുദ്ധകാലത്തു കയർപിരിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളിനു് പ്രതിദിവസം മുപ്പത്തഞ്ചു ചക്രംവരെ കൂലിയുണ്ടായിരുന്നു. ഇന്നതു എട്ടുമുതൽ പന്ത്രണ്ടു ചക്രംവരെ ആയിത്തീർന്നിട്ടുണ്ടു്. നാലഞ്ചു അംഗങ്ങളെ പുലർത്തിപ്പോരേണ്ട ഒരു കുടുംബത്തിൽ ഈ എട്ടുമുതൽ പന്ത്രണ്ടുവരെ ചക്രം മാത്രം കൂലികിട്ടുന്ന ഒരു തൊഴിലാളിക്കു ആ തൊഴിൽജീവനക്കാരൻ എങ്ങനെ ഉതകുമെന്നുള്ളതു നമുക്കു ഏറെക്കുറെ ഊഹിക്കാവുന്നതാണു്. അതുകൊണ്ടു കൂലി വർദ്ധിപ്പിക്കേണ്ടതു ഒരടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. കയർപിരിപ്പിൽ ഏർപ്പെട്ടിരിക്കുന്ന ഒരു തൊഴിലാളിക്കു എന്തുകൂലി കൊടുക്കാമെന്നുള്ളതിനെപ്പറ്റി ജോലിക്കാരുടെ പ്രതിനിധികളേയും പിരിപ്പിക്കുന്നവരുടെ പ്രതിനിധികളേയും ഗവർമ്മെണ്ടു പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു ആലോചനായോഗംകൂടി അതിൽവച്ചു കൂലി നിശ്ചയിച്ചു് അതു ഗവർമ്മെണ്ടിനതന്നെ നടപ്പാക്കാവുന്നതാണു്. അക്കാര്യത്തിൽ ഗവർമ്മെണ്ടു സത്വരനടപടികൾ കൈക്കൊള്ളണമെന്നു എനിക്കു അഭിപ്രായവുമുണ്ടു്.

മറ്റൊരുകാര്യം മായംകലർത്തിയ കയർ വില്ക്കുന്നതും വാങ്ങുന്നതും സംബന്ധിച്ചുള്ളതാണു്. യൂണിയൻ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കയർവ്യവസായം, നമ്മുടെ വ്യവസായങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. പ്രകൃതിതന്നെ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന ഒരു വ്യവസായമാണിതു്. നമ്മുടെ യൂണിയൻ സംസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയറ്റംമുതൽ ഇങ്ങേയറ്റംവരെ കടൽത്തീരത്തോട്ട അനുബന്ധിച്ചു കായൽത്തീരവും കിടപ്പുണ്ട്. തൊണ്ടഴക്കുവാനും മേന്മയുള്ള കയർ നിർമ്മിക്കാനും പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട ഒരു രാജ്യമാണു നമ്മുടേതു്. നാളികേരകൃഷിയും തൽസംബന്ധമായ വ്യവസായങ്ങളും നമ്മുടെ രാജ്യത്തെ അപേക്ഷിച്ചു വളരെ കൂടുതൽ പുരോഗമിച്ചിട്ടുള്ള ഒരു രാജ്യമാണു സിലോൺ. എന്നാൽ അവിടെ പ്രകൃതി നമ്മെ അനുഗ്രഹിച്ചിട്ടുള്ളിടത്തോളം അനുഗ്രഹിച്ചിട്ടില്ല. അതിനാൽ അവിടുത്തെ കയർവ്യവസായത്തിനു് നമ്മുടെ കയർവ്യവസായത്തിന്റെ പ്രശസ്തി ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടില്ല. നമുക്കു കിട്ടുന്ന നല്ലതരം ചകിരിയും ചുരുങ്ങിയ ശമ്പളത്തിൽ ജോലിചെയ്യാൻ പ്രാപ്തിയുള്ള ജോലിക്കാരും അവർക്കു കിട്ടുന്നില്ല. അതിനാൽ പ്രകൃത്യാതന്നെ നമ്മുടെ കയറുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള സവ്വസാഹചര്യങ്ങളും നമുക്കു ലഭിച്ചിട്ടുണ്ടു്. ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു മായം കലത്തി കയറുവ്യവസായത്തെ ഒന്നാകെ അധഃപതിപ്പിക്കുവാൻ ചിലർ ശ്രമിച്ചുവരുന്നതായി അറിയുന്നതു നിർഭാഗ്യകരമാണു്. മണ്ണു്, ചെളി, വെള്ളം, മുതലായ സാധനങ്ങൾ കലത്തി കയറിന്റെ തൂക്കം വർദ്ധിപ്പിച്ചു കൂടുതൽ വില മേടിക്കുവാനുള്ള ശ്രമമാണിതെല്ലാം. നമ്മുടെ വ്യവസായത്തെ വളരെ അധഃപതിപ്പിക്കുന്ന ഒരു സമ്പ്രദായമാണിതു്. ഇക്കാര്യത്തിൽ കർശനമായ നടപടികളെടുത്തു ഗവൺമെണ്ടു തടയേണ്ടതാണു്. എന്നാൽ ഗവൺമെണ്ടു ഇതുവരെ ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മായംചേർത്ത കയർ വാങ്ങുന്നതും വില്ക്കുന്നതും കുറ്റകരമാക്കി, അതിലേർപ്പെട്ടിരിക്കുന്നവരുടെ പേരിൽ തക്കസമയത്തു കർശനമായ നടപടികൾ എടുത്തു ഈ ദുഷിച്ച സമ്പ്രദായത്തെ ഈ രാജ്യത്തുനിന്നും നിർമ്മാർജ്ജനംചെയ്യുന്നതിനു് ഗവൺമെണ്ടു് മടിച്ചുകൂടാത്തതാണു്. ഈ രാജ്യത്തെ ഏറ്റവും പ്രധാനമായ വ്യവസായത്തെ അധഃപതിപ്പിക്കുന്ന ഈ ദുഷിച്ച സമ്പ്രദായത്തിൽ കണ്ണുമടച്ചുകൊണ്ടു ഗവൺമെണ്ടിനു ഇരിക്കാവുന്നതല്ല. ഇതിനെ സംബന്ധിച്ചു പല പല നിവേദനങ്ങൾ ഗവൺമെണ്ടിന്റെ മുൻപാകെയും ഈ നിയമസഭയിലും വന്നിട്ടുണ്ടു്. എന്നാൽ ഇതിനെ സംബന്ധിച്ചു ഗവൺമെണ്ടു കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. ഈ പ്രശ്നത്തിനു ഏതാണ്ടു ഒരു പരിഹാരമുണ്ടാകത്തക്കവണ്ണം അടുത്തകാലത്തു ഗവൺമെണ്ടു ചെയ്തിട്ടുള്ള ഒരു കാര്യം വെയർഹൌസുകൾ ഏർപ്പെടുത്തി എന്നുള്ളതാണു്. അതുകൊണ്ടു ഇതിനു ഏതാണ്ടൊക്കെ പരിഹാരം ഉണ്ടാകുമെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു. ആ ആക്ടു് നടപ്പിലാക്കിയതിനുശേഷം വെയർഹൌസുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി ഏതാനും ചില ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. എന്നാൽ പിന്നീടൊന്നും ഉണ്ടായില്ല. അങ്ങനെ അതിപ്രധാനമായ ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഉണ്ടാക്കിവച്ച ആ നിയമം പാലിച്ചുകൊണ്ടുപോകുന്നതിനും ജനങ്ങൾക്കു അതു ഗുണകരമാക്കിത്തീർക്കുന്നതിനും ഗവൺമെണ്ടു അതു കാര്യമായി പിന്നീടു ശ്രദ്ധിച്ചില്ല. ഒടുവിൽ ഈ വെയർഹൌസു് ആക്ടിന്റെ ഉപയോഗംതന്നെ ഇല്ലാതാക്കുകയാണു ചെയ്തതു്. അതുകൊണ്ടു, വെയർഹൌസു് ആക്ടു് ശരിയാംവണ്ണം നടപ്പാക്കുകയും ആ നിയമത്തിനു വല്ല കുറവുമുണ്ടെങ്കിൽ അതു പരിഹരിക്കത്തക്കവണ്ണം നിയമത്തിനുതന്നെ ഭേദഗതികളും വരുത്തുകയുംചെയ്തു ആ നിയമം ജനങ്ങൾക്കു കൂടുതൽ ഉപയോഗപ്രദമാക്കിത്തീർക്കേണ്ടതും അത്യാവശ്യമാണു്.

സർ, ഈ രാജ്യത്തെ കയർവ്യവസായം അടക്കി കൈവശംവെച്ചുകൊണ്ടിരിക്കുന്നതു പ്രധാനമായി ഇവിടുത്തെ യൂറോപ്യൻ കമ്പനിക്കാരും അതുകഴിഞ്ഞാൽ ബാംബെയിൽനിന്നും മറ്റും വന്നിട്ടുള്ള വൻകിടമുതലാളിമാരായ സേട്ടന്മാരും ആണു്. ഈ രണ്ടുകൂട്ടരാണു ഈ വ്യവസായത്തെ ഇപ്പോൾ അടക്കിഭരിക്കുന്നതു്. എന്നാൽ ഇതിനിടയ്ക്കു ചില ചെറിയ നാടൻകമ്പനിക്കാരും ഈ വ്യവസായത്തിൽ മുൻപു ഏർപ്പെട്ടിരുന്നു. അവർക്കു നിരവധി ക്ലേശങ്ങളും പ്രതിബന്ധങ്ങളും പ്രതീകൂലമായ സാഹചര്യങ്ങളും നേരിടേണ്ടിവന്നതിനാൽ ഈ നാടൻകമ്പനിക്കാരെല്ലാം വളരെ അധഃപതിക്കയും നശിക്കുകയും ചെയ്തു. സർ, മുൻപു കയറുപാണെയ്ത്തു മുഴുവൻ ഈ വൻകിട കമ്പനിക്കാരുടെ മോണോപ്പളിയായിരുന്നു. എന്നാൽ പിന്നീടു നാട്ടുകാർ അതു ഏറ്റെടുത്തു. ചിറയിൻകീഴ് താലൂക്കിനെമാത്രംപറ്റി പഠനംചെയ്യുകയാണെങ്കിൽ കയറുപായും തട്ടുക്കും നെയ്യുന്നതിൽമാത്രം ഏർപ്പെട്ടിരുന്ന മുപ്പതിൽപരം കമ്പനികൾ അവിടെയുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, അവിടെ ഒരു കമ്പനിപോലും ഈ തൊഴിൽ ചെയ്യുന്നില്ല. എല്ലാ കമ്പനികളും അടച്ചുപൂട്ടിയിട്ടിരിക്കുകയാണു്. സർ, ഈ ചെറിയ കമ്പനിക്കാരെക്കൂടി പ്രോത്സാഹിപ്പിക്കേണ്ട ചുമതല ഗവൺമെണ്ടിനുണ്ടു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Nanoo]

വർ ഈ തൊഴിൽ നടത്തിക്കൊണ്ടുപോകണമെങ്കിൽ ഗവമ്മെണ്ടു പണംകൊടുത്തു അവരെ സഹായിക്കണം. കമ്പനിക്കാർ—ഈ നാടൻകമ്പനിക്കാർ—ഉണ്ടാക്കുന്ന പായും തട്ടകും ആലപ്പുഴ കൊണ്ടുപോയി വില്ക്കുണ്ടതു ഈ വൻകിട മുതലാളിമാക്കാണു്. മിക്കവാറും യൂറോപ്യൻ കമ്പനിക്കാർ നിശ്ചയിക്കുന്ന വിലയ്ക്കുതന്നെ ഇവർ നിർമ്മിക്കുന്ന സാധനങ്ങൾ വില്ക്കുണ്ടതായിവരുന്നു. ചെറിയ കച്ചവടക്കാർ, വൻകിട മുതലാളിമാർ പറയുന്ന വിലയ്ക്കു സാമാനങ്ങൾ കൊടുക്കുവാൻ നിർബ്ബന്ധിതരായിത്തീരുന്ന ഒരു പരിതസ്ഥിതിയാണു് ഇപ്പോൾ ഇവിടെയുള്ളതു്. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതി നിലനില്ക്കുന്നിടത്തോളംകാലം കയറുവ്യവസായംപോലെയുള്ള ഒരു വ്യവസായം അഭിവൃദ്ധിപ്പെട്ടുവരുവാൻ വളരെ പ്രയാസമുണ്ടു്. അതുകൊണ്ടു ചെറിയ കച്ചവടക്കാർ ആലപ്പുഴ കൊണ്ടുചെല്ലുന്ന സാധനങ്ങൾക്കു ശരിയായ വില കിട്ടത്തക്കവണ്ണം ഗവമ്മെണ്ടു അവരെ സഹായിക്കണം. എത്രപറഞ്ഞാലും ഗവമ്മെണ്ടിനു പണമില്ല, എന്ന സമാധാനമാണുള്ളതു്. സർ, ഈ സമാധാനം എത്രനാൾ പറയാൻ കഴിയും? ഈ കയർ വില്പനക്കാരിൽനിന്നുതന്നെ ഗവമ്മെണ്ടു വില്പനനികുതി ഈടാക്കുന്നുണ്ടു്. ഈ രാജ്യത്തെ സാമാന്യ തൊഴിലാളികളേയും ദരിദ്രരുടെ കുടുംബങ്ങളേയും സാരമായി ബാധിക്കുന്ന ഈ വ്യവസായത്തെ പരിഗണിച്ചു ഇവരിൽനിന്നും യാതൊരു വില്പനനികുതിയും ഈടാക്കാവുന്നതല്ലെന്നാണു എന്റെ അഭിപ്രായം. എങ്കിലും ഗവമ്മെണ്ടു ഇവരിൽനിന്നും വില്പനനികുതി ഈടാക്കിവരുന്നു. അതിൽനിന്നു ഗവമ്മെണ്ടിനു കിട്ടുന്ന ആദായംപോലും എടുത്തു ഇവരുടേയും ഈ വ്യവസായത്തിന്റേയും അഭിവൃദ്ധിക്കുവേണ്ടി ചെലവാക്കുവാൻ ഗവമ്മെണ്ടു തയാറില്ല. ഏതായാലും ബാങ്കുകാരെ ചുമതലപ്പെടുത്തിയൊ, മറേറതെങ്കിലും തരത്തിലൊ ആവശ്യമുള്ള പണമുണ്ടാക്കി കയറിനു ശരിയായ വില കിട്ടത്തക്കവണ്ണം വേണ്ട നടപടികളും ഗവമ്മെണ്ടു ചെയ്യേണ്ടതാണു്. പണമില്ല എന്ന സമാധാനം ഈ കാര്യത്തിനെങ്കിലും ഗവമ്മെണ്ടു പറയാതിരിക്കണം.

സർ, കയറിനു വിലയുള്ള ഒരുകാലമാണിതു്. എന്നാൽ ചകിരി വേണ്ടിടത്തോളം കിട്ടുന്നില്ല. നമ്മുടെ രാജ്യത്തുണ്ടാകുന്ന തൊണ്ടിന്റെ പകുതിഭാഗംപോലും അഴക്കാൻ കിട്ടുന്നില്ല. ഉൾനാടുകളിൽനിന്നു കിട്ടുന്ന തൊണ്ടു് കായൽത്തീരങ്ങളിൽ കൊണ്ടുവരുന്നതിനു അമിതമായ കൂലി കൊടുക്കേണ്ടിയിരിക്കുന്നു. കുറഞ്ഞ കൂലിച്ചെലവിൽ തൊണ്ടു അഴക്കിലിടുവാൻ കായൽത്തീരങ്ങളിൽ തൊണ്ടു എത്തിക്കത്തക്ക യാതൊരു വ്യവസ്ഥകളും ഇന്നു നമുക്കില്ല. അതിനുള്ള ഏതെങ്കിലും എസ്റ്റാട്ടകളൊ പദ്ധതികളൊ ഉണ്ടാക്കിയിട്ടുമില്ല. അക്കാര്യത്തിൽകൂടി ഗവമ്മെണ്ടു ശ്രദ്ധിക്കേണ്ടതാണു്.

സർ, ഇതിനെല്ലാം ഉപരിയായി വളരെ വിഷമമായിട്ടുള്ളതാണു് തൊണ്ടു അഴക്കിലിടുക എന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മുതലാളിമാരുടെ കാര്യം. കയർപിരിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗത്തിനു രണ്ടു വിലങ്ങുതടികളുണ്ടുള്ളതു്. ഒന്നു് അങ്ങേയറത്തുള്ള യൂറോപ്യൻ കമ്പനിക്കാർ, മറേറതു, ഇങ്ങേയറത്തുള്ള തൊണ്ടഴക്കിലിടുന്ന മുതലാളിമാർ. നൂറു തൊണ്ടിനു ഏകദേശം അഞ്ചുരൂപാ വിലവരുമെങ്കിൽ അതു വാങ്ങികൊണ്ടുവന്നു് അഴക്കി അൻപതു രൂപയ്ക്കാണു് ഈ മുതലാളിമാർ വില്ക്കുന്നതു്. ഇങ്ങനെ അഴുകിയ തൊണ്ടിന്റെ അമിതമായ വിലക്കൂടുതൽനിമിത്തം കയറുപിരിക്കുന്ന ഇടത്തരക്കാരായ വ്യവസായികൾക്കു പറയത്തക്ക ആദായം ലഭിക്കാതെപോകുന്നു. അതിന്റെ അനന്തരഫലമെല്ലാം ഈ മുതലാളിമാക്കും ലഭിക്കുന്നു. അതുകൊണ്ടു തൊണ്ടിന്റെ വില കൺട്രോൾ ചെയ്യേണ്ടതു ഈ ഗവമ്മെണ്ടിന്റെ ഒരു ചുമതലയാണു്. ആ ചുമതലയും ഗവമ്മെണ്ടു ഇതേവരെ നിർവ്വഹിച്ചിട്ടില്ല. ഇതു് ഇന്നും ഇന്നലേയും ഉണ്ടായിട്ടുള്ള ഒരു സംഗതിയല്ല. വളരെക്കാലത്തിനുമുമ്പെ ഇതിനെസംബന്ധിച്ചു് ഗവമ്മെണ്ടിന്റെ മുമ്പിൽ പരാതികളും വന്നിട്ടുണ്ടു്. അങ്ങിനെ വളരെക്കാലമായി പരാതികളും ഉണ്ടായിരുന്നിട്ടും ഗവമ്മെണ്ടു എന്തുകൊണ്ടു തൊണ്ടിന്മേൽ കൺട്രോൾ ഏർപ്പെടുത്തിയില്ല എന്നു ചോദിക്കേണ്ടിയിരിക്കുന്നു. കൺട്രോൾ ഏർപ്പെടുത്തുകയാണെങ്കിൽ കയറുപിരിപ്പുകാരായ തൊഴിലാളികളുടെ നിലയും ഇടത്തരക്കാരായ കയറുവ്യവസായികളുടെ നിലയും ഒരേസമയം അഭിവൃദ്ധിപ്പെടുന്നതാണു്. അതുകൊണ്ടു് ഇക്കാര്യം ഞാൻ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

മറെറാരുകാര്യം എനിക്കു പറയുവാനുള്ളതു് കയറുവ്യവസായം പരിപൂർണ്ണമായി സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റിയാണു്. സഹകരണാടിസ്ഥാനത്തിൽ കയറുവ്യവസായികൾ സംഘടിക്കുകയാണെങ്കിൽ അവരുടെ വകയായിത്തന്നെ ഗോ-

LIBRARY ARCHIVES Kerala Legislative Assembly

ഡൗൺ ഉണ്ടാക്കുന്നതിനു് അവർക്കു സാധിക്കും. ആ മോഡൗണിൽ ചരക്കുകൾ ശരിയായി സൂക്ഷിക്കുന്നതിനും, നല്ലവിലയ്ക്കു വില്ക്കുന്നതിനും സാധിക്കുന്നതാണു്. അതുകൊണ്ടു് സഹകരണാടിസ്ഥാനത്തിൽകൂടിയും മറ്റു പ്രകാരത്തിലും ഈ വ്യവസായത്തെ പുരോഗമിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ട എല്ലാ നടപടികളും സർക്കാരിന്റെ കൈക്കൊള്ളേണ്ടതാണെന്നു് അപേക്ഷിച്ചുകൊണ്ടും ഈ പ്രമേയവും അതിൽ അടങ്ങിയിരിക്കുന്ന തത്വവും സഭ സ്വീകരിക്കേണ്ടതാണെന്നു അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഏ. ചിതംബരനാത നാടാർ: സർ, മിസ്റ്റർ. അപ്തുൽ മജീത് കൊണ്ടുവന്ത തീർമാനത്തൈ അതേ രൂപത്തിൽ, യാതൊരു പ്രിസിലേനയും ചെയ്യാമൽ, ഇന്ത സർക്കാർ ആതരിക്കപ്പോകിറതു എന്നുൽ ഒരു വേലൈ കമ്പ്യൂനിചത്തിറ്കുത് തണ്ണീർ വാർത്തു ഉരം പോട്ടുകണം ശ്രീ.ടി.കെ. നാരായണപിള്ളൈ അവർകളിൻ സർക്കാർ വളർക്കപ്പോകിറതോ എന്നു നിനൈക്കിറേൻ. ഇന്നുള്ള ചനനായക സർക്കാരുക്കു കമ്പ്യൂനിചം എന്നുൽ എന്ന എന്പതു തെരിയാമൽ, തൊഴിലാളി എന്നുൽയാർ, അവൻ എത്തൻമൈ പടൈത്തവൻ എന്പവൈകളൈത് തെരിയാമൽ, അനിയായമാക പോലീസ് അതികാരികളൈ വൈത്തുക്കൊണ്ടു കമ്പ്യൂനിലം എന്നുൽ എന്ന തൻപതു കൂട തെരിയാത ഏഴൈ തൊഴിലാളിയൈപ് പിടിത്തു പോലീസ് സ്ടേഷനുക്കു കൊണ്ടുപോയ് ലാക്കപ്പിൽ വൈത്തു അടിക്കിറാർകൾ. ഇതൈ ചനം നാണു ചൊന്നാർ. നാം ഐക്യ ചമസ്താനത്തിലിരുക്കിറോം. ആനാൽ ഇന്തത് തീർമാനത്തിൽ തിരുവിതാങ്കൂരൈപ് പറ്റിത് താൻ ചൊല്ലി ഇരുക്കിറതു. കൊച്ചിയൈപ് പറ്റിഒൻ റും ചൊല്ലവില്ലൈ. മുതലാളി തൊഴിലാളി എന്റ പിരച്നൈ തെർകേ കന്നിയാകുമരിമുതൽ കൊച്ചിയിൻ വടഎല്കൈ വരൈയുൾള ഇന്ത ഐക്യ ചമസ്താനത്തൈ പാതിക്കക്കൂടിയതു. കമ്പ്യൂനിസത്തൈ ചനം ടി. കെ. നാരായണപിള്ളൈ അവർകൾ കണ്ടുമും

Mr. Deputy Speaker: പ്രമേയത്തെപ്പറ്റി തന്നെയാണോ സംസാരിക്കുന്നതു്?

ശ്രീ. ഏ. ചിതംപരനാത നാടാർ: അതൈപ്പറ്റിത് താൻ പേചുകിറേൻ. തൊഴിലാളി എന്പവൻ യാർ? തൻ കരലകേപം നടത്ത, തൻ വയിറ്റിൻ ഉണവുക്കാക മുതലാളിയിടം വേലൈക്കുച് ചെൽപവൻ. വേലൈ ചെയ്ത പിറകു ചംപളം കേട്കിറാൻ. അതുപോതാതു എന്റു വരുംപോതു, തനക്കുച് ചറ്റുചംപളത്തൈക് കൂട്ടിത്തരവേണ്ടും എന്റു കേട്കിറാൻ. തൻ നെറ്റി വേറ്വൈയൈ നിലത്തിൽ ചിന്തി തൻ ഉടംപൈ കടംപാക ഓടിത്തു വേലൈ ചെയ്തു മുതലാളിക്കുച് ചെൽവത്തൈ ഈട്ടിക് കൊടുത്തുവിട്ടു, തൻ വയിറ്റുക്കുച് ചംപളം പോതാതു, ചറ്റു കൂട്ടിത് താരുങ്കൾ എന്റു കേട്കുമ് പോതു, ഇന്ത കനം ടി. കെ. നാരായണപിള്ളൈ ചർക്കാരൈ മുതലാളി ഉതവിക്കുക് കൂപ്പിടുകിറാൻ. തൊഴിലാളി, കൊഞ്ചം കൂട്ടിതതാരുങ്കൾ എന്റു കേട്ടാൽ ഉടനേ കമ്പ്യൂനിചം എന്കിറാർകൾ. ഇരാപ്പകലാക വേലൈ ചെയ്തു മുതലാളിക്കുച് ചെൽവത്തൈക് കൂട്ടി വിട്ടു, ഐയാ എനക്കുക് കൊഞ്ചം കൂട്ടിക് കൊടുങ്കൾ എന്നുൽ കമ്പ്യൂനിചത്തിൻ പേരാൽ ഉടനേ അവനുക്കു ലാക്കപ്. എനതു അൻപർ കൊണ്ടുവന്ത അൽതിവാരമില്ലാത് ഇന്തത് തീർമാനത്തൈ നാൻ എതിർക്കിറേൻ. അതർക്കുക് കാരണമുണ്ടു. നീങ്കളുമ് അതൈ എതിർക്കവില്ലൈയാനാൽ നീങ്കൾ താൻ അന്ത കമ്പ്യൂനിചത്തൈ വളർക്കിറീർകൾ എന്റു ചൊല്ലിക് കൊൾകിറേൻ. അൻപർകളേ, മുതലാളിയാനവൻ തൊഴിലാളികളൈച് ചുരണ്ടി അവർകളതു നൻമൈയൈച് ചറ്റുമ് കവനിക്കാമലിരുപ്പതിനാൽതാൻ ഉത്തിയോകങ്കളുമ് അചാങ്കമുമ് ആടുകിന്റന. തൊഴിലാളികളിടമിരുന്തു മുതലാളികൾ വേലൈ വാങ്കിയുമ്, അവർകളിടമിരുന്തു എവ്വളവു നൻമൈകൾ പെറ മുടിയുമോ അവൈകളൈപ് പെറ്റു പിൻപു അവർകളൈ എവ്വളവു ആഴമാകക് കുഴിതോണ്ടി പുതൈക്കലാമോ അവ്വളവു ആഴത്തിൽ പുതൈപ്പതൈ നാമ് കാണ്കിറോമ്. മുതലാളികളേ തൊഴിലാളികളിൻ നൻമൈക്കാക ഐക്യ ചങ്കത്തൈ നിറുവി, പിൻപു അവർകളൈ അതിൽ തലൈയിട്ടു അതൈ കുലൈക്ക മുയറ്ചി ചെയ്തു കൊണ്ടു വരുകിറാർകൾ. ഇതൈ കനം ടി. കെ. നാരായണപിള്ളൈ ചർക്കാർ ഉണരവില്ലൈ എന്പതൈ വരുത്തത്തുടൻ തെരിവിത്തുക് കൊൾകിറേൻ. തൊണ്ടൈ അഴുക വൈപ്പതു മുതൽ കയിറുക മുതലാളി കൈയിൽ വരുകിറ വരൈയിൽ തൊഴിലാളികൾ താൻ വേലൈ നടത്തിവരുകിറാർകൾ. കയിറ്റൈ വിറ്റു കൊള്ളൈ ലാപമ് അടൈവതു മുതലാളികൾ താൻ.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. எ. சிதம்பரநாத நாடார் :

தொழிலாளி யாதொரு நன்மையும் அடைவதில்லை. தொழிலாளிகள் கஷ்டப்படு கிறார்கள் என்பதை இந்த ஜனநாயக சர்க்கார் பார்க்கவோ, அல்லது அவர்களது கூக் குரலுக்கு செவி சாய்ப்பதோ யில்லை. கயிற்று விவசாயம் அதப்பதித்துப் போய் விடும் என்று ஸ்ரீ. அப்துல் மஜீத் கூறுகிறார். அப்படி என்றால் தொழிலாளிகளே யில்லை என்ற அர்த்தம்! இல்லை. அதாவது முதலாளிகளே அந்தத் தொழிலை வேரோடு பிடுங்கி எறிய வேலை செய்து கொண்டிருக்கிறார்கள் என்பதுதான் அர்த்தம். முதலாளிகளே இத்தொழிலுக்கு தீங்கு வரும் முறைகளை கையாளுகிறார்கள். கயற் றின் தூக்கத்தைக் கூட்டுவதற்கு கயிற்றை தண்ணீரில் முக்கவும், மண்ணைச் சேர்க் கவும் சொல்கிறார்கள். கடல் தண்ணீரைச் சேர்க்கச் சொல்கிறார்கள். முதலாளி களுக்காக தொழிலாளிகள் எவ்வளவெல்லாம் கஷ்டப்பட்டாலும், ஏழைத் தொழி லாளிகளுக்கு ஏதாவது கிடைக்கிறதா என்று பார்த்தால் யாதொன்றும் கிடைப்ப தில்லை. அவர்கள் இலவு காத்தகிளி போல் ஆய்விடுகிறார்கள். இதை இந்த சர்க்கா ரும் பார்ப்பதில்லை. தொழிலாளியின் தேகஸ்திதி எப்படியிருக்கிறது என்று பார்க்க வேண்டும். க்ளினிகல் தர்மாமீட்டர் வைத்துப்பார்க்கவேண்டும். அவனது தேகம் முதலாளியின் தேகத்தை விட அதிக உஷ்ணமாகயிருக்கும். முதலாளிக்கும் குழந் தைகள் பிறக்கின்றன. தொழிலாளிக்கும் குழந்தைகள் பிறக்கின்றன. ஆனால் முதலாளிக்குக் குறைந்துதானிருக்கும். தொழிலாளிக்கு ஆறு குழந்தைகளிருக்கும். முதலாளிக்கு ஒன்று அல்லது இரண்டு குழந்தைகளிருக்கும். தொழிலாளியின் குடும்பம் பெருகப்பெருக தரித்திரம் வருகிறது. ஏன்? அவனுக்கு சம்பளம் குறைவு. குடும்பம் பெரிது. அவனது வேலைக்குத் தகுந்தவாறு கூடுதல் சம்பளம் கிடைப் பதற்கோ அல்லது ஏன் கிடைப்பதில்லை என்பதையோ நமது சர்க்கார் பரிசிலனை செய்யவேண்டாமா? அவனது வயிற்றில் அடித்தால் அவன் மனவருத்தமடைகிறான். அவன் வேலைக்குச் செல்வதில்லை. முதலாளிக்கு ஆதாயமும் குறைகிறது. அப் போது தான் கம்யூனிசம் வருகிறது. என்? முதலாளியின் தூண்டுதலினால் அரசாங்கம் தலையிட்டு, கம்யூனிசத்தை அடக்க வேண்டும் என்கிறார்கள். தனி ஒருவனுக்கு உணவு யில்லையேல் ஜகத்தினை அழித்திடுவோம், என்று பாரதி சொல்கிறார். அதனால் வேலை செய்பவனுக்கு சரியானபடி ஊதியம் கொடுக்கவேண்டும். இல்லையேல் அது பெருத்த தீங்குகளை விளைவிக்கும். இப்படி கம்யூனிசம் என்ற பேரில் போலீசை வைத்து power செலுத்துவதை நிறுத்தி, தொழிலாளிகள் என் கூக்குரல் இடுகிறார்கள் என்று பார்த்து அவர்களுக்கு சரியான படி ஊதியம் கிடைக்க ஏற்பாடு செய்தால், தொழிலும் சரியாக நடக்கும், சர்க்காரும் சரியாக நடக்கும் தொழிலாளி பிரச்னையும் தீரும் என்று சொல்லி விட்டு, இதை எதிர்க்கிறேன்.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : സർ, ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ കയറുപിരിക്കുന്ന ഇടത്തരക്കാരെമാത്രം ഉൾപ്പെടുത്തിയുള്ള സഹകരണസംഘങ്ങൾ നടപ്പാക്കുന്നതോടുകൂടിത്തന്നെ അതുകൊണ്ട് ഉപജീവനം കഴിച്ചു പോരുന്ന തൊഴിലാളികളേയുംകൂടി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ നില അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്.

ഈ പ്രശ്നത്തിന്റെ ഒരുവശത്തേക്കുറിച്ചുമാത്രമേ ഞാൻ പറയണമെന്നുദ്ദേശിക്കുന്നുള്ളൂ. അതായത് ഇന്നു വളരെ അധഃപതിച്ചു നിലയിലിരിക്കുന്ന കയറുവ്യവസായത്തെ ഉയർത്തിക്കൊണ്ടുവരേണ്ടതു് ഏറ്റവും അടിയന്തിരവും സത്വരവുമായ ആവശ്യകതയാണെന്നു തവണ്ടിന്റെ ദുഷ്ടിയിൽപെടുത്തുക എന്നുള്ളതാണ് എന്റെ ഉദ്ദേശം. കയറുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സ്ഥിതിവിവരക്കണക്കുകൾ തവണ്ടിൽനിന്നും സംഭരിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ഏതാണ്ടു് 8 ലക്ഷത്തോളം ആളുകൾ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യവസായമാണ് കയർവ്യവസായം. ഏതാണ്ടു് അത്രയും ആളുകൾതന്നെ മറ്റുപ്രകാരത്തിൽ ഈ വ്യവസായത്തോടു ബന്ധപ്പെട്ടിരിക്കയും അതുകൊണ്ടു ഉപജീവിച്ചു പോരുകയും ചെയ്യുന്നുണ്ട്. 4 ½ കോടി രൂപയോളം ഈ വ്യവസായത്തിൽനിന്നും ഈ സംസ്ഥാനത്തിലേക്കു വരവുണ്ടാകുന്നുമുണ്ട്. അങ്ങിനെയുള്ള ഈ വ്യവസായം കടലോരപ്രദേശങ്ങളിലാണ് കേന്ദ്രീകൃതമായിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. കടലോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രപ്രദേശങ്ങളും ജനങ്ങളും അത്യധികം തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളാണു്. അവിടങ്ങളിലെ ജനങ്ങൾക്കു മറ്റൊരു ജീവനമാർഗ്ഗങ്ങളും വല്ലതായിട്ടൊന്നുമില്ല. കൃഷി മിക്കവാറും ആപ്രദേശങ്ങളിൽ ഇല്ലതന്നെ. സ്ത്രീകളും ഈ വ്യവസായത്തിൽ ധാരാളമായി ഏർപ്പെട്ടിരിക്കുന്നുണ്ടു്. ഇങ്ങനെപലതുകൊണ്ടും വളരെ പ്രാധാന്യമർഹിക്കുന്ന ഈ വ്യവസായം മിക്കവാറും നമ്മുടെ രാജ്യത്തിന്റെ ഒരു കുത്തകയായെന്നു പറയാവുന്നതാണു്. നമ്മുടെ രാജ്യത്തെ കൈത്തൊഴിലുകളെ എടുത്തുനോക്കിയാലും ഇത്ര പ്രാധാന്യമുള്ള മറ്റൊരു തൊഴിൽ ഇല്ലെന്നു് ആരും സമ്മതിക്കുന്നതാണു്. എന്നാൽ അതേ അവസരത്തിൽ ഇവിടെ പറഞ്ഞുകഴിഞ്ഞ പലേ കാരണങ്ങൾകൊണ്ടും, അതായതു് തൊണ്ടഴുക്കൽകാരുടെ മത്സരം, ആലപ്പുഴ മുതലായ സ്ഥലങ്ങളിലെ മുതലാളിമാരുടെ ചൂഷണം, കയറിൽ മായംചേർക്കുന്ന ഏർപ്പാടു മുതലായവ കാരണം ഈ വ്യവസായം ഇപ്പോൾ വളരെ അധഃപതിച്ചിരിക്കയാണു്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു കിട്ടുന്ന ശമ്പളം വളരെ കുറവാണെന്നു കണക്കുകൾ ഉദ്ധരിച്ചു് എന്റെ മറ്റു സ്നേഹിതന്മാർ ഇവിടെ പറഞ്ഞുകഴിഞ്ഞു. കടലോരപ്രദേശങ്ങളിൽ സ്ത്രീകൾ കൈകൊണ്ടു് കയറുപിരിക്കുന്നതിനുപുറമെ കയറുവ്യവസായശാലകളിലും അവർ ആയിരക്കണക്കിനു് ജോലിചെയ്യുവരുന്നുണ്ടു്. ഈ സംഗതികൾ എല്ലാം വച്ചുകൊണ്ടു നോക്കുമ്പോൾ ഈ വ്യവസായത്തെ അതിന്റെ ഇന്നത്തെ അധഃപതിച്ച നിലയിൽനിന്നു പുനരുദ്ധരിക്കേണ്ടതു് ഈ രാജ്യത്തിന്റെ സാമ്പത്തികനില സുരക്ഷിതമാക്കുന്നതിനുതന്നെ ഏറ്റവും അത്യാവശ്യമാണെന്നു കാണാൻ കഴിയും. സർ, ഇപ്പോൾ നമുക്കു മുന്നു സാമ്പത്തിക അധഃപതനത്തെത്തന്നെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു എന്നുവേണം പറയാൻ, ജീവിതച്ചിലവു് വളരെ വർദ്ധിച്ചും തൊഴിലില്ലാതെയായും രാജ്യത്തെ ജനങ്ങൾ ഇപ്പോൾ വളരെ വിഷമിക്കയാണു് ചെയ്യുന്നതു്. ഈ ദുസ്ഥിതിയെ പരിഹരിക്കുന്നതിനു നാം അടിയന്തിരമായി ശ്രമങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങൾ പലതരത്തിൽ വിഷമതകളനുഭവിക്കുമ്പോൾ, പ്രത്യേകിച്ചും കൂടുതൽ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ.ജനങ്ങൾ അക്ഷമരായിച്ചിലപ്പോൾ നിയമത്തേയും സമാധാനത്തേയും ഭഞ്ജിക്കുന്ന പ്രവർത്തനങ്ങളിൽപ്പോലും ഏർപ്പെടാൻ ഇടയാകുന്നതു സ്വാഭാവികമാണു്. അതേയവസരത്തിൽ നമ്മുടെ ചുറ്റുപാടും അലയടിക്കുന്ന അഭിപ്രായഗതികളേയും നാം ശരിയായി വീക്ഷിക്കേണ്ടതുണ്ടു്. ഈ രാജ്യത്തു് അക്രമപ്രവർത്തനത്തിൽ ഏർപ്പെടണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന പാർട്ടികൾ ഉണ്ടെന്നും നാം ഓർമ്മിക്കേണ്ടതാണു്. അങ്ങിനെയുള്ള പാർട്ടികൾക്കും സംഘങ്ങൾക്കും ഇതുമാതിരി വിഷമംപിടിച്ച പരിതഃസ്ഥിതികൾ വളരെ നല്ല ഒരു പ്രവർത്തനരംഗത്തെ പ്രദാനംചെയ്യുന്നതാണു്. അതുകൊണ്ടു് ഗവർമ്മെണ്ടിന്റെ നിലനിൽപ്പിനും ഈ രാജ്യത്തു നിയമവും സമാധാനവും നിലനിറുത്തിക്കൊണ്ടുപോകുന്നതിനു തന്നെയും ഈ പ്രശ്നത്തെ നാം സത്വരം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു.

എനിക്കു് ഈ അവസരത്തിൽ ഗവർമ്മെണ്ടിനെ അറിയിക്കുവാനുള്ളതു പണമില്ലെന്നുള്ള വാദം ഈ സംഗതിയെ സംബന്ധിച്ചു് ഗവർമ്മെണ്ടിനെ അലട്ടാൻ പാടില്ല. സാമ്പത്തികാധപതനം മൂലമുണ്ടായിട്ടുള്ള തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനു ഗവർമ്മെണ്ടു് എട്ടും പത്തും ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതായി അറിയാം. ഈ രാജ്യത്തെ ഏറ്റവും വലിയ കുടിൽവ്യവസായമായ കയർവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു പണമുണ്ടായേ തീരൂ. ഇൻഡ്യാ ഗവർമ്മെണ്ടിനെ സമീപിച്ചു ഈ സംഗതിക്കുവേണ്ടി നമുക്കു പണം ലോണായി എടുക്കാവുന്നതാണു്. പ്രത്യേകം സെസ്സു ഏർപ്പെടുത്തിയും ഈ പ്രശ്നത്തെ അഭിമുഖീകരിക്കാവുന്നതാണു്. അതിനാൽ ഇന്നത്തെ ഏറ്റവും അടിയന്തിര പ്രശ്നമായി ഇതിനെ അഭിമുഖീകരിച്ചു് ഏകദേശം മുപ്പതു ലക്ഷത്തോളം രൂപ മുടക്കി ഒരഞ്ചുകൊല്ലംകൊണ്ടു് പുത്തിയാകത്തക്കവിധത്തിലുള്ള സ്കീമോടുകൂടി ഇതിനുള്ള നടപടികൾ ഉടനടി തുടങ്ങണമെന്നാണു് എനിക്കു ഗവർമ്മെണ്ടിനെ അറിയിക്കുവാനുള്ളതു്. ആദ്യമേതന്നെ ഈ മുപ്പതു ലക്ഷം രൂപ മുടക്കാൻ സാദ്ധ്യമല്ലെങ്കിൽ ആദ്യത്തെ കൊല്ലത്തിൽ ഒരു നാലഞ്ചുലക്ഷം രൂപയെങ്കിലും മുടക്കി അങ്ങനെ ക്രമേണ അഞ്ചുകൊല്ലംകൊണ്ടു് കംപ്ലീറ്റ് ചെയ്യത്തക്കവിധം ഒരു പഞ്ചവത്സരപദ്ധതി ആസൂത്രണംചെയ്തു ഇതിനു സത്വരനടപടിയെടുക്കണമെന്നുള്ള അപേക്ഷയോടുകൂടി വിരമിക്കുന്നു.

ശ്രീ. മങ്കഴി മാധവൻ : ഞാൻ ഈ പ്രമേയത്തെപ്പറ്റി സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. കയറും കയറുസാമാനങ്ങളും വിദേശങ്ങളിലേക്കു കയറ്റിഅയച്ചു ഉദ്ദേശം പത്തു

[Sri. Mankuzhi Madhavan]

കോടി രൂപയോളം വിലയുള്ള ഡാളറും സ്റ്റെർലിങ്ങും ഇൻഡ്യക്ക് ലഭിക്കുന്നുണ്ട്. ഇൻഡ്യയെസംബന്ധിച്ചിടത്തോളം ഇതു ഒരു നല്ല National Wealth ആണ്.

സർ, ഉദ്ദേശം നാലു ലക്ഷത്തോളം തൊഴിലാളികൾ ഈ സംസ്ഥാനത്തു് കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതാവശ്യത്തിനു മതിയായ കൂലിയും മറ്റുസൌകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്നതിനു ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതു് അത്യാവശ്യമാണ്.

ശ്രീ. ഇ. കെ. മാധവൻ : മെമ്പർ പ്രമേയത്തെ അനുകൂലിക്കുന്നുവോ പ്രതികൂലിക്കുന്നുവോ ?

ശ്രീ. മങ്കുഴി മാധവൻ : അതു വഴിയേ മനസ്സിലാകും.

കയറും കയറുസാമാനങ്ങളും വിദേശവിപണികളിൽ ആദായകരമായ വിലയ്ക്കു വിൽക്കുന്നതിനു ഇപ്പോഴത്തെ പരിതസ്ഥിതിയിൽ ഗവണ്മെൻറു സഹായം അത്യന്താപേക്ഷിതമാണ്.

കയറിനു ന്യായമായ വില കിട്ടുമ്പോഴും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ശരിയായ കൂലി കിട്ടുന്നില്ല. കയറിൻെറ വില കൂടുമ്പോൾ അതിൻെറ ആദായത്തിൽ ഭൂരിഭാഗവും തൊണ്ടിൻെറ വിലയായി കൊടുത്തുവരുകയാണ്. ചീഞ്ഞ തൊണ്ടിൻെറ വില വല്ലിക്കുന്നതനുസരിച്ചു പച്ചത്തൊണ്ടിനു വില കൂട്ടിവാങ്ങുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു കയറിൻെറ വില കൂടുന്നതുകൊണ്ടുള്ള ആദായം കൂടുതൽ ലഭിക്കുന്നതു തൊഴിലാളിസമൂഹത്തിനായ ജന്മികൾക്കാണ്.

ശ്രീ. ഈ. കെ. മാധവൻ : പച്ചത്തൊണ്ടും ചീഞ്ഞ തൊണ്ടും തമ്മിൽ എത്ര് വില വ്യത്യാസമുണ്ട് ?

ശ്രീ. മങ്കുഴി മാധവൻ : ഇപ്പോൾ അഴകൽതൊണ്ടിനു് ആയിരത്തിനു അറുപത്തഞ്ചു രൂപാ വിലയുള്ള സ്ഥലത്തു് പച്ചത്തൊണ്ടിനു അമ്പതു മുതൽ അമ്പത്തഞ്ചു രൂപാവരെ വിലയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്.

സർ, ഈ നിലയ്ക്കു വിത്യാസം വരുത്തേണ്ടതാണ്. പച്ചത്തൊണ്ടു വാങ്ങുന്നവർ തമ്മിൽ ആവശ്യമില്ലാതെ മത്സരിക്കുന്നതുകൊണ്ടാണ് കൂടുതൽ വില കൊടുത്തു പച്ചത്തൊണ്ടു വാങ്ങേണ്ടിവരുന്നതു്. ഗവണ്മെൻറിൽനിന്നും തൊണ്ടുവില നിയന്ത്രിക്കത്തക്കവിധത്തിൽ തൊണ്ടിൻെറ സംഭരണവും വിതരണവും രജിസ്റ്റർ ചെയ്ത സംഘടനകളുടെ ചുമതലയിൽ കൊണ്ടുവരേണ്ടതാണ്.

കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രസ്താവിക്കാറുണ്ട്. എന്നാൽ അതിൻെറ ശരിയായ വിവരങ്ങൾ ഗവണ്മെൻറിൽനിന്നും പരസ്യം ചെയ്തിട്ടില്ല. ശരിയായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചും, സഹകരണപ്രസ്ഥാനത്തെപ്പറ്റിയും, ഈ വ്യവസായത്തെപ്പറ്റിയും വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞു വേണം ഇതിനെസംബന്ധിച്ചു അവസാനതീരുമാനമെടുക്കേണ്ടതെന്നു ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

സർ, കയർ ഉൽപാദിപ്പിക്കുന്ന തൊഴിലാളികളെയാണ് ഗവണ്മെൻറിൽനിന്നും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ പോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അങ്ങിനെയാണെങ്കിൽ അവർക്കു വേണ്ട ധനസഹായം ചെയ്യുവാൻ ഗവണ്മെൻറു സന്നദ്ധമാണെന്നും ഗവണ്മെൻറു വക്താക്കളായ ബഹുമാന്യപ്പെട്ട മന്ത്രിമാർ ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ട്. ഇതിനെപ്പറ്റി ശരിയായി മനസ്സിലാക്കിയിട്ടുള്ള അവർ ശരിയായി ആലോചിച്ചു ശ്രേഷ്ഠമാണ് ഈ വാഗ്ദാനം നടത്തുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. സർ, അങ്ങിനെയാണെങ്കിൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ആണ്ടുതോറും പത്തു കോടി രൂപാ വിലക്കുള്ള കയർ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്, സാമാന്യമായി നോക്കിയാൽ അതിനു കുറഞ്ഞതു അഞ്ചു കോടി രൂപ്പാ വിലയുള്ള തൊണ്ടു് ആവശ്യമാണ്. ഉല്പാദകരെ സഹായിക്കേണ്ടതു ചീഞ്ഞ തൊണ്ടു ന്യായമായ വിലയ്ക്കു അവർക്കു കൊടുത്തായിരിക്കണം. ഗവണ്മെൻറിൽനിന്നും കയർഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സഹാ

LIBRARY ARCHIVES Kerala Legislative Assembly

രണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ അവരെ സഹായിക്കുവാൻ എത്ര തുക ചെലവാക്കാൻ കഴിയുമെന്ന ഏകദേശമെങ്കിലും അറിയേണ്ടിയിരിക്കുന്നു. ചീഞ്ഞ തൊണ്ടിന്റെ വില നിയന്ത്രിക്കേണ്ടതു അത്യാവശ്യമാണു്. സർ, ഗവണ്മെൻറിന്റെ അധികാരം വിനിയോഗിച്ചു തൊണ്ടുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സംഘടന റജിസ്റ്റർ ചെയ്യണമെന്ന നിർബ്ബന്ധിക്കുകയും ആ വിധത്തിൽ തൊണ്ടിന്റെ വില നിയന്ത്രിക്കുകയും ചെയ്യുന്നതു പ്രായോഗികമായിരിക്കുമോ എന്നു് അന്വേഷിക്കേണ്ടതാണു്.

സർ, കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഗവണ്മെൻറിൽനിന്നും തീരുമാനിച്ചുവെന്ന വാർത്ത വളരെ സന്തോഷത്തോടുകൂടിയാണു് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വാഗതം ചെയ്യുന്നതു്. എന്നാൽ ഗവണ്മെൻറു കയർ വ്യവസായത്തെ സംബന്ധിച്ചിടത്തോളം നാളതുവരെ അവലംബിച്ചിട്ടുള്ള നില അവരിൽ പല ആശങ്കകളും ഉളവാക്കുന്നുണ്ടു്. സർ, അതിനു അവർ പല കാരണങ്ങളും പറയുന്നുണ്ടു്.

(എ) കയർസൊസൈറ്റി. (ബി) സെയിൽസ്ടാക്സ്, (സി) വെയർഹൌസു് ആക്ടു്.

കയറിനെപ്പറ്റി പൂർണ്ണവിവരങ്ങൾ ശേഖരിക്കുന്നതിനു ഒരു സർവ്വെ എർപ്പെടുത്തി സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ ശേഖരിച്ചു. പക്ഷെ ഒരു വർഷത്തിൽ കൂടുതലായിട്ടും അതിന്റെ Figures analyse ചെയ്തു ഒരു റിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

കയർ സെയിൽസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്ന ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ അപേക്ഷിച്ചു. അവരുടെ നിരന്തരശ്രമത്തിന്റെ ഫലമായി രണ്ടു പായിൻറിൽ മാത്രം നികുതി കൊടുത്താൽ മതിയെന്ന ഗവണ്മെണ്ടു ഭയവായി സമ്മതിച്ചു. എന്നാൽ കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എല്ലാവരും, റജിസ്റ്റർ ചെയ്യണമെന്ന നിർബ്ബന്ധിക്കുന്നു. റജിസ്റ്റർ ചെയ്യുന്നവർ എല്ലാപേരും Returns അയക്കാൻ നിർബ്ബന്ധിതരാണു്. Returns അയയ്ക്കുന്നവർ എല്ലാം നികുതി കൊടുക്കുകയും വേണം. നികുതി കൊടുക്കേണ്ട രണ്ടു പോയിൻറുകൾ ഏതാണെന്ന കാര്യം നിശ്ചയമില്ല. വില്ലനനികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും നിശ്ചയമില്ല. ഈ പോയിൻറുകൾ ഏതാണെന്നു അധികൃതമായി അറിയുന്നതിനു ഞാൻ നിയമസഭയിൽ അയച്ച ഒരു ചോദ്യത്തിനു കിട്ടിയ മറുപടി "നികുതി കൊടുക്കേണ്ട രണ്ടു പോയിൻറും തന്നെ" എന്നായിരുന്നു. ഈ മാതിരിയുള്ള നില ആശാസ്യമല്ല.

സർ, കയർവ്യവസായത്തിന്റെ എല്ലാ തുറകളിലും പ്രവർത്തനം നടത്തുന്നവരെ സംഘടിപ്പിക്കേണ്ടതു് ആവശ്യമാണു്. വ്യക്തികളെ സഹായിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനേക്കാൾ റജിസ്റ്റർ ചെയ്ത സംഘടനകൾ മൂലം ഈ വ്യവസായം നടത്തുന്നതായിരിക്കും നല്ലതു്. ഈ സംഗതികൾകൂടി ഗവണ്മെണ്ടിൽനിന്നും ഭയവായി ആലോചിക്കണമെന്നു കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ പ്രമേയം വായിച്ചതിൽ പ്രമേയകർത്താവു് ഇതിൽ എന്തുണ്ടുദ്ദേശിച്ചിരിക്കുന്നതെന്നു എനിക്കു ശരിയായി മനസ്സിലായിട്ടില്ല. അവതാരകൻ ഇവിടെ പ്രസംഗിക്കുന്ന തുകേട്ടപ്പോൾ കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു സങ്കടങ്ങൾ നേരിട്ടുണ്ടെന്നും, കയർ വ്യവസായം അധഃപതിച്ചുകൊണ്ടാണിരിക്കുന്നതെന്നും, അതുകൊണ്ടു് അവർക്കു ഗവണ്മെണ്ടു് ധനസഹായം ചെയ്തുകൊടുക്കണമെന്നും അപേക്ഷിക്കുവാനാണു് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു മനസ്സിലായി. പ്രമേയം വായിച്ചാൽ ഇടത്തരക്കാരായ ആളുകളെ സഹായിക്കുവാനായിട്ടാണു് ഈ പ്രമേയം ഈ അസംബ്ലിയിൽ കൊണ്ടുവന്നിട്ടുള്ളതെന്നു് ആരും കണ്ടാലും സമ്മതിക്കും. വാസ്തവത്തിൽ ഇതിൽനിന്നും എനിക്കു മനസ്സിലായിട്ടുള്ളതു് ആവിധത്തിലാണു്. ഇടത്തരക്കാരായ ആളുകളും മാത്രം ഓഹരിക്കാരായിരിക്കുന്ന സഹകരണസംഘങ്ങളുമുഖേന ഇടത്തരക്കാരെ മാത്രം സഹായിക്കുവാനായിട്ടു് ഗവണ്മെണ്ടു് ഇടപെടണമെന്നാണു് പറയുന്നതു്. പണം മുടക്കി വ്യവസായം നടത്തുവാൻ നിവൃത്തിയില്ലാത്തവരിൽ അത്യാഗ്രഹമുള്ള കുറെ ഇടത്തരക്കാരെ ഗവണ്മെണ്ടിൽനിന്നും സഹായധനം കൊടുത്തു ഈ വഴിക്കു് കയർവ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നാണു് പ്രമേയത്തിൽ നിർദ്ദേശിച്ചുകാണുന്നതു്. അത്തരം ഇടത്തരക്കാരായ കുറെ പേർക്കു് പണം കടം കൊടുത്തു് അവരെ പണക്കാരാക്കുവാനായിട്ടാണോ തിരുവിതാംകൂർ ഗവണ്മെണ്ടിന്റെ പണം വച്ചിരിക്കുന്നതു്? ഇന്നു കോവാപ്പറേറ്റിവു് സൊസൈറ്റികളും പലതും ഈ രാജ്യത്തുണ്ടു്. ഈ സ്ഥലത്തുനിന്നു് ഒരു ഇരുന്നൂറു വാര കിഴക്കോട്ടു മാറിയാൽ അ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

വിടെ ഒരു കോവാപ്പറേറീവ് സൊസൈറ്റിയുണ്ട്. ആ സൊസൈറ്റി ഏതു നിലയിലാണ് നടക്കുന്നതെന്നും, അതിന്റെ പ്രവർത്തനങ്ങൾ ഏതുതരത്തിലാണെന്നും നഷ്ടമില്ലാതെ ലാഭമൊന്നുമില്ലെന്നുമുള്ള സംഗതികളെപ്പറ്റി ആലോചിച്ചാൽ ഇത്തരം കോവാപ്പറേറീവ് സൊസൈറ്റികൾകൊണ്ട് നാട്ടിലെ സാമാന്യജനങ്ങൾക്ക് പ്രയോജനമുണ്ടോ എന്നുള്ള കാര്യം സംശയമാണ്. കയർവ്യവസായം അധഃപതിച്ചുകൊണ്ടാണ് വരുന്നതെന്നുള്ള സംഗതി പരമാർത്ഥമാണ്. അവരെ സഹായിക്കേണ്ടതു അത്യാവശ്യമാണ്. അതിനു ഈ പ്രമേയകർത്താവു പറഞ്ഞമാതിരി തിരുവിതാംകൂർ ഗവൺമെണ്ട് അതിലിടപെട്ടാൽ എന്തു ഗുണമാണ കിട്ടുവാൻ പോകുന്നതു?

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള : ചാ ാ യാർഡ് അകലെ മാറിയാൽ ഒരു കോവാപ്പറേറീവ് സൊസൈറ്റിയുണ്ടെന്നു പറഞ്ഞു, അതു ഏതാണ്?

ശ്രീ. പൊന്നറ ജി. ശ്രീധർ : രണ്ടുമുന്നു നില കെട്ടിടത്തിൽ ഒരു സൊസൈറ്റി ഇവിടെ അടുത്തുതന്നെയുണ്ട്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള : അതിന്റെ പ്രവർത്തനംകൊണ്ട് നഷ്ടമാണുണ്ടായിട്ടുള്ളതെന്നു പറയുന്നതു കണക്കുകൾ സൂക്ഷ്മമായി അറിഞ്ഞു പറയുന്നതാണോ?

ശ്രീ. പൊന്നറ ജി. ശ്രീധർ : കണക്കു മുഴുവൻ മനസ്സിലാക്കിയാണു പറയുന്നതു. അതിന്റെ വിവരങ്ങൾ അന്വേഷിച്ചാൽ ഏതൊരുത്തനും പബ്ലിക്കായിട്ട് അറിയുവാൻ കഴിയും. ഇന്നും വളരെ നഷ്ടമായിട്ടാണ് അതു നടത്തിവരുന്നതു. ഈയിടെയായി കുറച്ചധികം നഷ്ടം വന്നിട്ടുണ്ടെന്നും അറിയാം. അതിന്റെ മൂലധനവും ഇന്നത്തെ നടത്തിപ്പുകളും കൊണ്ട് നഷ്ടമാണു നേരിട്ടിരിക്കുന്നതു. ഈ വിധത്തിലുള്ള രണ്ടുനില കെട്ടിടങ്ങളും മറ്റും ഉണ്ടാക്കിയതുതന്നെ ആ സൊസൈറ്റിക്കുണ്ടായിട്ടുള്ള ലാഭംകൊണ്ടാണ്. സൊസൈറ്റിയുടെ നടത്തിപ്പിന്റെ കൊള്ളരുതായ്മകൊണ്ടാണ് ഇത്രവളരെ പണം കെട്ടിടത്തിനും മറ്റുമായി ചിലവിട്ടുന്നതു. ശരിയായ വിധത്തിൽ കൺട്രോൾ ചെയ്യാത്തതിന്റെ തരക്കേടാണതു. ഇങ്ങിനെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി നാട്ടുകാരുടെ ഇടയിൽ പല സൊസൈറ്റികളും നശിച്ചുപോയിട്ടുള്ളതായി നമുക്കു കാണാൻ കഴിയും. തൃപ്തികരമായി നടത്തുന്ന കോവാപ്പറേറീവ് സൊസൈറ്റികൾ വളരെ കുറവായിട്ടുകാണാൻ കഴിയുകയുള്ളു. സാധാരണയായി കണ്ടുവരാറുള്ള സൊസൈറ്റികൾ മിക്കതും ക്രഡിറ്റ്സൊസൈറ്റികളാണ്. കോവാപ്പറേറീവ് സൊസൈറ്റികളെപ്പറ്റിയുള്ളതല്ല. ഇവിടെ വാദവിഷയമെങ്കിലും അവയുടെ നടത്തിപ്പിനെപ്പറ്റി പറഞ്ഞുവന്നേയുള്ളു. ഈ പ്രമേയത്തിൽ കയർപിരിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചു ഒരു സൊസൈറ്റിയുണ്ടാക്കി ആ സൊസൈറ്റിയിൽ തൊഴിലാളികളെ അംഗങ്ങളായി ചേർത്തു അവരെ സഹായിക്കുകയും, അങ്ങിനെ ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുകയും വേണമെന്നു നിർദ്ദേശിച്ചിരുന്നുവെങ്കിൽ ഞാൻ അതിനെ സന്തോഷപൂർവ്വം സ്വീകരിക്കുമായിരുന്നു. ആ പ്രമേയത്തെ അനുകൂലിക്കാനും ഞാൻ തയ്യാറാകുമായിരുന്നു. തൊഴിലാളികളുടെ പേരുതന്നെ പറയാതെ ഇടത്തരക്കാർക്കു വേണ്ടി ഇങ്ങിനെയൊരു സൊസൈറ്റിയുണ്ടാക്കണമെന്നും, തിരുവിതാംകൂർ ഗവൺമെണ്ടിന്റെ പണമെടുത്തു അതിലേക്കു വായ്പയായി ചിലവിടണമെന്നും പറയുന്നതു ശരിയല്ല.

എതായാലും കയർവ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ ഗവൺമെണ്ടുദ്ദേശിച്ചിട്ടുണ്ടോ ഏതെല്ലാം വളരെ ഗാഢമായി ആലോചിച്ചു പ്രവർത്തിമാർഗ്ഗത്തിൽ കൊണ്ടുവരണമെന്നല്ല ഈ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ എതിർക്കുകയും ഈ വിധത്തിലുള്ള ഒരു പ്രമേയം ഒരിക്കലും ഗവൺമെണ്ടു സ്വീകരിക്കരുതെന്നു താഴ്മയായി അപേക്ഷിക്കുകയും ചെയ്യുന്നു.

ഇന്നു ലോകത്തിൽ വെച്ചു വലിയ മൊണോപ്പൊളിയുള്ള ഒരു വ്യവസായമാണ് കയർവ്യവസായം. അതു നശിച്ചുപോകാനുള്ള അവസരം സംജാതമാകാതിരിക്കുവാനുള്ള പ്രവൃത്തികൾ ഗവൺമെണ്ടു ചെയ്യാതിരുന്നാൽ ദോഷമാണ്. അതുകൊണ്ടു കയർവ്യവസായത്തിന്റെ അഭിവൃദ്ധിക്കും അതിലെ തൊഴിലാളികളുടെ രക്ഷക്കും അത്യാവശ്യമായ പ്രവൃത്തികൾ ഗവൺമെണ്ടിൽനിന്നും ഉരുത്തിരിക്കണം. ആ കാര്യത്തിൽ ഗവൺമെണ്ടു ദയവു ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

നല്ലവണ്ണം ആലോചിച്ചു ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. എ. പി. ഉദയഭാനു: എനിക്കും ഇതിനെപ്പറ്റി അല്പം സംസാരിക്കുവാനുണ്ടു്. കയർ വ്യവസായം അധഃപതിച്ചിരിക്കുന്നു എന്നു പ്രമേയ കർത്താവു പറഞ്ഞിരിക്കുന്നു. ഫൻ ർ ൻ-ൽ കയറുമതി കയറായും കയറു സാധനങ്ങളായും വ ൦, ൦ ൦ ൦ ടണ്ണോളം വന്നിരിക്കുന്നു. ഇതു മുൻകൊല്ലങ്ങളെ എല്ലാം അപേക്ഷിച്ചു വളരെ കൂടുതലാണു് കയറിന്റെ കയറുമതിയുടെ ഒരു peak year ആണു് ഫൻ ർ ൻ എന്നു വേണമെങ്കിൽ പറയാം. കയറിന്റെ കയറു മതിയിൽ ൫ ൦ ശതമാനത്തോളം ഇന്ത്യൻ വിപണികളിൽ ആണത്രേ. കയർ ഉല്പന്നങ്ങളുടെ വിലയും സാമാന്യം ഉയർന്നതന്നെ നില്ക്കുകയാണു്. ഇതെല്ലാം നോക്കുമ്പോൾ കയർ വ്യവസായം അധഃപതിച്ചിരിക്കുന്നു എന്നു പറയാവുന്നതല്ല.

കയർ വ്യവസായത്തിൽ അധഃപതിച്ചിരിക്കുന്നു എന്നു പറയുന്നതു് ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചാണു്. അതിൽ ഫാക്ടറികളിൽ ജോലിചെയ്യുന്ന സംഘടിത തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ അവരുടെ ശക്തമായ ശബ്ദം ഉയർത്തുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറുന്നതിനും അവർക്കു കഴിവുണ്ടു്. ഫൻ ർ ൻ-ന്റെ ജോർജ്ജു് കമ്മറി റിപ്പോർട്ടനുസരിച്ചു് അന്നു അവരുടെ സംഖ്യ രണ്ടായിരത്തോടടുത്തായിരുന്നു. ഇന്നു അതിൽ വളരെ മടങ്ങുണ്ടായിരിക്കും. എന്നാൽ കയറിന്റെ പ്രാഥമിക ഉൽപാദകരുടെ സംഖ്യയുമായി അതു താരതമ്യപ്പെടുത്തുവാനില്ല. അവർ തിരു-കൊച്ചിയുടെ തീരപ്രദേശത്തു താമസിക്കുന്ന ഏതാനും ലക്ഷം ജനങ്ങളാണു്. ശുദ്ധജലവും ശുദ്ധവായുവും ഇല്ലാത്ത ആ സ്ഥലത്തു നഗരങ്ങളേക്കാൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. അവരെ പുലർത്തുന്നതു കയർ വ്യവസായമാണു്. അവർക്കു ജീവിക്കുവാനുള്ള ആദായം കയർ വ്യവസായത്തിൽനിന്നു എങ്ങിനെ ഉണ്ടാക്കാമെന്നുള്ളതാണു് പ്രശ്നം.

കയർ വ്യവസായത്തിനു രണ്ടു ഭാഗങ്ങളുണ്ടു്. ഒന്നു കയറും കയറു സാമാനങ്ങളും വാങ്ങുന്ന വിദേശ വിപണി. മറേറതു തൊണ്ടിനെ കയറാക്കുന്ന തീരപ്രദേശം. ഇതിൽ വിദേശവിപണികളെ സംബന്ധിച്ചിടത്തോളം നമ്മുടെ നില ഇന്നു തരക്കേടില്ല—എന്നാൽ മണൽകൊണ്ടു കയർ പിരിക്കുന്നവരെന്നു കപ്രസിദ്ധി നമുക്കുണ്ടായിട്ടുണ്ടു്. നമ്മുടെ വ്യാപാരത്തിലെ അസന്മാർഗ്ഗികതകൊണ്ടു ഇന്ത്യൻ സാധനമെന്നുകേട്ടാൽ വേണ്ടെന്നു പറയുന്ന നിലയാണുള്ളതു്. നമ്മുടെ കയറുമതികളുടെ "മാറു" നില നിർത്തുന്നതിനുള്ള തീവ്രമായ ഒരു സംരംഭം ആവശ്യമാണു്. ഞാൻ കൂടെ ഉണ്ടായിരുന്ന നിയമ സഭയിലാണു്. അതിനുകൂടുന്ന ware house bill, pass ആയതു്—എന്നാൽ അതിലെ ചോർച്ചുകൾ തീർത്തു ഉടൻ ശരിപ്പെടുത്തേണ്ടിയിരിക്കുന്നു. അതു നമ്മുടെ കയറിന്റെ "മാറു" നിലനിർത്താൻ സഹായകമായിരിക്കും.

അതുപോലെതന്നെ ജോർജ്ജു കമ്മറി ശുപാർശ ചെയ്തിട്ടുള്ളതുപോലെ കയറിന്റെ കായ്ത്തിൽ ഗുണം നോക്കി കയറുമതി ചെയ്യുന്നതിനു ഒരു കമ്മറിയെ ഏർപ്പെടുത്തുന്നതും നന്നായിരിക്കും. അവർ അതിന്റെ ഗുണത്തിനു് ഉത്തരവാദിത്വം ചെയ്യണം.

കയറിനെ സംബന്ധിച്ചിടത്തോളം വ്യാപാരത്തിലെ വിദഗ്ദ്ധന്മാരെ ചേർത്തു കയറുമതി വ്യാപാരത്തിനു്, സംസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സ്ഥാപനം ഉണ്ടാക്കി സംസ്ഥാനത്തിന്റെ വ്യാപാരം ഏല്ക്കിയാൽ എന്താണെന്നും ആലോചിക്കേണ്ടതാണു്.

ഈ പ്രമേയം കൊണ്ടു പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു കയർ വ്യവസായത്തിലെ പ്രാഥമിക ഉൽപ്പാദകരെ സംബന്ധിച്ചാണു്. അവരുടെ നില അഭിവൃദ്ധിപ്പെടാതെ കയറിന്റെ വിദേശവിപണി വർദ്ധിച്ചതുകൊണ്ടും വിലകൂടിയതുകൊണ്ടും വലിയ പ്രയോജനമൊന്നും ഇല്ലതന്നെ.

കയർ വ്യവസായത്തിന്റെ പ്രാഥമിക വശങ്ങൾ നോക്കാം. കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ പലതരക്കാരാണു്. പച്ചത്തൊണ്ടു വ്യാപാരികൾ, പച്ചത്തൊണ്ടു വാങ്ങി അഴുക്കുന്നവർ—ആ അഴുക്കിയതൊണ്ടു വാങ്ങി തല്ലി ചകരിയാക്കി പിരിച്ചു കയറാക്കുന്നവർ—ഇതിൽ തൊണ്ടു തല്ലിച്ചുകരിയാക്കിപ്പിരിക്കുന്നവർ മിക്കവരും അന്നന്നു കിട്ടുന്നതുകൊണ്ടുമാത്രം ഉപജീവിക്കുന്ന തൊഴിലാളികളാണു്. അവരാണു് ഇന്നു ഏറ്റവും കഷ്ടപ്പെടുന്നതു്. തൊണ്ടിന്റെ വിലയും ഉൽപാദിപ്പിക്കപ്പെടുന്ന കയറിന്റെ വിലയും തമ്മിലുള്ള അന്തരം നോക്കിയാൽ അവർക്കു ജീവിക്കുവാൻതക്ക വിധത്തിലുള്ള ആദായം

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. P. Udayabhanu]

കിട്ടുന്നില്ലെന്നുള്ളതു് ഏറ്റവും അസുഖകരവും ദുഃഖകരവുമായ ഒരു പരമാർത്ഥമാണു്. അതിനുള്ള പരിഹാരമാർഗ്ഗമാണു് നമുക്കിന്നു് ആലോചിക്കേണ്ടതായിരിക്കുന്നതു്. തൊണ്ടു് അഴുക്കുന്ന ആളുകളുടെ അടുക്കൽനിന്നു അഴുകിയ തൊണ്ടു് വാങ്ങുന്നതിനുള്ള വിലയും, അഴുക്കിയ തൊണ്ടു് തല്ലി ചകരിയെടുത്തു കയറാക്കി വിറ്റാൽ കിട്ടുന്ന വിലയും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഏതാണ്ടു് നാലോ, അഞ്ചോ, ചക്രം മാത്രമെ ഒരു ദിവസം ഒരാൾക്കു കിട്ടുന്നുള്ളു. കയർ വ്യവസായം മറ്റു കുടിൽവ്യവസായങ്ങളെപ്പോലെ അല്ല. യന്ത്രസഹായം യാതൊന്നുമില്ലാതെപോലും അതു ചെയ്യാം. ആലപ്പുഴക്കാരൻ കൈത്തൊഴിലാണു് കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു കയർ പിരിക്കുവാനുള്ള അഴുകിയ തൊണ്ടിന്റെ വില കുറച്ചുകൊടുക്കുകയും കയർ ന്യായവിലയ്ക്കു അവരിൽനിന്നു വാങ്ങുകയും ചെയ്യാൻ കഴിയുമെങ്കിൽ കയറു പിരിക്കുന്നവർക്കു ജീവിക്കാനുള്ള സാദ്ധ്യതയുണ്ടു്. മൂലധനമില്ലാതെ ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു് മിതമായ വിലക്കു അഴുക്കിയ തൊണ്ടു കൊടുക്കുന്നതിനും, അതു കയറാക്കിക്കൊണ്ടുവരുമ്പോൾ തക്കതായ വിലയ്ക്കു വാങ്ങുകയും ചെയ്യുന്ന ഒരു സ്ഥാപനമുണ്ടാക്കുകയാണെങ്കിൽ തീർച്ചയായും ഇന്നു കുഴങ്ങിക്കിടക്കുന്നതു കയർവ്യവസായ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കുവാൻ കഴിയും. പ്രധാനമായി തൊണ്ടിന്റെ വില നിയന്ത്രിക്കുന്നതിനെപ്പറ്റിയാണു് ആലോചിക്കേണ്ടതു്. യഥാർത്ഥത്തിൽ അഴുക്കിയ തൊണ്ടു് ഉണ്ടാക്കുന്നതു് വിലയെ ആശ്രയിച്ചല്ല. അഴുകിയ തൊണ്ടിന്റെ വിലയേക്കാൾ പച്ചത്തൊണ്ടിന്റെ വില കുറവായിട്ടുള്ളതുകൊണ്ടു് അഴുക്കത്തൊണ്ടിന്റെ വില ക്രിയാപ്പെടുത്തുവാൻ സാധിച്ചാൽ പച്ചത്തൊണ്ടിന്റെ വിലയും താനെ കുറഞ്ഞുപോകും.

പച്ചത്തൊണ്ടിനെ സംബന്ധിച്ചാണെങ്കിൽ വിറകിനു വിലകൂടിയിരിക്കുന്ന ഈ അവസരത്തിൽ ശരിയായ വില കിട്ടിയില്ലെങ്കിൽ അതു വിലക്കു വിൽക്കാതെ ചിലർ വിറകിന്റെ ഉപയോഗത്തിനുവേണ്ടി എടുക്കുന്നുണ്ടു്. അതിനിടവരുത്താതെ അതിനെ ആകർഷിച്ചു് കായലിലേക്കു വരുത്തുന്നതിനു പര്യാപ്തമായ വില പച്ചത്തൊണ്ടിനു കൊടുക്കണം. നാട്ടിന്റെ നാനാ ഭാഗങ്ങളിൽനിന്നും പച്ചത്തൊണ്ടിനെ ആകർഷിച്ചു് കായൽകരകളിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു്. തൊണ്ടു ധാരാളമായി ശേഖരിച്ചിട്ടുവേണം അതിനെ അഴുക്കിയെടുക്കേണ്ടതു്. അഴുക്കത്തൊണ്ടുകൾ അമിതമായ വിലക്കാണു് വിൽക്കുന്നതെന്നു ഒരു പരാതി സാർവ്വത്രികമായിരിക്കയാണു്. അതിനു അഴുക്കത്തൊണ്ടിന്റെ വില ക്രിയാപ്പെടുത്തണം. സർവ്വമ്മെണ്ടിൽനിന്നും ഈ തൊണ്ടുമുറ്റുന്ന കുഴികൾ രജിസ്റ്റർചെയ്യുകയും അതിനു ഒരു ലൈസൻസു് വയ്ക്കുകയും ചെയ്യേണ്ടതാണു്. മാത്രമല്ലാ ഈ ലൈസൻസികളുടെ പക്കൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ ക്കിടെക്കിടെ പരിശോധിക്കയും വേണം. അവിടവിടെ കൊവാപ്പറേട്ടീവു് സൊസൈറ്റികൾ സ്ഥാപിച്ചു് അവർ മുഖേന ഈ തൊണ്ടുകൾ അഴുക്കുന്നതും മുഴുന്നതും, അഴുകിയതൊണ്ടു ക്രമമായ വിലക്കു വിൽക്കുന്നതും നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. തൊണ്ടു അഴുക്കുന്ന കായ്ത്തിൽ സർവ്വമ്മെണ്ടിന്റെ ശ്രദ്ധപതിയേണ്ടതാണു്. അല്ലെങ്കിൽ അതിൽ പല തകരാറും വന്നുപോയേക്കും. ഈ സൊസൈറ്റിമൂലം കൊടുക്കുന്ന അഴുക്കുതൊണ്ടിനെ കയറാക്കി കൊണ്ടുവരുമ്പോൾ അതിനു ഒരു ചെറിയ ലാഭത്തിന്മേൽ അതു വിലക്കെടുക്കയും ഈ മാതിരി നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും ശേഖരിക്കുന്ന കയർ മുഴുവൻ ഒന്നാകെ ഒരു കേന്ദ്രസൊസൈറ്റി മുഖാന്തിരം കയറുമതി ചെയ്യുകയുംവേണം. കയറുവ്യവസായത്തിനെ സംബന്ധിച്ചുടത്തോളം ഒരിതം അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനായി ഈ പദ്ധതി സർവ്വമ്മെണ്ടിൽനിന്നും ഉടനടി നടപ്പിൽ വരുത്തേണ്ടതാണു്. മറ്റൊന്നു എനിക്കു പറയാനുള്ളതു്, സൊസൈറ്റിയുടെ ഈ വിധപ്രവർത്തനത്തിൽനിന്നും ശേഖരിക്കുന്ന കയറുകൾക്കു മാർക്കറ്റിംഗ് ഉണ്ടാകേണ്ടതിനെപ്പറ്റിയാണു്. കയറിൽ യാതൊരു മായവും ചേർക്കാതെ ശരിയായ വിധത്തിൽ അവ നിർമ്മിക്കുകയാണെങ്കിൽ ഇൻഡ്യൻ വിപണികളിൽതന്നെ അതു ധാരാളം വിറ്റഴിയുന്നതാണു്.

കയറിനും കയറു സാധനങ്ങൾക്കും നല്ല വിപണികൾ ഇന്ത്യയിൽത്തന്നെ സൃഷ്ടിക്കാം. ഇന്നു് വിദേശ സാമാനങ്ങൾ—മേശ—സെറ്റി എന്നിവ ഇടത്തരക്കാരുടെ വീട്ടിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അതിനേക്കാൾ വേഗത്തിൽ കയറു പായകൾക്കും തട്ടുകൾക്കും വീടുകളിൽ സ്ഥാനം കരസ്ഥമാക്കാവുന്നതാണു്. അതു ആവശ്യമാണെന്നു തോന്നത്തക്കവിധം പ്രചരണങ്ങൾ നടത്തണം. അതിനു് coffee expansion board പോലെ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

tea expansion board പോലെ ഒരു coir expansion board സ്ഥാപിക്കണം. അങ്ങിനെ ചെയ്താൽ ഇന്ത്യൻ വിപണികൊണ്ടതന്നെ നമ്മുടെ വ്യവസായത്തിനു പുരോഗമിക്കുന്നതാണ്.

കയർ വ്യവസായം പുനരുദ്ധരിച്ചാൽ ഇന്നു അസ്വസ്ഥതയുടെ വിളനിലമായ തീരദേശത്തു സമാധാനപ്രിയരും സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹ്യപുരോഗതിയും ഉള്ള ഒരു ജനതയെ രാജ്യത്തിന്റെ സുസ്ഥിതിയുടെ നട്ടെല്ലായി നമുക്കു കാണുവാൻ കഴിയും.

ശ്രീ. പി. കെ. രാമൻ: സർ, കയറു വ്യവസായത്തിന്റെ പുനരുദ്ധാരണത്തെപ്പറ്റി ശ്രീമാൻ മജീദ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോടു യോജിച്ചുകൊണ്ടു ഏതാനും ചില സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, കയറുപിരിപ്പുകാർക്കു യഥാർത്ഥമായ കൂലി കിട്ടുന്നില്ലെന്നുള്ളതു് രാജ്യവ്യാപകമായ ഒരു പരാതിയാണു്. ഈ വ്യവസായം സംഘടിച്ചു പ്രവർത്തനം തുടങ്ങുന്നതായാൽ അതുകൊണ്ടു സാധുക്കൾക്കും ഗവൺമെന്റിനും ആശ്വാസകരമാണെന്നുള്ളതു തീർച്ചയാണു്. ഇന്നു് തിരുവിതാംകൂറിൽ കയർ വ്യവസായം പല സ്ഥലങ്ങളിലും നടക്കുന്നുണ്ടു്. ഇതിൽനിന്നു് വളരെയധികം സമ്പാദിച്ച വ്യക്തികളുമുണ്ടു്. കയറുവ്യവസായത്തിൽ പണം സമ്പാദിച്ചവർ മിക്കവരും ആലപ്പുഴയിലെ കയറുമതി വ്യാപാരികളാണു്. എന്നാൽ ഇവർക്കു പണം ഉണ്ടാക്കിക്കൊടുക്കുന്ന തൊഴിലാളിയുടെ അത്യധ്വാനത്തിനു ഫലം അവനു കിട്ടുന്നുമില്ല. ഈ നിലയിൽ കയറുതൊഴിലാളികൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കിടന്നു കഷ്ടപ്പെടുകയാണു്. ലക്ഷക്കണക്കിനു രൂപ മുടക്കി വ്യാപാരംചെയ്യുന്ന വൻകിട മുതലാളിമാരുടെ ഈ പ്രവർത്തനം നിമിത്തം സാമ്പത്തികമായിട്ടു രാജ്യത്തിനു ഒരു നേട്ടവും ഇല്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ചു് ഈ വ്യവസായം അധഃപതിച്ചുവരികയാണു് ചെയ്യുന്നതു്. വ്യവസായത്തിനു തളർച്ചയും ക്ഷയവും വരാത്തവിധത്തിൽ പുനരുദ്ധാരണംചെയ്തു പോഷിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണു്. മുതലാളിമാർ തൊഴിലാളികൾക്കു കുറഞ്ഞ കൂലി കൊടുത്തുകൊണ്ടു അവർ അമിതമായ ലാഭമെടുക്കുന്നു എന്നുള്ള പരാതിയെ അടിസ്ഥാനമാക്കിയാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതു ശരിയാണെന്നു സമ്മതിക്കാതെ തരമില്ല. പച്ചത്തൊണ്ടു കയറാക്കി കയറുമതി ചെയ്യുന്നതിനിടക്കു മൂന്നു നാലുഘട്ടങ്ങളിലായി ഓരോരുത്തർ ലാഭം എടുക്കുന്നുണ്ടു്. അതായതു്, പച്ചത്തൊണ്ടു ധാരാളം ശേഖരിച്ചു് അതു അഴുക്കിയിട്ടു കുട്ടതൽ വിലക്കു വിറ്റു ലാഭം എടുക്കുന്ന കുറെ മുതലാളിമാരുണ്ടു്. ചകിരി പിരിച്ചു കയറാക്കുന്നതിനെ വാങ്ങി ശേഖരിച്ചു് ഒരുമിച്ചുവിറ്റു ലാഭം എടുക്കുന്ന മറ്റൊരുകൂട്ടം മുതലാളിമാരുണ്ടു്. ഇവ കയറാറി അയക്കുന്ന അവസരത്തിൽ, അതായതു് കയറുമതി ചെയ്യുമ്പോൾ ലാഭം എടുക്കുന്ന ഇനിയൊരുകൂട്ടം മുതലാളിമാരുണ്ടു്. ഇങ്ങിനെ പലരും ലാഭമുണ്ടാക്കിയതിനുശേഷമാണു് അതു വിദേശവിപണികളിൽ ചെന്നുചേരുന്നതു്. ഇങ്ങനെ കയറിന്റെ ഓരോ സ്റ്റേജിലും ഓരോരുത്തർ ലാഭം എടുക്കുന്നതുകൊണ്ടു ഏതാനും വ്യക്തികൾ അതുമൂലം നന്നാകുമെന്നല്ലാതെ സാധുക്കളായ തൊഴിലാളികൾക്കു യാതൊരു ഗുണവും കിട്ടുന്നില്ല. ഈ പല ഇടലാഭം എടുക്കുന്ന സമ്പ്രദായത്തെ നിവർത്തൽ ചെയ്യുന്നതായാൽ തൻമൂലം തൊഴിലാളികൾക്കു അല്പം ഒരാശ്വാസത്തിനു വകയുണ്ടു്. അതിനായി എനിക്കു ഗവൺമെന്റിനോടു അഭ്യർത്ഥിക്കുവാനുള്ളതു്, പരസ്പരസഹായസംഘംവഴി ഈ വ്യവസായം നടത്താൻ വ്യവസ്ഥയുണ്ടാക്കണമെന്നാണു്. സർ, ലോകത്തു മിക്കഭാഗങ്ങളിലും ഇതുപോലെയുള്ള വ്യവസായ സഹകരണ സംഘങ്ങൾ വിജയപ്രദമാംവണ്ണം പ്രവർത്തനം നടത്തുന്നുണ്ടു്. ജപ്പാൻ ചൈന മുതലായ രാജ്യങ്ങളിൽ ഈ സംഘങ്ങൾ മുഖേനയാണു് ചെറു വ്യവസായം നടത്തുന്നതു്. അവ വളരെ ഫലപ്രദമാകുകയും ചെയ്യുന്നു. ആ വിധത്തിലുള്ള സഹകരണ സംഘങ്ങൾ നമ്മുടെ രാജ്യത്തും ഏർപ്പെടുത്തുകയും അതിന്റെ സെൻറർ ആലപ്പുഴയൊ മറ്റൊരുക്കുകയും ചെയ്യണം. അങ്ങിനെയായാൽ, മൂന്നാലു സ്റ്റേജുകളായി തൊണ്ടു്, കയറു ഇവകളിൽനിന്നും ലാഭമെടുക്കുന്ന സമ്പ്രദായം നിവർത്തലാക്കാം. അതുകൂടാതെ തൊണ്ടുമുതൽതന്നെ അതിനെ വിൽക്കുന്നതും സംബന്ധിച്ചുള്ള സകല ചുമതലകളും ഈ സംഘങ്ങളെ ഏല്പിക്കയും അവർ അതിൽ ഉത്തരവാദിത്വം വഹിക്കയും ചെയ്യും. മാത്രമല്ലാ അൽപലാഭത്തിനുമാത്രം പ്രവർത്തനം നടത്തുന്ന ഈ സംഘങ്ങൾ വിസ്തൃതമായ തോതിൽ വ്യവസായം നടത്തുന്നതോടുകൂടി തൊഴിലാളികൾക്കു നിത്യവും ജോലികിട്ടുകയും വേലക്കു അനുസരിച്ചുള്ള കൂലി കിട്ടുകയും ചെയ്യുന്നതാണു്. ഇനി മറ്റൊന്നുള്ളതു ഈ ഉൽപന്നങ്ങൾക്കു പുറരാജ്യങ്ങളിൽ നല്ല മാർക്കറ്റ് ഉണ്ടാകുന്നതിനേയും നല്ല വില കിട്ടുന്നതിനേയും സംബന്ധിച്ചാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Raman]

ഒരു വ്യാപാര ഉല്പന്നം ലോകത്തിൽ എവിടെയെല്ലാമാണുണ്ടാകുന്നതെന്നു മനസ്സിലാക്കുകയും ലോകവ്യാപകമായ തോതിൽ അതിനുണ്ടാകാവുന്ന ആവശ്യം മനസ്സിലാക്കുകയും ചെയ്ത് അതിന്റെ ആവശ്യമനുസരിച്ചു നിയന്ത്രിക്കുകയും മാർക്കറ്റ് കണ്ടുപിടിക്കുകയും ചെയ്താൽ നല്ല വില കിട്ടുന്നതാണ്. അതിനു നമ്മുടെ രാജ്യത്തിനു കഴിവുണ്ടോ എന്നുള്ളതാണ് പ്രശ്നം. വ്യവസായത്തിൽ എപ്പോഴും നോക്കേണ്ടതു മറ്റരാജ്യങ്ങളിൽ അതിനു് ആവശ്യമായ ഡിമാൻഡുണ്ടോ എന്നുള്ളതാണ്. അതിനാൽ സപ്ലൈയും ഡിമാൻഡും ശരിയായ രീതിയിൽ ആക്കുന്നതിലേക്കു നാം സ്വീകരിക്കുന്ന പുതിയ പരിപാടി രാജ്യത്തിനു് ഏതെങ്കിലും അസ്വസ്ഥതയുണ്ടാക്കുമോ എന്നുള്ളതു നാം ചിന്തിക്കേണ്ട ഒരു സംഗതിയാണ്. അതുകൂടാതെ ഇതു ചുരുങ്ങിയ തോതിലുള്ള ഒരു സാധനമല്ല. ഇതു വാങ്ങുകയും സൂക്ഷിച്ചു വയ്ക്കുകയും ചെയ്താൽ വളരെ വലിയ ഒരു ബർഡൻ കവർചെയ്യുന്ന ഒരു സാധനമാണ്. ഇതു കുറെനാളത്തേക്കു വെയർഹൗസിൽ വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുമോ, വെയർഹൗസിൽ കൊണ്ടുപോകുന്നതിലേക്കു സഹായം ചെയ്യാൻ സാധിക്കുമോ, അവിടെ ആളുകൾ വന്നു് ഈ സാധനങ്ങൾ വാങ്ങിക്കുതെയിരുന്നാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും എന്നെല്ലാം നാം ചിന്തിക്കേണ്ടതാണ്. സാമ്പത്തികാധഃപതനം വരാനിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. എന്നാൽ യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയുടെ പ്രവർത്തനം കൊണ്ടോ എന്തോ അങ്ങനെ ഒരു സാമ്പത്തികാധഃപതനം സംഭവിച്ചതായി കാണുന്നില്ല. സാമ്പത്തികാധഃപതനംമൂലം നമ്മുടെ സാധനങ്ങൾ ചെലവാകാതെവരുമോ എന്നു നമ്മുടെ മുൻപിലുള്ള അനുഭവം വെച്ചുകൊണ്ടു നാം ചിന്തിക്കണം. ഏതായാലും വെയർഹൗസ് എന്നതിനെ ഞാൻ അനുകൂലിക്കുന്നു. വ്യാപാരത്തിന്റെ സ്റ്റേജസ് കുറച്ചു ലാഭവാഞ്ഛക്കായ ഇടത്തരക്കാരെ കഴിയുന്നിടത്തോളം ഒഴിവാക്കി ഈ വ്യവസായത്തെ സംഘടിപ്പിക്കേണ്ടതു വളരെ ആവശ്യമാണ്. ഒരു സ്ഥലത്തു് ഒരു കൊ-ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ടെങ്കിൽ ആ സൊസൈറ്റിയുടെ കീഴിൽ നിർബ്ബന്ധമായി തൊണ്ടു ശേഖരിച്ചു് അഴക്കാൻ കൊടുക്കുന്ന ഒരേപ്പാടുണ്ടായിരിക്കണം. ഇതിനെ ഒരു ഫെയർ പ്രൈസ് ഷാപ്പുമാതിരി വില നിയന്ത്രിക്കുന്ന ഏജൻസിയാക്കണം. അതുമൂലം വില കൂട്ടുന്നതിനെ ഫലപ്രദമായവിധത്തിൽ തടയാൻ സാധിക്കും. ഒരു സ്ഥലത്തു തൊണ്ടു വളരെ മൂടിവയ്ക്കുന്ന മുതലാളികൾ ഉണ്ടെങ്കിൽ അവർക്കു സന്ദർഭംപോലെ വില കുറയ്ക്കുന്നതിനോ കൂട്ടുന്നതിനോ സാധിക്കും. അതിനെ നിയന്ത്രിക്കുന്നതിനു പറഞ്ഞവിധത്തിൽ, അഴക്കത്തൊണ്ടിന്റെ ഡിമാൻഡ് അധികമായുണ്ടാകുന്ന അവസരത്തിൽ നാം ഉദ്ദേശിക്കുന്ന പരസ്പരസഹായസംഘം രണ്ടുമൂന്നുലക്ഷം തൊണ്ടു ചീയിച്ചിട്ടിട്ടുണ്ടെങ്കിൽ മുതലാളികൾ വിലകൂട്ടുന്നതിനെ തടയാൻ സാധിക്കും. അങ്ങനെ സാധുക്കളായ തൊഴിലാളികൾക്കു് അധികം ഉപദ്രവത്തിനു ഇടവരാതെ വിലകയറ്റത്തെ തടയാൻ സാധിക്കുമെന്നാണ് എന്റെ അനുമാനം.

ഇതുകൂടാതെ മായംചേർക്കുന്നതിനെപ്പറ്റിയും സ്റ്റാൻഡേർഡിനെപ്പറ്റിയും ഇവിടെ പലരും പറയുകയുണ്ടായി. വിദേശങ്ങളുമായി കണ്ടാക്ടിൽ ഏർപ്പെട്ട കയറുമതിചെയ്യുമ്പോഴാണ് ഇങ്ങനെയുള്ള മായങ്ങൾ ചിലർ ചെയ്യുന്നതു്. ഇതു് ഇന്നും ഇന്നലെയും തുടങ്ങിയ ഒന്നല്ല. യുദ്ധത്തിനുമുമ്പുമുതൽതന്നെ ഇങ്ങനെയുള്ള കലർപ്പുകൾ ഉണ്ട്. കച്ചവടക്കാരുടെ അമിതലാഭത്തിനുവേണ്ടി ഇതൊരു ആവശ്യമാക്കിത്തീർത്തിട്ടുണ്ട്. ഈ മാതിരി മായങ്ങൾ പുൽത്തൈലത്തിലും മറ്റു പലതിലും സംഭവിക്കുന്നുണ്ട്. കച്ചവടത്തിൽ സാന്മാർഗ്ഗികസ്വഭാവം നിലനിറുത്തുന്നതു് ഒരു വലിയ നേട്ടവും മൂലധനവുമാണെന്നു വിചാരിക്കുന്ന വരാരും ഇങ്ങനെ ചെയ്യുമെന്നു് എനിക്കു തോന്നുന്നില്ല. ആലപ്പുഴയിലെ വലിയ വ്യാപാരികൾ ധാരാളമുണ്ട്. അവരാരുംതന്നെ ഇങ്ങനെ ചെയ്യുന്നതായി അറിവില്ല. വല്ലതും ഒരു ചെറിയ കയറുമതിക്കുവേണ്ടി ശ്രമിക്കുകയും ഉത്തരവാദിത്വമില്ലാതെ ഓർഡർ വാങ്ങുകയും ചെയ്യുന്ന ആളുകളാണ് ഇങ്ങനെ ചെയ്യുന്നതു്. അങ്ങനെയുള്ള ആളുകളെ ആ മാതിരി പ്രവൃത്തികളിൽനിന്നും തടയേണ്ടതു വളരെ ആവശ്യമാണ്. ശ്രമിച്ചാൽ വിചാരിച്ചാൽ തടയാൻ സാധിക്കും. ഇപ്പോൾ കയറിനു വളരെ നല്ലകാലമാണ്. പുറംരാജ്യങ്ങളിൽ കയറിന്റെ ആവശ്യം വളരെ അധികമാണ്. ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ കയറ് ഉല്പാദിപ്പിക്കാൻസാധിക്കുമോയെന്നുള്ള കാര്യവും ആലോചിക്കേണ്ടതാണ്. പത്തോ പന്ത്രണ്ടോ കോടി രൂപയാണ് നമ്മുടെ ഐക്യസംസ്ഥാനത്തിനു് ഈ ഒരു ഇനത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നതു്. ഇതു നമ്മുടെ എക്സ്പോർട്ടിന്റെ ഒരു വലിയ ശതമാനമാണ്. എന്താണു്

LIBRARY ARCHIVES Kerala Legislative Assembly

നാല്പതോ നാല്പത്തഞ്ചോ ശതമാനം വരും. ഇത്രവലിയ സാമ്പത്തികസാദ്ധ്യതയുള്ള ഒരു സാധനത്തിനു ഗവമ്മെണ്ടു ഡ്യൂട്ടി ഇളവാക്കിയിരുന്നു. ഇപ്പോൾ സെയിൽസ്‌ടാക്സ് ഇളവാക്കുന്നു. മി. പൊന്നറ ശ്രീധർ പറഞ്ഞു ഗവമ്മെണ്ടു പണം ഇതിലേക്കിറക്കുന്നതു് ഒരു ജാല വിദ്യ കാണിക്കാനുള്ള ഒരു സമ്പ്രദായമാണെന്നു്. ഗവമ്മെണ്ടിനു ന്യായമായ കാര്യങ്ങൾക്കു ധനസഹായം ചെയ്യാനുള്ള ബാദ്ധ്യതയുണ്ടു്. പ്രത്യേകിച്ചു ഗവമ്മെണ്ടിനു് ഇതിൽ കടപ്പാടും ഉണ്ടു്. എത്രയോ കാലമായി ഗവമ്മെണ്ടു ഡ്യൂട്ടിയായും ഇപ്പോൾ സെയിൽസ്‌ടാക്സായും പണം വാങ്ങുന്നുണ്ടു്. അതുകൊണ്ടു് അതിന്റെ ആരോഗ്യകരമായ പുരോഗതിക്കു വേണ്ടി എന്തെങ്കിലും ഗവമ്മെണ്ടു ചെയ്യേണ്ടതാണു്. കയർവ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും സാമ്പത്തികാഭിവൃദ്ധിയെ പുരസ്കരിച്ചു ഗവമ്മെണ്ടു മുൻകൈയെടുത്തു പ്രവർത്തിക്കണം. കുറെ കൃപാ ന്യായമായ കാര്യങ്ങൾക്കുവേണ്ടി ഗവമ്മെണ്ടു കടം കൊടുക്കുകയോ സഹായിക്കുകയോ ചെയ്താൽ അതു് അസ്ഥാനത്താണെന്നു് എനിക്കു തോന്നുന്നില്ല. ഇതിനുമുമ്പു പലതും ഏറെടുത്തിട്ടു ഗവമ്മെണ്ടിനു പരാജയം പറ്റിയിട്ടുണ്ടു്. ആ അനുഭവം മുമ്പിൽ വച്ചുകൊണ്ടു പരാജയപ്പെടാത്ത ഒരു മാതൃക സൃഷ്ടിച്ചു കയർ വ്യവസായത്തിന്റെ പുരോഗതിക്കു പറ്റിയവിധത്തിൽ ഗവമ്മെണ്ടു് ഒരു പരിപാടി ആസൂത്രണം ചെയ്തു താമസംവിനാ പ്രവർത്തിപഥത്തിൽ കൊണ്ടുവരുമെന്നു ഞാൻ വിശ്വസിക്കുന്നു.

Sri. K. Kochukrishna Pillai: Sir, I move for a closure.

The closure motion was passed

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, അതിപ്രധാനമായ ഒരു പ്രശ്നമാണു് സഭയുടെ ചർച്ചയ്ക്കു വിഷയമായിരിക്കുന്നതെന്നു ഗവമ്മെണ്ടു മനസ്സിലാക്കുന്നു. ഈ അടുത്തകാലത്തു നിരവധി ചോദ്യങ്ങൾ കയർവ്യവസായത്തെ സംബന്ധിച്ചു് ഈ സഭയിൽ ചോദിച്ചിട്ടുണ്ടു്. ഇന്നു് അതു് ഒരു പ്രമേയരൂപത്തിൽ ചർച്ചാവിഷയമാവുകയും ചെയ്തിരിക്കുന്നു. രണ്ടുമൂന്നു മാസക്കാലമായി കയർവ്യവസായത്തെ എങ്ങനെയാണു് അഭിവൃദ്ധിപ്പെടുത്തി അതിൽ പ്രവർത്തിക്കുന്നവരുടെ ജീവിതത്തിനു മതിയായ കൂലി കിട്ടത്തക്കവണ്ണം ഒരു വ്യവസ്ഥ സൃഷ്ടിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു ഗവമ്മെണ്ടു മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഇന്നു് ഈ സഭയിൽ നിർദ്ദേശിക്കപ്പെട്ട പല കാര്യങ്ങളും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. ചില നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളായിട്ടുള്ളതാണെന്നു ഞാൻ സമ്മതിക്കുന്നു. ഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ നിലയിൽ ഞാൻ നേരിട്ടു് ഇതുസംബന്ധിച്ചു വളരെ കൂടുതൽ അന്വേഷണങ്ങൾ നടത്തി പലതും പഠിക്കാൻ ശ്രമിച്ചിട്ടുണ്ടു്. ഈ വ്യവസായം അഭിവൃദ്ധിയിലല്ല, അല്ലെങ്കിൽ ഈ വ്യവസായം അധഃപതിച്ചുവരികയാണു് എന്നു പ്രമേയകർത്താവു പറഞ്ഞതിനോടു പരിപൂർണ്ണമായി യോജിക്കാൻ നിവൃത്തിയില്ല. ശ്രീ. ഉദയഭാനു പറഞ്ഞതുപോലെ ഈ വ്യവസായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ കയറായിട്ടായാലും കയർസാധനങ്ങളായിട്ടായാലും എക്സ്പോർട്ട് വളരെ കൂടുതലാണു്. 1957-ൽ എക്സ്പോർട്ട് വളരെ കൂടുതലാണു്. 1960-ൽ അതിനേക്കാളും കടന്നുനില്ക്കുമെന്നാണു് പ്രതീക്ഷ. അതിനുള്ള ന്യായങ്ങളും കാണാനുണ്ടു്. അതുകൊണ്ടു വ്യവസായം അഭിവൃദ്ധിയിലല്ല എന്നു പറയുന്നതു ശരിയല്ല. എന്നാൽ ഒരു സംഗതി പ്രമേയകർത്താവു വളരെ ശ്രദ്ധിച്ചാണു് അവതരിപ്പിച്ചിട്ടുള്ളതെന്നറിയാം. ഇതിൽ പ്രവർത്തിക്കുന്ന ആളുകൾക്കു് അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ചെറുതരം മുതലാളികളായ റാട്ടവച്ചു കയറുപിരിപ്പിക്കുന്ന ആളുകൾക്കു് ഈ വ്യവസായംകൊണ്ടു യാതൊരു ഗുണവും ഇല്ലെന്നാണു്. അതു് ഒരുതരത്തിൽ ശരിയാണു്. ഞാൻ മനസ്സിലാക്കിയതു ശരിയാണെങ്കിൽ, ശ്രീ. മജീദു് ഉദ്ദേശിച്ചിരിക്കുന്നതു് അദ്ദേഹം താമസിക്കുന്ന താലൂക്കിലെ കയർപ്രവർത്തനത്തിന്റെ രീതി വച്ചുകൊണ്ടു ചെറുതരം മുതലാളികളും തൊഴിലാളികളും തമ്മിൽ വളരെ വ്യത്യാസമില്ലെന്നാണു്. അതായതു് രണ്ടോ മൂന്നോ റാട്ടവച്ചു കയർ പിരിപ്പിക്കുന്ന ആളിനു് അതിന്റെ പ്രവർത്തനത്തിലേക്കു് ആരോ ഏഴോ ആളുകൾ ഉണ്ടായിരിക്കും. അതിൽ മൂന്നാലുംപേർ വീട്ടമസ്ഥന്റെ ആളുകളായിരിക്കും. ശ്രീ. മജീദു് അതിന്റെ ഉല്പാദകനെന്നും തൊഴിലാളിയെന്നും തിരിച്ചു് ഒരു വര വരയ്ക്കാതെ ഒന്നു പറയുമ്പോൾ മറ്റൊരുകൂടി അടങ്ങുമെന്ന രീതിയിലാണു് പ്രമേയം കൊണ്ടുവന്നതെന്നു ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഉൾപ്പെട്ട ഫാക്ടറികളിൽ ഇതു വളരെ പ്രചാരമായി നടക്കുന്നുണ്ടു്. ചിലസ്ഥലങ്ങളിൽ ഇതൊരു വെറും തൊഴിലാളിയുടെ വ്യവസായമായിത്തന്നെ നടക്കുന്നുണ്ടു്. അതായതു് ഇരുപതോ ഇരുപത്തഞ്ചോ അഴക്കതൊണ്ടു കൊണ്ടുപോയി അടിച്ചു ചകിരിയാക്കി കയർ പിരിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

[The Hon'ble Sri. N. Knnjuraman]

അന്നതന്നെ കമ്പോളങ്ങളിൽ കൊണ്ടുപോയി വിറ്റ് ഉപജീവിച്ചുവരുന്ന ആളുകളുണ്ട്. പൈക്കം, ചേർത്തല മുതലായ സ്ഥലങ്ങളിലാണ് ഇതു നടക്കുന്നതു്. തെക്കോട്ടു രണ്ടും മൂന്നും റാട്ടുവച്ചു പിരിപ്പിക്കുന്നതായാണ് കാണുന്നതു്. ഏതായാലും ഇടത്തരത്തിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ഇന്നത്തെ നിലയിൽ യാതൊരു പ്രയോജനവും ഇല്ല. ഇന്നു മുന്നൂറു രൂപാ വിലയുള്ള കയറു നാളെ അല്ലെങ്കിൽ മറാഴ്ചക്കകം ൪൦൦ രൂപാ ആയാലും ഇതിൽ പ്രവർത്തിക്കുന്ന ആൾക്കു യാതൊരു ഗുണവും ഇല്ല. ഇതിൽനിന്നും ഉണ്ടാകുന്ന ലാഭം മുഴുവനും നേരിട്ട് എക്സ്പോർട്ടുചെയ്യുന്ന വ്യവസായികൾക്കോ, അല്ലെങ്കിൽ ഏറ്റവും അടിത്തലത്തിലുള്ള തൊണ്ടുമുട്ടുന്ന മുതലാളിക്കോ ആയിരിക്കും കിട്ടുന്നതു്. ൧൦൦ രൂപാ കയറിനു വില കൂടിയാൽ തൊണ്ടിനു് ഇരുപതോ ഇരുപത്തഞ്ചോ രൂപാ കൂടും. ഒരു കണ്ടി കയറിനു ൪,൦൦൦ തൊണ്ടു് ആവശ്യമാണു്. അതുകൊണ്ടു തൊണ്ടിനു് അമിതമായി വില കൂട്ടുമ്പോൾ ഇതിൽ പ്രവർത്തിക്കുന്ന ആളുകൾക്കു യാതൊരു മേന്മയും സംഭവിക്കുന്നില്ല. അതാണു് ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഗവൺമെണ്ടു കണ്ടുവരുന്ന ഒരു പ്രധാന ദോഷം.

ഈ കയർവ്യവസായത്തിലുള്ള ചില പ്രത്യേകതകൾ ഞാൻ ഇവിടെ പറയാം. അതായതു്, ഈ വ്യവസായം എങ്ങനെയാണു് ഉദ്ഭവിക്കുന്നതു്, അതിനു ഗവൺമെണ്ടു സ്വീകരിക്കാൻ പോകുന്ന മാർഗ്ഗങ്ങൾ എന്താണു് എന്നിതുകളുടെ ഒരു സ്ഥൂലരൂപം ഞാൻ നല്കാം. കയറുകൊണ്ടുള്ള സാധനങ്ങൾ ധാരാളമായി അന്യരാജ്യങ്ങളിൽ ചെലവാകുന്നുണ്ടു്. അമേരിക്ക, ഇംഗ്ലണ്ടു്, ഡെന്മാർക്ക് എന്നിവിടങ്ങളിൽ ധാരാളം ചെലവുണ്ടു്. വിപണികൾക്കു യാതൊരു കുറവുമില്ല. ഈ അടുത്തകാലത്തു വിപണികൾ പോരാ എന്നുദ്ദേശിച്ചു് ഇൻഡ്യാഗവൺമെണ്ടിനോടു നിവേദനം നടത്തിയതിന്റെ ഫലമായി കൂടുതൽ ചില രാജ്യങ്ങളെക്കൂടി കയർസാധനങ്ങളുടെ കയറ്റുമതിക്കായി ഉൾപ്പെടുത്തിയിട്ടുണ്ടു്. വെസ്റ്റേൺ ജർമ്മനി, ഫിൻലൻഡു് മുതലായ സ്ഥലങ്ങളാണവ. ഇവിടെ ഉണ്ടാകുന്ന എല്ലാ കയറിനും വിപണികൾ ഉണ്ടു്. ഇന്നുണ്ടാകുന്നതിന്റെ ഇരുപത്തഞ്ചോ അൻപതോ ശതമാനം ഉല്പാദനം കൂടിയാലും അതിനുള്ള വിപണികൾ നമുക്കു ലഭിക്കും. എല്ലാരാജ്യങ്ങളും ഇറക്കുമതി കുറയ്ക്കണമെന്ന നിർബ്ബന്ധം പിടിക്കുന്നതുകൊണ്ടു് ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തിനു കൂടുതൽ കയർ ആവശ്യമാണെന്നിരുന്നാൽത്തന്നെയും കച്ചവടക്കാർക്കു് ആ രാജ്യങ്ങളിലെ ഇറക്കുമതിവ്യവസ്ഥകൾക്കു വിധേയമായി കൂടുതൽ സാധനങ്ങൾ വാങ്ങുവാൻ സാദ്ധ്യമാവാതെയാണിരിക്കുന്നതു്. എല്ലാ രാജ്യങ്ങളും കൂടുതൽ ഇറക്കുമതിചെയ്യുന്നതു് അവക്കു് ആവശ്യമുള്ള essential goods ആണു്. Non-essential goods-ൽ പെടുന്നതാണു് കയർ. കയർസാധനങ്ങൾ കൂടുതൽ ഇറക്കുമതിചെയ്യുന്നതിനുള്ള വ്യവസ്ഥ ഇൻഡ്യാഗവൺമെണ്ടും ആ രാജ്യങ്ങളുമായി ചെയ്യാൻ വളരെ പ്രയാസമുണ്ടു്. ആവശ്യമുണ്ടെങ്കിലും ഇറക്കുമതി നിയന്ത്രണങ്ങൾ ധാരാളമായുള്ളതുകൊണ്ടു് അതിനു അനുസരണമായേ ഇറക്കുമതിചെയ്യുകയുള്ളൂ. ഇവിടെയുണ്ടാക്കുന്ന കയറിനു് എതായാലും ധാരാളമായി ചെലവുണ്ടു്.

ഈ എല്ലാ രാജ്യങ്ങളിലും ഇറക്കുമതി നിയന്ത്രിക്കുന്നതിൽ വളരെ ശ്രദ്ധിക്കുന്നു. നമ്മുടെ കയർ അന്യദേശങ്ങളിലെ വിപണികളെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ അതേ അവസരത്തിൽ ഇവിടെ ഉണ്ടാക്കുന്നതായ കയറിനും കയർ സാധനങ്ങൾക്കും വില നിയന്ത്രിക്കണമെന്നും പലരും പറയുന്നു. അതുപോലെതന്നെ തൊണ്ടിനേറയും വില നിയന്ത്രിക്കണമെന്നു്. ഇതേപ്പറ്റി വളരെ കുഴഞ്ഞ ഒരു ചിന്താഗതിയാണു് എല്ലാവരുടേയും ഇടയിലുള്ളതു്. അതു ഒരുപക്ഷെ ഇതേപ്പറ്റി ചിന്തിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം. ഈ കയറിന്റെ വില നിയന്ത്രിക്കുന്നതിനു നമുക്കെങ്ങിനെ സാധിക്കും. ഒരുപക്ഷെ നാം നിശ്ചയിക്കുന്ന വിലയ്ക്കു് അവർ വാങ്ങാൻ തയ്യാറില്ലെങ്കിലോ? ഇന്നു നമ്മുടെ കയർ മുന്നൂറു രൂപായ്ക്കോ അല്ലെങ്കിൽ അതിൽ കൂടിയ വിലയ്ക്കോമാത്രമെ കൊടുക്കുകയുള്ളൂ എന്നു നിർബ്ബന്ധം പിടിക്കുകയാണെങ്കിൽ, കയർ സാധനങ്ങൾ ആവശ്യമുള്ള രാജ്യങ്ങളിൽ അതിനു പകരമായി മറ്റുസാധനങ്ങൾ ഉപയോഗിക്കാൻ ശ്രമിക്കുക സ്വാഭാവികമാണു്. ഇപ്പോൾതന്നെ അതിലേക്കു് അവർ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണു്. അപ്പോൾ നാം വളരെകുറഞ്ഞ വിലക്കു കൊടുക്കേണ്ടിവരും. ഇന്നു ഇതിലേക്കു് ഒരുപാധിയായി ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നതു് വെയർഹൗസ്സു് ആക്ട് അനുസരിച്ചു് കയർ വെയർഹൗസ്സിൽ സ്റ്റോക്കുചെയ്തു് വെയർഹൗസ്സുമുഖേന അന്യരാജ്യങ്ങളിലേക്കു കയറ്റി അയക്കുന്നതിനും അതനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ചു വില നിയന്ത്രിക്കുന്നതിനും കയറിന്റെ തരം നന്നാക്കാനുമാണ്. ഇതേസംബന്ധിച്ച് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ഇവിടത്തെ സാധാരണക്കാരായ കച്ചവടക്കാരും കയറിൽ മായംചേർത്തു വിറ്റതു നിമിത്തം അതിന്റെവില വളരെ കുറഞ്ഞു പോകുന്നതിനിടയായിട്ടുണ്ടെന്നും മറും കച്ചവട പ്രതിനിധികളിൽനിന്നും പരാതികളും ഉണ്ടായി. അതുമൂലം വളരെ അധികം ദോഷം ഈ കയർ വ്യവസായത്തിനു ഉണ്ടായിട്ടുണ്ട്. ആ മാതിരി പരാതികളും പരിഹരിക്കുന്നതിനു നിശ്ചയമായും ഈ വെയർഹൗസ്സ് ആക്ട് വളരെ അത്യാവശ്യമായിത്തീരും. ഈ ആക്ട് നടപ്പിലാകുമ്പോൾ കയർ മഴവനും വെയർഹൗസ്സിൽ ഇറക്കി പാസ്സാക്കി അതിനെ വിദേശവിപണികളിൽ അയക്കുന്നതാണ് വളരെ ഉത്തമം. നിശ്ചയമായും ഈ നടപടികൾമൂലം വ്യാപാരി നഷ്ടപ്പെടുകയില്ല. അതു ചരക്കിന്റെ മതിപ്പിനും ഗുണത്തിനും വ്യാപാരികളുടെ വിലയെ സംബന്ധിച്ചും വളരെ അധികം സഹായിക്കുകയും ചെയ്യും. ഇന്നാണെങ്കിൽ കയറു വലിയ യൂറോപ്യൻ കമ്പനിക്കാരും വലിയ മുതലാളിമാരുമാണ് വാങ്ങി അവരുടെ ഫാക്ടറികളിൽ സ്റ്റാക്കുചെയ്ത് അന്യരാജ്യങ്ങളിലേക്കയച്ച് അമിതമായ ലാഭം ഉണ്ടാക്കുന്നത്. അതുമൂലം പാവപ്പെട്ട കയർ തൊഴിലാളികൾക്ക് ന്യായമായ വില കിട്ടുന്നില്ല. ആ പതിവ് ഭേദപ്പെടുത്തി ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഈ വെയർഹൗസ്സ് ആക്ട് വളരെ സഹായകമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കയർ മഴവനും വെയർഹൗസ്സുമുഖേന മാത്രമേ അന്യരാജ്യങ്ങളിലേക്ക് കയറ്റി അയക്കാവൂ എന്നും വെയർഹൗസ് മുഖാന്തിരമെ വാങ്ങാവൂ എന്നും വയ്ക്കണം. അങ്ങിനെവരുമ്പോൾ യൂറോപ്യൻ കമ്പനിക്കാരായാലും ശരി വലിയ മുതലാളിമാരായാലും ശരി കയറിനു ഒരു റീസണബിൾ ആയുള്ള വില കൊടുക്കുന്നതിനു നിർബ്ബന്ധിതരായിത്തീരും. ഇതിനെസംബന്ധിച്ചു ചിലർ എന്നോടുതന്നെ ചില സംശയങ്ങൾ ചോദിക്കുകയുണ്ടായി. ഈ കയർ വ്യവസായം കേരളത്തിൽ മാത്രമാണല്ലൊ ധാരാളമായിട്ടുള്ളത്. അതുകൊണ്ടു വില വർദ്ധിപ്പിച്ചാൽ യാതൊരു തരക്കേടും വരാനില്ല. ഈ സംഗതിയെസംബന്ധിച്ചുകൂടി രണ്ടുവാക്കു പറയേണമെന്നു ഞാൻ വിചാരിക്കുന്നു.

കയറ് അന്യരാജ്യങ്ങളിൽ floor covering നും മുന്തിരിങ്ങാവള്ളി പടർത്തുന്നതിനും മറും ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തി വരുകയാണെന്നാണ് അറിയുന്നത്. അവർ ഈ കയറിന്റെ വിലക്കുടുതലും ഗുണക്കുറവുംമൂലം അതിനു് സബ്സ്റ്റിറ്റ്യൂട്ട് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു യഥാർത്ഥത്തിൽ മറും ഒരു രാജ്യത്തെ കയറും ഇവിടത്തെ കയറിനു കിടനിൽക്കുകയില്ല. ആ സ്ഥിതിക്കു് നമുക്കു് അവരോടു മത്സരിക്കാവുന്നതാണ്. നമ്മുടെ കയറിനുപകരം അവർ എതു സബ്സ്റ്റിറ്റ്യൂട്ടുണ്ടാക്കിയാലും ശരിയാവുകയില്ല എന്നുള്ളതും ഒരു പരമാർത്ഥമാണ്. ആ സ്ഥിതിക്കു് നാം നമ്മുടെ കയർ ശുദ്ധമായി യാതൊരു മായവുംചേർക്കാതെ നല്ലതരത്തിൽ അന്യവിപണികളിൽ അയക്കുന്നപക്ഷം നമുക്കു റീസണബിളായിട്ടുള്ള വില കിട്ടുന്നതാണ്. എന്റെ അഭിപ്രായത്തിൽ കയർ വ്യവസായം അഞ്ചോ എട്ടോ കൊല്ലത്തേക്കു് വളരെയധികം അഭിവൃദ്ധിപ്പെടുന്നതിനും സാദ്ധ്യതകളുണ്ടു്. സിലോണിലേയൊ മറേതെങ്കിലും രാജ്യത്തേയൊ കയർ നമ്മുടെ രാജ്യത്തെ കയറിനോടു കിടപിടിക്കത്തക്കതല്ലെന്നു ഞാൻ പറഞ്ഞല്ലൊ. അവിടങ്ങളിലെ കയറിനെക്കാളും നമ്മുടെ രാജ്യത്തെ കയറിനു ഗുണവും കൂടുതലുണ്ട്. അതാണ് ഞാൻ പറഞ്ഞതു പോലെ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കയർ വെയർഹൗസ്സുമുഖേന വാങ്ങുകയും വില്ക്കുകയും ചെയ്യുകയാണെങ്കിൽ കയറിന്റെ വിലയും ഗുണവും നിലനിറുത്താൻ നമുക്കു സാധിക്കുന്നു എന്നു ഞാൻ ചൂണ്ടിക്കാണിച്ചതു്.

എന്റെ മാന്യസ്നേഹിതൻ മി. ഉദയഭാനു ഇവിടെ തൊണ്ടു കൺവോം ചെയ്യാൽ നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞ അഭിപ്രായത്തിന്റെ തത്വത്തോടു യോജിക്കുന്നതിനു എനിക്കു നിവൃത്തിയില്ല. എന്നാൽ ഇന്നു ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് ന്യായമായ കൂലി കിട്ടത്തക്കവണ്ണം അതിനുള്ള സാദ്ധ്യതകളും അന്വേഷിച്ചു പ്രവർത്തിക്കുകയും വേണ്ട സഹകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുകയെന്നുള്ളതാണ് ഗവണ്മെൻറിന്റെ പോളിസി. ഇന്നു ഒരു കണ്ടി കയർ ഉണ്ടാക്കുന്നതിനു ആവശ്യമുള്ളതായ തൊണ്ടടിച്ചു കയറാക്കി അതു പിരിച്ചെടുക്കുന്നതിനു തൊണ്ണൂറിയഞ്ചു രൂപയും നൂറുരൂപയും മെല്ലിയാണ് ചെലവാക്കുന്നതു്. എന്നാൽ ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന സാധുക്കളായ തൊഴിലാളികൾക്ക് ഒരു ദിവസം കിട്ടുന്ന കൂലി മൂന്നു ചക്രം

LIBRARY ARCHIVES Kerala Legislative Assembly

[The Hon'ble Sri. N. Kunjuraman]

മുതൽ പതിന്നാലു ചക്രംവരെയാണു്. ഇതു മോശമായ ഒരു കൂലിയാണു്. അവക്കു് ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതു്, എന്നുള്ള പരമാർത്ഥം ഏവർക്കും അറിയാവുന്നതാണു്. എട്ടു മണിക്കൂർ പത്തുമണിക്കൂർ ജോലിചെയ്യുന്നതിനാണു് ഈ പന്ത്രു ചക്രവും പതിന്നാലു ചക്രവുംകൂലി എന്നു ഞാൻ പറഞ്ഞതു്. ഈ നിലയിൽ ഇന്നു സാധുക്കളായവരുടെ കൂലിയുടെ തോതു ഉയർത്തുകതന്നെവേണം. അതിലേക്കു് ഇതൊരു കുടിൽവ്യവസായം എന്നവിധത്തിൽ പരിഷ്കരിക്കുകയും ശരാശരി ഒരാളിനു കുറഞ്ഞതു് മുക്കാൽ രൂപയെങ്കിലും കിട്ടാനുള്ള സാദ്ധ്യതകളും ഉണ്ടാക്കുകയും വേണം. മുൻപു ഞാൻ പറഞ്ഞതുപോലെ വെയർഹൗസ്സുമുഖേന വ്യാപാരം നടത്തുകയാണെങ്കിൽ തീച്ചയായും ഒരുകണ്ടിക്കയറിനു ഫസ്റ്റ് ഗ്രേഡ് രൂപാ മുതൽ ഫസ്റ്റ് ഗ്രേഡ് രൂപാവരെ ജോലി കൂലി കെട്ടുക്കുവാൻസാധിക്കും. ഏതായലും എന്റെ അഭിപ്രായത്തിൽ തൊണ്ടിന്റെ വില പ്രത്യേകമായി കൺട്രോൾ ചെയ്യേണ്ട ആവശ്യമില്ല എന്നാണു്.

ഒന്നാമതായി വെയർഹൗസ്സു് ആക്ടു് നടപ്പിലാക്കണം. ഇന്നു ഒരു വെയർഹൗസ്സു് ആക്ടു് അതായതു് ഫസ്റ്റ്-ഗ്രേഡ് വെയർഹൗസ്സു് ആക്ടു് പ്രവർത്തനം നടത്തുന്നുണ്ടു്. എന്നാൽ അതിന്റെ പ്രവർത്തനം ഇന്നത്തെ പരിതസ്ഥിതികളെ നേരിടാൻ പര്യാപ്തമല്ല. വെയർഹൗസ്സു് ആക്ടിന്റെ പരിധിയിൽനിന്നും ഈ വ്യവസായത്തിലേപ്പെട്ടിരിക്കുന്ന മുതലാളിമാർക്കു് മഴിഞ്ഞുമാറി നില്ക്കുത്തക്ക തരത്തിലുള്ള വ്യവസ്ഥകളാണു് ഇന്നത്തെ വെയർഹൗസ്സു് ആക്ടിൽ ഉള്ളതു്. ആ ആക്ടിനെ മാഡിഫൈചെയ്തു് ഈ വ്യവസായത്തിലേപ്പെട്ടിരിക്കുന്ന എല്ലാ മുതലാളിമാരേയും ഈ ആക്ടിനകത്തുതന്നെ ഉൾക്കൊള്ളിക്കത്തക്കവിധം വേണ്ട വ്യവസ്ഥകളും ഉണ്ടാക്കേണ്ടതു് ആവശ്യമാണു്.

അങ്ങിനെ ഈ വെയർഹൗസ്സിൽക്കൂടി കയർ വ്യവസായം നടത്തുകയാണെങ്കിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ കയറിന്റെ വില മുന്നൂറോ മുന്നൂറ്റി അൻപതോ രൂപായെന്ന സ്റ്റെഡിയായി നിറുത്തുവാൻ നമുക്കു സാധിക്കും. (Reasonable price)

ഇന്നു പല സ്ഥലങ്ങളിലും തൊണ്ടു മൂടുന്നതു വലിയ മുതലാളിമാരാണു്. കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, തുക്കുന്നപ്പുഴ മുതലായ സ്ഥലങ്ങളിൽ ലക്ഷക്കണക്കിനുള്ള തൊണ്ടു മൂടുന്നുണ്ടു്. അങ്ങിനെയുള്ള തൊണ്ടുമുതലാളിമാർ ധാരാളം ഉണ്ടു്. ഈ തൊണ്ടുമുതലാളിമാർ തൊഴിലാളികളുടെയിയ ഈ സഹകരണസംഘങ്ങളിൽ ചേരുമോ എന്നുള്ളതു സംശയമാണു്. കാരണം അവർ സഹകരണസംഘത്തിൽ ചേർന്നാൽ അവർ മൂടുന്നതായ തൊണ്ടു നിശ്ചിത വിലയ്ക്കു് കൊടുക്കേണ്ടതായി വരും. അപ്പോൾ ഇന്നവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന ലാഭം കിട്ടുകയില്ല. ഈ കയറുതന്നെ അഞ്ചോ ആറോ തരത്തിലാണു് തരംതിരിക്കപ്പെടുന്നതു്. ആലപ്പുഴ, ആറാട്ടുപുഴ, വൈയ്ക്കം, കടപ്പുറം, മുതലായ അഞ്ചോ ആറോ തരങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ഈ സ്ഥലങ്ങളെ ഓരോ ഏരിയായായി വിഭജിച്ചു് ഓരോ യൂണിറ്റാക്കി അവിടെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിയാൽ എന്താണെന്നു താഴ്മയോടെ അപേക്ഷിച്ചുകൊള്ളുന്നു. തൊഴിലാളികൾ അതിൽ ചേരുമെന്നുള്ളതിനു യാതൊരു സംശയവും തോന്നുന്നില്ല. പിന്നെ മുതലാളിമാർ കൂടി ഇതിൽ സഹകരിക്കുകയാണെങ്കിൽ ഇതുവളരെ എളുപ്പം ഉണ്ടു്.

Sri. R K. Ram: May I know whether the Hon'ble Minister is opposing or supporting the motion,

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതുവരെ സംസാരിച്ചിട്ടു് അതു മനസ്സിലായില്ലെങ്കിൽ കഷ്ടമാണു്. ഞാൻ ഈ റസല്യൂഷന്റെ തത്വത്തെ സപ്പോർട്ടുചെയ്യുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: ഈ കയർ പിരിപ്പുകാരായ ഇടത്തരക്കാരുടെ സംഘടനയാണോ അതോ സാധുക്കളായ ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുള്ള സഹകരണസംഘം രൂപീകരിക്കണമെന്നാണോ ആലോചിക്കുന്നതു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഇപ്പോൾ പറഞ്ഞതു് വളരെ വ്യക്തമാണെന്നാണു് എനിക്കു തോന്നുന്നതു്. ഞാൻ പറഞ്ഞതു് ഈ മാതിരി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ അതിൽ ചെറിയ തരം മുതലാളിമാരേയും പ്രൊവൈഡ് ചെയ്യാൻ സാധിക്കുമെന്നാണു്. അവരുടെ ജോലിക്കാരേയും ഈ സഹകരണസംഘത്തിലേക്കു് ചേർക്കാവുന്നതാണു്. ചില വലിയ മുതലാളിമാർക്കു് അമ്പതും എഴുന്നൂറും സ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

ഡിൽസുണ്ടായിരിക്കും. ചിലർക്ക് അൻപതോ അറുപതോ സ്റ്റീൻഡിൽസുമാത്രമേ കാണുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ ഇടത്തരക്കാരായ മുതലാളിമാരുടെ കാര്യം ഇതിൽ പ്രത്യേകം പ്രസ്താവിച്ചതു്. അതേപ്പറ്റി അന്വേഷിച്ചതിൽ പ്രധാനപ്പെട്ട എല്ലാ വൻകിട മുതലാളിമാരും ഇതിൽ ചേരാൻ തയാറാണെന്നാണ് എന്നോടു പറഞ്ഞതു്.

അവർ കേവലം മിതമായ ഒരു ലാഭം മാത്രമേ കിട്ടണമെന്നു് ആഗ്രഹിക്കുന്നുള്ളൂ എന്നും ആ വ്യവസ്ഥയിൽ തൊണ്ടു കോവാപ്പറേറ്റീവ് സൊസൈറ്റിക്കു കൊടുക്കാൻ തയ്യാറാണെന്നുമാണ് അവർ എന്നോടു പറഞ്ഞതു്. ഇങ്ങനെ അവർ ആഴക്കുന്ന തൊണ്ടു് ഈ സൊസൈറ്റിക്കു് സപ്ലൈ ചെയ്യുന്ന വ്യവസ്ഥകൂടി ബൈലാസിൽ ഉൾപ്പെടുത്തി മുമ്പോട്ടു പോവുകയാണെങ്കിൽ കഴിയുന്നതും വേഗത്തിൽ ഈ കയർപിരിപ്രസ്ഥാനം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല. അല്ലാത്തപക്ഷം ഈ പ്രസ്ഥാനം വിജയിക്കണമെങ്കിൽ രണ്ടു സംഗതി ആവശ്യമാണു്. ഒന്നാമതു അതിന്റെ പ്രവർത്തനിനു് ആവശ്യമായ ഫണ്ടുവേണം. അഴക്കത്തൊണ്ടു് എളുപ്പം കിട്ടുകയില്ല. ഏഴെട്ടുമാസംകൊണ്ടേ തൊണ്ടു് അഴുകിവരികയുള്ളൂ. അത്രയുംകാലം നാം കാത്തിരിക്കേണ്ടിവരും. അല്ലെങ്കിൽ ഒരു തൊണ്ടഴുക്കിലിട്ടിരിക്കുന്ന ഇന്നത്തെ മുതലാളിമാരോടു് ആവശ്യപ്പെടേണ്ടിവരും. അവർ പറയുന്നവിലയ്ക്കു ഈ സൊസൈറ്റിക്കാർ അവരിൽനിന്നും തൊണ്ടെടുക്കേണ്ടിവരും. ഇന്നത്തെ നിലക്കു് ഏറ്റവും പ്രായോഗികമായ ഒരു പോംവഴി, തൊണ്ടഴുക്കിലിട്ടിരിക്കുന്ന ഈ മുതലാളിമാരെക്കൂടി ഉൾപ്പെടുത്തി, അവരുടെ മുതലും മിതമായ ലാഭവും ചെറിയ ഒരു പലിശയും കൂടി ചേർന്നവരുന്ന വിലക്കു് തൊണ്ടു കൊടുത്തുകൊള്ളാമെന്നു് സമ്മതിപ്പിച്ചു സൊസൈറ്റികൾ രൂപീകരിക്കുക എന്നുള്ളതാണു്.

ശ്രീ. ഇ. കെ. മാധവൻ : ഈ മുതലാളിമാരെക്കൂടി സൊസൈറ്റിയിൽ ചേർക്കുന്നപക്ഷം അവർ തൊഴിലാളികൾക്കു് ഉപദ്രവമൊന്നും ചെയ്യുകയില്ലെന്നു് എങ്ങിനെ വിശ്വസിക്കാം.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : സൊസൈറ്റിക്കകത്തു നിന്നുകൊണ്ടു പ്രവർത്തിക്കുന്നപക്ഷം അവർക്കു് ഉപദ്രവമൊന്നും ഉണ്ടാക്കാൻ കഴുകയില്ല. നേരെമറിച്ചു് അതിൽ ചേരാതിരുന്നാൽ അവർക്കു കൂടുതൽ വിഷമങ്ങൾ ഉണ്ടാക്കാൻ കഴിയും.

ഈ പദ്ധതി നടപ്പിലാക്കാൻ സാധ്യമാകാതെവരുന്നപക്ഷം കമ്പൽസറി സഹകരണ അടിസ്ഥാനത്തിൽ മാത്രമേ ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ കഴുകയുള്ളൂ. വേണ്ടിവന്നാൽ അതിലേക്കു് ആവശ്യമായ നിയമം ഉണ്ടാക്കണം. അതിലേക്കു് ഈ സഭയിൽ തന്നെ വന്നു് ആവശ്യപ്പെടുന്നതിനും ഗവണ്മെന്റു മടിക്കുകയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള : കമ്പൽസറി സഹകരണ അടിസ്ഥാനത്തിൽകൂടിയല്ലാതെ ഈ വ്യവസായത്തെ ഉദ്ധരിക്കാൻ സാധ്യമല്ലെന്നു ഗവണ്മെന്റു മനസ്സിലാക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ആ നിലയിൽ ഒരു പദ്ധതി പെട്ടെന്നു നടപ്പിൽ വരുത്തുന്നതു് എത്രമാത്രം പ്രായോഗികമായിരിക്കുമെന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. പി. കെ. രാമൻ : തൊണ്ടു വിൽക്കുന്ന ആളുകൾ വലിയ ലാഭം എടുത്തുകൊണ്ടു് വിൽക്കുകയാണെങ്കിൽ അഴക്കത്തൊണ്ടു് കമാൻറിയർ ചെയ്യുന്നതിനെപ്പറ്റി ബഹു. മന്ത്രിയുടെ അഭിപ്രായം എന്താണു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : പച്ചത്തൊണ്ടു വാങ്ങിച്ചു് അഴുക്കിയാൽ ഏഴെട്ടുമാസം കഴിഞ്ഞാണല്ലോ അഴുക്കത്തൊണ്ടായി വിൽക്കുന്നതു്. അന്നുള്ളവിലക്കു് സാധാരണ വിലയുന നടക്കുന്നുണ്ടു്. കമാൻറിയർ ചെയ്താൽ ഈ വ്യവസായത്തെ അതു് എങ്ങിനെ ബാധിക്കുമെന്നുകൂടി നോക്കേണ്ടതാണു്.

ശ്രീ. ഇ. കെ. മാധവൻ. അതായുകാലത്തുള്ള വിലക്കു് അഴുക്കത്തൊണ്ടു് കമാൻറിയർ ചെയ്യാതെതന്നെ കൊടുപ്പിക്കുവാൻ ഗവണ്മെൻറിനു കഴിയുകയില്ലയോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അപ്പോൾ വില നിയന്ത്രിക്കണം ഇതിനു് ഒരു മാർഗവുമുണ്ടു്. ഇപ്പോൾ കയറിനു് വിലകിട്ടുന്ന കാലമാണു്. തൊണ്ടിനും അതിനനുസരണമായ വില കൂടുതൽ ഉണ്ടു്. കുറച്ചുകഴിയുമ്പോൾ കയറിനു് വില കുറഞ്ഞുപോയാലോ?

LIBRARY ARCHIVES Kerala Legislative Assembly

[The Hon'ble Sri. N. Kunjuraman]

ഒ ഠ രൂപക്ക് വാങ്ങി വെള്ളത്തിൽ താഴ്ത്തിയ തൊണ്ടിന്റെ വില ന ഠ രൂപയായി കുറഞ്ഞുപോയാലോ? ആ നഷ്ടത്തിനുകൂടി ആരു ഉത്തരവാദം വഹിക്കും.

ചുരുക്കിപ്പറഞ്ഞാൽ, സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക, വെയർഹൗസ്സുകൾ മുഖേനമാത്രമേ കയറുൽപന്നങ്ങൾ വിൽപ്പനയും നടത്താൻ സാദ്ധ്യതയുള്ളൂ എന്ന വ്യവസ്ഥയുണ്ടാക്കുക, ഇത്രയും ചെയ്താൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും രക്ഷകിട്ടുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. മാന്യമായ കൂലികിട്ടും. തൊഴിലാളികൾക്കും ചെറുതരം വ്യവസായികൾക്കും മറ്റും ന്യായം കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതുമായിരിക്കും. ഈ പദ്ധതി എല്ലാവരും സഹകരിച്ചാൽ മെച്ചമുണ്ടാകുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് കടന്നു അന്തിമതീരുമാനങ്ങളൊന്നും ചെയ്യുകഴിഞ്ഞിട്ടില്ല. ഒരു പദ്ധതി ആസൂത്രണംചെയ്തുവരുന്നുണ്ട്. ആ പദ്ധതിയുടെ ഒരു സ്ഥൂലരൂപം മാത്രമേ ഞാൻ ഇവിടെ പറഞ്ഞുള്ളൂ. എതായാലും ഇക്കാര്യത്തെപ്പറ്റി ഗവണ്മെന്റ് ഗാഢമായി ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സഭയ്ക്ക് ഇതിൽ വലിയ താല്പര്യമുണ്ടെന്നും അറിയാം. ഈ പ്രമേയത്തിന്റെ തത്വം ഗവണ്മെന്റ് സ്വീകരിക്കുന്നു.

ശ്രീ. പി. നാണു: കയർ എടുത്തു വെയർഹൗസിൽ ഏല്പിച്ചാൽ അവർക്ക് അഡ്വാൻസുചെയ്യുന്നതിനു് ആരു പണം കൊടുക്കും?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: വെയർഹൗസ്സ് ആക്ട് ഒന്നു പരിഷ്കരിച്ചാൽ ഇന്നു വെയർഹൗസ്സ് വച്ചുകൊണ്ടിരിക്കുന്ന ആളുകൾതന്നെ കയറിനു് അഡ്വാൻസുകൊടുക്കുവാൻ തയ്യാറാകുമെന്നാണ് ഞാൻ മനസിലാക്കുന്നതു്. ഏതാനും മാസങ്ങൾക്കു മുമ്പ് സെൻട്രൽ ബാങ്ക് ആക്ട് ഇൻഡ്യാ ഈ ആക്ട് പരിഷ്കരിക്കുന്നപക്ഷം വെയർഹൗസ്സുകൾക്കു് പണം അഡ്വാൻസു ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. അടുത്തകാലത്തു ഫിസ്കൽ കമ്മീഷൻ വന്നിരുന്നപ്പോൾ ഇതു സംബന്ധിച്ചു് ചിലകാര്യങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും ഇക്കാര്യത്തിൽ അവർ വേണ്ടതു ചെയ്യാമെന്നു സമ്മതിക്കയും ചെയ്തിട്ടുണ്ട്. ഏറ്റവും പ്രോൽസാഹജനകമായ സഹായങ്ങൾ അവർ വാഗ്ദത്തം ചെയ്തിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇപ്പോൾചെയ്ത പ്രസ്താവനയുടെ വെളിച്ചത്തിൽ ഒരു സ്കീം തയ്യാറാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവണ്മെന്റ് ഒരു പദ്ധതി ആസൂത്രണം ചെയ്യുവരുന്നു. ഒന്നാമതു നിലവിലിരിക്കുന്ന വെയർഹൗസ്സ് ആക്ട് അമെൻറ് ചെയ്യണമെന്നും, രണ്ടാമതായി, കോവാപ്പറേറീവ് സൊസൈറ്റികളുടെ അടിസ്ഥാനത്തിൽ കയർവ്യവസായ തൊഴിലാളികളേയും അതിൽ ഏർപ്പെട്ടിരിക്കുന്ന ഇടത്തരം ആളുകളേയും സംഘടിപ്പിക്കണമെന്നും—ഇങ്ങനെ രണ്ടുകാര്യങ്ങൾ ചെയ്യണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ടെയിഡ് ബോർഡിനെപ്പറ്റി ബഹു. മന്ത്രി യാതൊന്നും പറഞ്ഞില്ലല്ലോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ടയിഡ്ബോർഡ് എന്നു പറയുന്നതു് വളരെ Comprehensive ആണ്. കാഷിബോർഡ്, റിബോർഡ്, എന്നിങ്ങനെ ടയിഡ്ബോർഡുകൾ ഉണ്ട്. അത്ര വ്യാപകമായ തോതിൽ ഈ വ്യവസായത്തെ കൊണ്ടുപോകത്തക്ക ഒരു പദ്ധതിയെപ്പറ്റി ഇപ്പോൾ ഗവണ്മെന്റ് ആലോചിക്കുന്നില്ല. ഒരു ടെയിഡ്ബോർഡ് ഏർപ്പെടുത്തുന്നപക്ഷം ആ ബോർഡു് ഈ വ്യവസായത്തിന്റെ എല്ലാ കാര്യങ്ങളെപ്പറ്റിയും സമഗ്രമായി അന്വേഷിക്കണം. ആ കാര്യവും ഗവണ്മെന്റിന്റെ ആലോചയിലിരിക്കുകയാണ്.

Sri. N. D. Jose: Have the Government any objection to advancing loan to sponsored Co-operative Societies?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഒരു വല്ലാത്ത ചോദ്യമാണ്. ഗവണ്മെന്റ് ഇപ്പോൾ നടപ്പിലാക്കാൻ ആലോചിച്ചുവരുന്ന പദ്ധതി ഗവണ്മെന്റിന്റെ ധനസ്ഥിതിയെകൂടി പരിഗണിച്ചുകൊണ്ടായിരിക്കും. ഗവണ്മെന്റിന്റെ ഇന്നത്തെ ധനസ്ഥിതിയെപ്പറ്റി ഈ ഘട്ടത്തിൽ എന്തെങ്കിലും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. പത്തുനൂറു കൊല്ലമായി ഗവണ്മെന്റിന്റെ യാതൊരു സഹായവും കൂടാതെ നടന്നുപോന്നിരുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം, ഇനി ഗവണ്മെൻറ ധനസഹായം ചെയ്യാതെ നടക്കുകയുള്ളു എന്ന പറയുന്നതിൽ എന്തുപരമാർത്ഥമുണ്ടെന്നുകൂടി ആലോചിക്കേണ്ടതാണു്. ഇങ്ങനെയെല്ലാമാണെങ്കിലും സഹകരണ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനം മുന്നോട്ടു പോകുകയാണെന്നു കാണുന്നപക്ഷം ഗവണ്മെൻറിൽനിന്നും വേണ്ടത്ര ധനസഹായം ഉണ്ടാവുകയും ചെയ്യും.

ശ്രീ. എം. ഐ. പോൾ : എത്രകാലത്തിനകം ഈ പദ്ധതി നടപ്പിൽ വരുത്താമെന്നാണു് മന്ത്രി പ്രതീക്ഷിക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അധികം കാലതാമസം ഉണ്ടാവുകയില്ല. ഈ പദ്ധതിയുടെ വിശദാംശത്തിലേക്കു് ഗവണ്മെൻറ് ഇതേവരെ പ്രവേശിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. ഐ. പോൾ : ഈ സ്കീം തയ്യാറായതിനു ശേഷം അതു നടപ്പിൽ വരുന്നതിനുമുമ്പു് ഇപ്പോഴത്തെ മന്ത്രി ആ സ്ഥാനത്തുനിന്നും മാറുന്നപക്ഷം പിന്നെവരുന്ന മന്ത്രി ഈ പദ്ധതി നടപ്പിൽ വരുത്തുമെന്നു് ഉറപ്പു് പറയാമോ?

Mr. Deputy Speaker: It is only an hypothetical question and cannot be allowed.

ശ്രീ. യു. കെ. വാസുദേവനാശാരി : മിഡിൽമെൻ ഉണ്ടെല്ലോ. അവരെക്കൂടി ഈ കോവാപ്പറേറീവ് സൊസൈറ്റിയിൽ ഉൾപ്പെടുത്തരുതോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതു ആവശ്യമാണെന്നു തോന്നുന്നില്ല. വേണമെന്നുണ്ടെങ്കിൽ അതിനും വ്യവസ്ഥ ചെയ്യാവുന്നതാണു്.

ഈ ഘട്ടത്തിൽ ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മിഡിൽമെന്നിനെ എലിമെനേറ്റുചെയ്യുവാനാണു് ഇപ്പോൾ ആലോചിക്കുന്നതു്. അതു നടപ്പിൽവരുന്നപക്ഷം ഇതിലേക്കു് ഒരു സെസ്സു് ഏർപ്പെടുത്തുവാനും വിചാരിക്കുന്നു. അതിലാക്കും വിഷമം ഉണ്ടാകുകയില്ലെന്നു വിചാരിക്കുന്നു. മിഡിൽമെൻ ഇല്ലാതെവരുന്നപക്ഷം ഫാ ൦, ഫാ ൫ രൂപ ലാഭം ഉണ്ടാകും. അതിൽനിന്നും നാലോ അഞ്ചോ രൂപ സെസ്സു് കൊടുക്കുന്നതിൽ ആർക്കും വിരോധം ഉണ്ടാവുകയില്ല. ഈ മിഡിൽമെന്നിനെ പലവിധത്തിൽ ഉപയോഗപ്പെടുത്താൻകൂടി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടു്.

ശ്രീ. പി. നാണു : സെയിൽസ് ടാക്സിൽനിന്നും കയറുവ്യവസായത്തെ ഒഴിവാക്കുന്ന കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനു വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ അതിന്റെ എക്സ്പോർട്ട് ഡ്യൂട്ടി എടുത്തുകളഞ്ഞു. അങ്ങിനെ ഗവണ്മെൻറിനു വലിയ ഒരു വരവു നഷ്ടപ്പെട്ടിരിക്കുകയാണു്. ഇപ്പോൾ രണ്ടുസ്ഥാനത്തുനിന്നും സെയിൽസ് ടാക്സ് ഈടാക്കിവരുന്നതു മാറ്റി ഒരു സ്ഥാനത്തുനിന്നു മാത്രം സെയിൽസ് ടാക്സ് ഈടാക്കുന്നതിനെപ്പറ്റി ആലോചിച്ചുവരികയാണു്. അല്ലാതെ സെയിൽസ് ടാക്സിൽനിന്നും ഈ വ്യവസായത്തെ നിശ്ശേഷം ഒഴിവാക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ല.

ശ്രീ. എ. പി. ഉദയഭാനു : മുമ്പു മന്ത്രി അവർകൾ വിരോവനം ചെയ്ത കുറഞ്ഞകൂലി മുക്കാൽരൂപ എന്നു പറഞ്ഞല്ലോ. അതിൽ കുറയാത്തകൂലി കിട്ടണമെന്ന ഉദ്ദേശത്തോടുകൂടിയാണോ പദ്ധതി തയ്യാറാക്കുന്നതു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : എന്നാണു് ഗവണ്മെൻറിന്റെ ആഗ്രഹം. അതേപ്പറ്റി ഖണ്ഡിതമായി പറയാൻ ഇപ്പോൾ നിവർത്തിയില്ല. പദ്ധതിയുടെ വിശദാംശത്തിൽ കടന്നതിനുശേഷമേ അക്കാര്യം തീർച്ചപ്പെടുത്താവൂ.

ശ്രീ. ഇ. കെ. മാധവൻ : സെസ്സ് ഈടാക്കണമെന്നു പറഞ്ഞല്ലോ? എന്തിൽ നിന്നാണു് സെസ്സു് ഈടാക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : കയറിൽനിന്നും.

ശ്രീ. അബ്ദുൽ മജീദ് : സർ, ഗവണ്മെൻറ് ഭാഗത്തുനിന്നും എന്റെ പ്രമേയത്തിലെ തത്വം സ്വീകരിച്ചിരിക്കുന്നതുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

The resolution was, by leave, withdrawn

Resolution regarding merging of Anjengo, Thangasseri and Fort Cochin in the United State

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ : ഞാൻ സഭ മുമ്പാകെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയം ഇതാണു്.

LIBRARY ARCHIVES Kerala Legislative Assembly